Reg· No· C· 101·   M:2293

വരിസംഖ്യ
സത്യദീപം
പ്രതിവർഷം അഞ്ചൽ 6-0-0
പ്രതിവർഷം തപാൽ 6-8-0
ഒററപ്രതി 0-2-0

വരിസംഖ്യ
മലബാർ മെയിൽ
പ്രതിമാസം അഞ്ചൽ 1- 8-0
പ്രതിമാസം തപാൽ 1-12-0
ഒററപ്രതി 0- 1-0

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1124 ഇടവം 26 | ലക്കം 40

# ഫാത്തിമാസന്ദേശം

## കൊല്ലം മെത്രാൻ തിരുമനസ്സിലെ ഇടയലേഖനം

[കൊല്ലം മെത്രാൻ റൈററ് റവ. ഡോക്ടർ ജറോം ഫെർനാൻഡസ് തിരുമനസ്സുകൊണ്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരിടയലേഖനത്തിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.]

നാശത്തിൻെറ വക്കിൽ സൈ്വരനിദ്രചെയ്യുന്ന മനുഷ്യരെ, പ്രത്യേകിച്ചു ക്രിസ്ത്യാനികളെ, വിളിച്ചുണർത്തി അത്യാസന്നമായിരിക്കുന്ന ആപത്തിനെക്കുറിച്ചു മുന്നറിവു നൽകുന്നതിനും അതിൽനിന്നും രക്ഷ നേടുന്നതിനുള്ള മാർഗ്ഗങ്ങളെ നിർദ്ദേശിക്കുന്നതിനുമായിട്ടാണു നമ്മുടെ സ്വർഗ്ഗീയമാതാവായ പരിശുദ്ധമറിയം ഈയിടെ (1917-ൽ) ഫാത്തിമായിൽ പ്രത്യക്ഷപ്പെടുകയുണ്ടായതു്. പരിശുദ്ധ കന്യകയെ ആറുപ്രാവശ്യം കണ്ടു് ആനന്ദനിർവൃതി അടയുന്നതിനു് അനുഗ്രഹം സിദ്ധിച്ച ലൂസി, ജസീന്താ, ഫ്രാൻസീസ് എന്നീ കുട്ടികൾ നിങ്ങൾക്കു സുപരിചിതരായിരിക്കുമല്ലോ. ഇല്ലെങ്കിൽ അവരെ പരിചയപ്പെടുന്നതിനും അവർ വഴിയായി പരിശുദ്ധ മറിയം ലോകത്തിനു നൽകിയ ആ മഹാസന്ദേശം എന്തെന്നു ഗ്രഹിക്കുന്നതിനും ഇനിയെങ്കിലും താമസം വരുത്താതിരിക്കുന്നതു നന്നായിരിക്കും. ദൈവമാതാവു് ആറു പ്രാവശ്യം പ്രത്യക്ഷയായതിൽനിന്നും ആസന്നമായിരിക്കുന്ന ആപത്തിൻെറ അസാധാരണഗൗരവം വ്യക്തമാകുന്നുണ്ടു്. തൻെറ സന്ദേശത്തെ യാതൊരു സന്ദേഹവും കൂടാതെ സർവ്വരും വിശ്വസിക്കുന്നതിനുവേണ്ടിയാണു് ആറാമത്തെ സന്ദർശനാവസരത്തിൽ പരിശുദ്ധ മറിയം അത്ഭുതപൂർവ്വമായ ഒരത്ഭുതം പ്രവർത്തിച്ചതു്. എഴുപതിനായിരത്തിൽപ്പരം വരുന്ന ജനാവലിയാണു് ആ അത്ഭുതം ദർശിച്ചതു്. എന്തായിരുന്നു ആ അത്ഭുതം? മദ്ധ്യാഹ്നസൂര്യൻ പല നിറത്തിലുള്ള രശ്മികളെ ചുററും ചൊരിഞ്ഞുകൊണ്ടു് ഒരു പമ്പരംപോലെ പന്ത്രണ്ടു മിനിട്ടുനേരം അതിവേഗത്തിൽ വാനിൽ ചുററിക്കറങ്ങുകയും അതിനുശേഷം,ഈ സംഭവം അത്ഭുതസ്തബ്ധരായി ഉററുനോക്കിക്കൊണ്ടുനിന്ന ജനക്കൂട്ടത്തിൻെറ നേരെ, കീഴ്പോട്ടു പായുകയും ചെയ്തു. ലോകം അവസാനിക്കുവാൻപോകുന്നു എന്നു കരുതി ജനങ്ങൾ ഭയാക്രാന്തരായി നിലവിളിക്കുകയും സാഷ്ടാംഗം നിലത്തുവീണു് തങ്ങളുടെ പാപങ്ങൾക്കു മാപ്പിരക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു; അപ്പോൾ സൂര്യബിംബം മേല്പോട്ടുയർന്നു് പൂർവ്വസ്ഥാനം പ്രാപിക്കുകയും, കറക്കം നിലച്ചു് നിശ്ചലമായി നിലകൊള്ളുകയുമാണുണ്ടായതു്.

ഇപ്രകാരം ഒരു മഹാത്ഭുതത്താൽ, ദൈവത്തിൻെറ സാക്ഷിമുദ്രയാൽ, സ്ഥിരീകൃതമായിരിക്കുന്ന ആ സന്ദേശത്തിലേക്കു നിങ്ങളുടെ സശ്രദ്ധയെ ക്ഷണിക്കുന്നതിനാണു് നാം ഈ ലേഖനം എഴുതുന്നതു്. ഫാത്തിമായിലെ സന്ദേശത്തിൻെറ വെളിച്ചത്തിൽ ഇന്നത്തെ സംഭവവികാസങ്ങളെ നാം വീക്ഷിക്കുമ്പോൾ നമ്മുടെ അമ്മയുടെ പ്രവചനങ്ങൾ അക്ഷരംപ്രതി നിറവേറുന്നതായിട്ടാണു കാണുന്നതു്. ഇനിയെങ്കിലും നാം ആ സന്ദേശം അതർഹിക്കുന്ന



ലോകപര്യടനം നടത്തിവരുന്ന

**ഫാത്തിമാമാതാവിൻെറ പ്രതിമ**

ഗൗരവത്തോടുകൂടി സ്വീകരിക്കുകയും ദിവ്യജനനിയുടെ ആഗ്രഹത്തെ നിറവേററുകയും ചെയ്തില്ലെങ്കിൽ സംഭവിക്കുമെന്നു് അസന്നിഗ്ദ്ധമായ ഭാഷയിൽ പരിശുദ്ധ മറിയം ദീർഘദർശനം ചെയ്തിരിക്കുന്ന നാശത്തിൽനിന്നും നമുക്കു രക്ഷപെടുവാൻ സാധിക്കുന്നതല്ല. അതിനാൽ നാം ഫാത്തിമാസന്ദേശത്തെ പ്രയോഗത്തിൽ വരുത്തുന്നതിനു് ഇനിയും ഒട്ടും താമസിക്കരുതു്.

ഫാത്തിമാസന്ദേശത്തിൻെറ രത്നച്ചുരുക്കം ഇതാണു്. ലോകത്തിൽ പാപം ക്രമാതീതമായി വർദ്ധിച്ചിരിക്കുമൂലം ദൈവത്തിൻെറ കോപം നിസ്സീമമായിത്തീർന്നിട്ടുണ്ടു്. ഉടനടി, അവമാനിതനായ ദൈവത്തെ പ്രാർത്ഥനയാലും, പരിഹാരകർമ്മങ്ങളാലും, ത്യാഗപ്രവൃത്തികളാലും സാന്ത്വനപ്പെടുത്തിയില്ലെങ്കിൽ അതിഭയങ്കരമായ ശിക്ഷയുണ്ടാകുവാൻ പോകുന്നു. അനുതപിക്കാത്ത പാപികൾ നാശം! ഭക്തിപൂർവ്വം ദിനംപ്രതി കൊന്ത ജപിക്കണമെന്നും പ. മറിയത്തിൻെറ വിമലഹൃദയത്തോടുള്ള ഭക്തിക്കു സാർവ്വത്രികമായ പ്രചാരം സിദ്ധിക്കണമെന്നുംകൂടി ഈ സന്ദേശം നിഷ്കർഷിക്കുന്നുണ്ടു്.

മുകളിൽ പറഞ്ഞ തൻെറ അഭിലാഷത്തെപ്പററി പ. മറിയത്തിൻെറ സ്വന്തം വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം: "എൻെറ ആഗ്രഹം നിറവേററുമെങ്കിൽ റഷ്യാ മാനസാന്തരപ്പെടുകയും സമാധാനം സംസ്ഥാപിതമാകുകയും ചെയ്യും. ഇല്ലെങ്കിൽ റഷ്യാ അവളുടെ അബദ്ധസിദ്ധാന്തങ്ങളെ ലോകമെങ്ങും പ്രചരിപ്പിക്കുകയും യുദ്ധവും മതപീഡനവും ഇളക്കിവിടുകയും ചെയ്യും. നീതിമാന്മാർ അവരുടെ വിശ്വാസത്തിനുവേണ്ടി വധിക്കപ്പെടുകയും, പരിശുദ്ധപിതാവു വളരെ യാതനകൾ സഹിക്കേണ്ടിവരികയും പല രാജ്യങ്ങൾ നാമാവശേഷമാക്കപ്പെടുകയും ചെയ്യും."

പരിശുദ്ധ മറിയത്തിൻെറ ആഗ്രഹവും അഭ്യർത്ഥനയും റഷ്യായെ തൻെറ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കണമെന്നും ഈ ഹൃദയത്തോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായി മാസാദ്യശനിയാഴ്ചകളിൽ വി. കുർബാന ഉൾക്കൊള്ളണമെന്നുമാണു്. നമ്മുടെ അമ്മയുടെ ആഗ്രഹപ്രകാരം പരിശുദ്ധപിതാവു് (Pius XII) 1942 ഒക്ടോബർ 31-ാംനു റഷ്യായെപ്രത്യേകിച്ചും ലോകത്തെമുഴുവൻപൊതുവായും വിമലഹൃദയത്തിനു പ്രതിഷ്ഠിക്കയുണ്ടായെങ്കിലും ലോകം ഇനിയും വേണ്ടത്ര പ്രാർത്ഥിക്കയോ തങ്ങളുടെ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു മാപ്പിരക്കയോ പരിത്യാഗപ്രവൃത്തികളാൽ പരിഹാരം ചെയ്യുകയോ ഉണ്ടായിട്ടില്ല. അതുകൊണ്ടാണു് ലോകം ഇപ്പോഴും അസമാധാനത്തിൻെറയും പരസ്പരവിദ്വേഷത്തിൻെറയും കേളീരംഗമായി കാണപ്പെടുന്നതു്; അതുകൊണ്ടാണു് റഷ്യാ അവളുടെ പൈശാചികപ്രവർത്തനങ്ങളെ വിശ്വവിസ്തൃതമായ തോതിൽ വികസിപ്പിക്കയും പല യൂറോപ്യൻ രാജ്യങ്ങളും അവളുടെ നുകത്തിൻകീഴിൽ അമർന്നുപോകയും ചെയ്തിരിക്കുന്നതു്. അതേ, റഷ്യാ അവളുടെ അബദ്ധസിദ്ധാന്തങ്ങളെ പ്രചുരമായി പ്രചരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇന്നു കമ്മ്യൂണിസ്റ്റു് സംഘടന പ്രവർത്തനം നടത്താത്ത ഒരു രാജ്യംപോലുമില്ല. മാത്രമോ, റഷ്യാ സ്വൈരജീവിതത്തെ അസാദ്ധ്യമാക്കിച്ചെയ്യുമാറു അടിക്കടി യുദ്ധഭീഷണികളെ മുഴക്കിക്കൊണ്ടിരിക്കുന്നു; അതിദാരുണമായ മതമർദ്ദനം സമാരംഭിക്കയും ചെയ്തിട്ടുണ്ടു്......

ഇത്തരുണത്തിൽ തിരുസഭാമാതാവിൻെറ അരുമസന്താനങ്ങൾ കൈയുംകെട്ടിനിന്നുകൊണ്ടു് ഈ യുദ്ധം കാണുകയല്ല വേണ്ടതു് എന്നു ഉദ്ബോധിപ്പിക്കുവാനാണു പരിശുദ്ധ മറിയം സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്നിട്ടുള്ളതു്. പരിഹാരത്തിൻെറ കവചം ധരിച്ചുകൊണ്ടും പ്രാർത്ഥന, പരിത്യാഗം എന്നീ ആയുധങ്ങൾ വഹിച്ചുകൊണ്ടും സമരത്തിനായി ഇറങ്ങുവിൻ, എന്നൊരാഹ്വാനമാണു് ഫാത്തിമായിൽവച്ചു പ. മറിയം നൽകിയിട്ടുള്ളതു്. നാം പ. മറിയത്തിൻെറ നേതൃത്വത്തിൽ യുദ്ധത്തിനായി അണിനിരക്കുമെങ്കിൽ, നമ്മുടെ നായികയുടെ നിർദ്ദേശമനുസരിച്ചു പ്രാർത്ഥനയുടെയും പരിത്യാഗത്തിൻെറയും ഒരു സജീവസമരം സമാരംഭിക്കുമെങ്കിൽ, നിരീശ്വരത്വം പമ്പകടക്കും; റഷ്യാ തോൽവി സമ്മതിച്ചു മാനസാന്തരപ്പെടും; ലോകത്തിനു സമാധാനസമ്മോഹനമായ ഒരു നവയുഗം കൈവരികയും ചെയ്യും. ഇതു നമ്മുടെ സ്വർഗ്ഗീയനായികയുടെ വാഗ്ദാനമാണു്. ഈ വിജയത്തിൻെറ മഹിമയിൽ പങ്കാളികളാകു

(ശേഷം 12-ാം പേജിൽ)

വിമർശനവീഥി

# കമ്മ്യൂണിസ്റ്റ് സന്മാർഗ്ഗം പ്രയോഗത്തിൽ പാതകം

കമ്മ്യൂണിസത്തിന്റെ സന്മാർഗ്ഗം കാര്യം കാണാൻ എന്തും ചെയ്യാം (ലക്ഷ്യം മാർഗ്ഗങ്ങളെ നീതീകരിക്കുന്നു) എന്ന പ്രമാണമാണെന്നും, ആ പ്രമാണം യഥാർത്ഥത്തിൽ ദുർമാർഗ്ഗമാണെന്നും അനിഷേധ്യങ്ങളായ ആധാരങ്ങളുദ്ധരിച്ചു ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം സമർത്ഥിച്ചിരുന്നല്ലോ. ഈ സംഗതി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എന്നും എവിടെയുമുള്ള നടപടികളിൽനിന്നു വ്യക്തമാകുന്നുണ്ട്. തൽക്കാലം ഇൻഡ്യയിലെ അവരുടെ നടപടികൾ നമുക്കു പരിശോധിക്കാം.

### ഹൈദ്രാബാദിലെ കമ്മ്യൂണിസ്റ്റ് പാതകങ്ങൾ

ഹൈദ്രാബാദിൽ കമ്മ്യൂണിസ്റ്റുകാരുടെ ശല്യങ്ങൾ ഒന്നുരണ്ടു കൊല്ലങ്ങളായി വളരെ ശക്തിപ്പെട്ടിരുന്നുവെന്നു പത്രറിപ്പോർട്ടുകൾ സാക്ഷ്യം വഹിച്ചിട്ടുള്ളതാണല്ലോ. ഹൈദ്രാബാദ് സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ് സ്വാമി രാമനാഥ്തീർത്ഥ് കഴിഞ്ഞ നവമ്പറിൽ കമ്മ്യൂണിസ്റ്റുകാരുടെ ശല്യം ഏറ്റവുമധികമുണ്ടായിരുന്ന നാൾഗൊണ്ടാ ഡിസ്ട്രിക്റ്റിൽ രണ്ടുദിവസം മുഴുവൻ സഞ്ചരിച്ചു മടങ്ങിയശേഷം തനിക്കനുഭവപ്പെട്ട വിവരങ്ങൾ പത്രലേഖകന്മാർക്കു നല്കിയതിങ്ങനെയാണ്:

"നാൾഗൊണ്ടാ ഡിസ്ട്രിക്റ്റിലെ സകല പ്രധാന കേന്ദ്രങ്ങളും ഞാൻ സന്ദർശിച്ചു. എന്റെ സഞ്ചാരോദ്ദേശ്യം അവിടത്തെ സ്ഥിതിഗതികൾ, പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനങ്ങൾ, പഠിക്കണമെന്നതായിരുന്നു. അനേകായിരം ഗ്രാമവാസികൾ എന്നെ വന്നു കാണുകയും, കമ്മ്യൂണിസ്റ്റുകാരിൽനിന്നു അവർക്കനുഭവപ്പെട്ട ദുഃഖദുരിതങ്ങൾ എന്നോടു പറയുകയുംചെയ്തു. ആ ഡിസ്ട്രിക്റ്റിലെ കർഷകപ്രശ്നത്തിനു പരിഹാരമുണ്ടാക്കുവാനെന്ന മറപിടിച്ചു കമ്മ്യൂണിസ്റ്റുകാർ ഭീകരപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്. ഭൂവിതരണപരിപാടിയിൽ ഏകീകൃതമായ യാതൊരു നയമോ തത്വമോ അവർക്കില്ലെന്നു, നിഷേധഭയം കൂടാതെ, എന്റെ കൈവശമുള്ള തെളിവുകളെ ആധാരമാക്കി എനിക്കു പറയുവാൻ കഴിയും. നാലേക്കർ ഭൂമി കൈവശമുള്ള ഒരു കർഷകനിൽനിന്നു അവർ അതപഹരിച്ചു; ഒരു സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകന്റെ ഉടമയിലിരുന്ന 10 ഏക്കർ കരപ്പാടത്തിന്റേയും 2 ഏക്കർ പുഞ്ചപ്പാടത്തിന്റേയും പകുതി അപഹരിച്ചു ഏതോ വേറൊരു കർഷകനു കൊടുത്തു; കോൺഗ്രസ് മനോഭാവമുള്ളവരോ കോൺഗ്രസിനോടാനുകൂല്യമുള്ളവരോ ആയ സകലരേയും ആക്രമണവിധേയരാക്കി; അവരുടെ സകല വസ്തുക്കളും കൊള്ളയിടുകയോ നശിപ്പിക്കയോ മോഷ്ടിക്കയോ ചെയ്തു. കഴിഞ്ഞ വാരത്തിൽ ഏതാനും കോൺഗ്രസ് പ്രവർത്തകന്മാർ സാക്ഷാൽ വധിക്കപ്പെട്ടു.

"ജനങ്ങളിലധികഭാഗവും വെടിയേല്ക്കുമെന്നു ഭയപ്പെട്ടു ശല്യത്തിലും സ്വാതന്ത്ര്യം നഷ്ടപ്പെട്ടും കഴിഞ്ഞുകൂടുകയാണ്. സീമാതീതങ്ങളായ ശല്യങ്ങളും ദുരിതങ്ങളും അവർ അനുഭവിക്കുന്നു. അനേകായിരം ഗ്രാമവാസികൾ എന്റെ മുമ്പിൽനിന്നു കരയുകയും അവരുടെ ദാരുണങ്ങളായ ദുരിതകഥകൾ എന്നോടു പറയുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ധനസഹായം ചെയ്യുന്നവരും ബൂർഷ്വാകളെന്നു ന്യായമായി ഇനംതിരിക്കപ്പെടാവുന്നവരുമായ ചില വലിയ ഭൂവുടമസ്ഥന്മാർക്കു യാതൊരുപദ്രവവും തട്ടാതെ അവരുടെ സകല ഭൂമികളും സ്ഥാപിതതാല്പര്യങ്ങളും കൈവശം വച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കപ്പെടുന്നു. ആകയാൽ കമ്മ്യൂണിസ്റ്റുകാരുടെ പ്രധാനോദ്ദേശ്യം കർഷകപ്രശ്നത്തിന്റെ പരിഹരണമല്ല, പ്രത്യുത രാഷ്ട്രീയമായ കാര്യസാദ്ധ്യതയാണെന്നു പറയുവാൻ എനിക്കശേഷം മടിയില്ല. ജനങ്ങളുടെ സാമ്പത്തിക ജീവിതം ഉടച്ചുകൊണ്ടു അരാജകപരമായ പരിതസ്ഥിതികൾ സൃഷ്ടിക്കുകയാണു അവരുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നു. അവർ കന്നുകാലികളെ ഒരു താലൂക്കിൽ നിന്നു മററു താലൂക്കിലേക്കു മാററുന്നു. വിളവുനശിപ്പിക്കുന്ന നയം അവർ തുടരുന്നു. അങ്ങനെ ഭക്ഷ്യദൌർലഭ്യം ഉണ്ടാക്കി ജനങ്ങളുടെയിടയിൽ അസംതൃപ്തി ഉളവാക്കണമെന്നാണു അവരുടെ ആഗ്രഹം. ജന്മികളുടെ പിടിയിൽനിന്നു മുഷിതരായ കർഷകരെ വിമോചിപ്പിക്കുവാനെന്ന ഭാവത്തിൽ ഭരണയന്ത്രം ഇളക്കിമറിക്കുവാനുള്ള മനഃപൂർവ്വശ്രമങ്ങളാണു ഇവയെല്ലാം."

### നെഹ്റു കമ്മ്യൂണിസ്റ്റ് അക്രമങ്ങളെപ്പററി

പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു കഴിഞ്ഞ മാർച്ചിൽ കേന്ദ്രഅസംബ്ളിയിൽ ചെയ്ത പ്രസംഗത്തിൽ കമ്മ്യൂണിസ്റ്റ് അക്രമങ്ങളെ വിവരിച്ചതിങ്ങനെയാണ്:

"ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കഴിഞ്ഞകൊല്ലത്തിൽ സ്വീകരിച്ച നില ഗവർമ്മെന്റിനെതിരായുള്ള ഊററശത്രുതമാത്രമല്ല, ഊററ വിപ്ലവത്തോടു സാമീപ്യമുള്ള ഒന്നുമായിരുന്നു. ഈ നയം ഇൻഡ്യയിലെ ചില പ്രദേശങ്ങളിൽ ശക്തിയായി പ്രയോഗിക്കപ്പെട്ടു. കൊലപാതകം, തീവയ്പ്, കൊള്ള, വഞ്ചനാപരമായ നശീകരണം ഇവ ഉൾപ്പെടെയുള്ള ബലപ്രയോഗത്തോടുകൂടിയാണു പ്രയോഗിക്കപ്പെട്ടതു. ഇൻഡ്യയോടു തൊട്ടുകിടക്കുന്ന രാജ്യങ്ങളിൽ നടന്നിട്ടുള്ള കമ്മ്യൂണിസ്റ്റ് വിപ്ലവങ്ങൾ ഈ സഭയ്ക്കു നല്ലവണ്ണം അറിവുള്ളതാണല്ലോ. അതേനയം പുരോഗമിപ്പിക്കുന്നതിനു വേണ്ടിയായിരിക്കണം ആളുകളെ വിപ്ലവത്തിനായി പ്രേരിപ്പിക്കുവാൻ ഇൻഡ്യയിൽ ശ്രമങ്ങൾ നടന്നിട്ടുള്ളതു. ഭാഗ്യവശാൽ അവക്കെതിരായുള്ള പൊതുജനാഭിപ്രായത്തിന്റെ ശക്തിയാലും ഗവർമ്മെന്റിൽനിന്നു സ്വീകരിച്ച നടപടികളാലും പ്രസ്തുത ശ്രമങ്ങൾ ഫലിക്കുകയുണ്ടായില്ല. എന്നുവരികിലും വളരെയധികം ദുരിതങ്ങളും നാശങ്ങളും ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ വരുത്തിവച്ചു."

### ഡംഡം ആക്രമണങ്ങൾ

കഴിഞ്ഞ മാർച്ചിൽ കൽക്കട്ടയ്ക്കു സമീപമുള്ള ഡംഡം ആയുധശാലയെ ആക്രമിച്ച വാർത്ത വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. അതിനെപ്പററി പശ്ചിമബംഗാൾ പ്രധാനമന്ത്രി ഡോക്ടർ റോയി അവിടത്തെ അസംബ്ളിയിൽ പ്രസ്താവിച്ചതു, അക്രമികൾ ഇൻഡ്യയിലെ റവലൂഷണറി കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരാണെന്നും അതു നടത്തുന്നതിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി അവരോടു സഹകരിച്ചെന്നുമാണ്. ആക്രമണത്തിനിടയിൽ അവർ 8 ആളുകളെ വധിച്ചെന്നും വളരെപ്പേർക്കു പരുക്കേല്പിച്ചെന്നും അദ്ദേഹം പ്രസ്താവിച്ചു. ചില യൂറോപ്യന്മാരെ ജീവനോടെ അക്രമികൾ തീയിലെറിഞ്ഞു ദഹിപ്പിച്ചെന്നുള്ള വസ്തുതയും വിസ്മരിക്കാവുന്നതല്ല. ഇതുപോലെ കമ്മ്യൂണിസ്റ്റുകാർ ചെയ്തിട്ടുള്ള അക്രമങ്ങളെപ്പററി ഇൻഡ്യയിലെ മററു പ്രവിശ്യാഗവർമ്മെന്റുകളും ഔദ്യോഗികമായി പ്രസ്താവിച്ചിട്ടുള്ളതാണ്.

നമ്മുടെ നാട്ടിൽ അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ കമ്മ്യൂണിസ്റ്റുകാർ നടത്തിയിട്ടുള്ള അക്രമങ്ങൾ എല്ലാവർക്കും അറിവുള്ളതാണല്ലോ. അവയെപ്പററി അന്വേഷണം നടത്തുവാൻ മെസേഴ്സ് പട്ടം താണുപിള്ള, പി. എസ്സ്. നടരാജപിള്ള മുതലായവരടങ്ങിയ സ്റ്റേററ് കോൺഗ്രസ് പാർട്ടി പുന്നപ്ര ചെന്നതും മററും അന്നത്തെ പത്രങ്ങളിൽ വിവരിച്ചിരുന്നല്ലോ. അതിലൊരു ഭാഗം ഇങ്ങനെയായിരുന്നു:

"ആക്രമണങ്ങൾക്കു വിധേയമായ എല്ലാ ഗൃഹങ്ങളും തീവയ്ക്കപ്പെട്ട വീടുകളും ചാപ്രകളും വ്യക്തികളേയും ഇവർ സന്ദർശിച്ചു. നിർബന്ധപൂർവ്വം കമ്മ്യൂണിസ്റ്റുകാരാൽ നീതരായ തൊഴിലാളികളേയും കണ്ടു. അനേകംപേർ വന്നു അവരുടെ അനുഭവകഥകൾ വിവരിച്ചു. മി. അരോജിന്റെ കുടുംബത്തിൽപ്പെട്ട 9 വീടുകൾ കൊള്ളചെയ്യപ്പെട്ടതായും അഞ്ചുപേരെ കഠിനമായി കയ്യേററംചെയ്തതായും അവർക്കു ബോദ്ധ്യപ്പെട്ടു. കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണലക്ഷ്യമായിരുന്നതും കൊള്ളചെയ്യപ്പെട്ടതും, പോലീസ് ക്യാമ്പായി ഉപയോഗിക്കപ്പെട്ടിരുന്നതും, മി. വേലായുധൻ നായർ ഉൾപ്പെടെയുള്ള പോലീസുകാരും ഏതാനും തൊഴിലാളികളും മരിക്കാനിടയായതുമായ വീട് പാർട്ടി അവസാനമായി കണ്ടു."

### ഇതാണോ യഥാർത്ഥസന്മാർഗ്ഗം?

ഈ ഉദ്ധരണികളുടെ വെളിച്ചത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കമ്മിററിയുടെ താഴെക്കാണുന്ന പ്രസ്താവം അയഥാർത്ഥമല്ലയോ? "മനുഷ്യസമുദായത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഏററവുമധികം നിസ്സ്വാർത്ഥമായി പങ്കെടുക്കാനും അതിനുവേണ്ടി സർവ്വസ്വവും ബലികഴിക്കാനും തയ്യാറാവുകയെന്നതു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മെമ്പറാകുന്നതിനു ഒഴിക്കാൻ വയ്യാത്ത ഒരുപാധിയാണ്." കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളുടെ മേലുദ്ധരിച്ച വിവരണത്തിൽ നാം കാണുന്നതെന്താണ്? മനുഷ്യസമുദായത്തിന്റെ സർവ്വതോമുഖമായ അധഃപതനത്തിനും നാശത്തിനുംവേണ്ടിയുള്ള പ്രവർത്തനങ്ങളല്ലയോ? അവയിൽ കാണുന്ന നിസ്സ്വാർത്ഥതയും ആത്മബലിയും അപഹരണക്കാരിലും കൊലപാതകികളിലും മററും കാണുന്നതരം മാത്രമല്ലയോ? ഇത്തരം നിസ്സ്വാർത്ഥതയും ആത്മബലിയും ദുർമ്മാർഗ്ഗമെന്നല്ലാതെ സന്മാർഗ്ഗമെന്നു സുബോധമുള്ളവരാരെങ്കിലും വിചാരിക്കുമോ? യഥാർത്ഥമായ സന്മാർഗ്ഗത്തിൽ ലക്ഷ്യം മാത്രമല്ല, അതു പ്രാപിക്കുവാനുപയോഗിക്കുന്ന മാർഗ്ഗങ്ങളും ഉൾപ്പെടുന്നു. ഗാന്ധിജിയും അദ്ദേഹത്തെ അനുഗമിച്ചു നെഹ്റുവും ഈ തത്വം പലപ്പോഴും പ്രഖ്യാപിച്ചിട്ടുണ്ട്. പാരീസിൽ കൂടിയ ഐക്യരാഷ്ട്ര അസംബ്ളിയോഗത്തിൽ ചെയ്ത സുപ്രസിദ്ധമായ പ്രസംഗത്തിൽ നെഹ്റു ഈ തത്വം പ്രത്യേകം ഊന്നിപ്പറയുകയുണ്ടായി. കമ്മ്യൂണിസം ഈ തത്വത്തെ സ്വീകരിക്കാത്തതുകൊണ്ടു, ലക്ഷ്യം പ്രാപിക്കുവാൻ ഏതു മാർഗ്ഗവും കൈക്കൊള്ളാവുന്നതാണെന്നു കമ്മ്യൂണിസ്റ്റുകാർ വിശ്വസിക്കുന്നതുകൊണ്ടു, ഏതു മഹാപാതകങ്ങളും പ്രവർത്തിക്കുവാൻ അവർ മടിക്കുന്നില്ല. മാർഗ്ഗങ്ങളുടെ സാന്മാർഗ്ഗികത്വം സകല പരിഷ്കൃതജാതികളും അവരുടെ രഹസ്യവും പരസ്യവുമായ ജീവിതത്തിൽ എന്നും എവിടെയും സ്വീകരിച്ചുപോന്നിട്ടുള്ളതാണ്. താത്വികമായ ആ പ്രമാണം പ്രയോഗത്തിൽ പലപ്പോഴും അനുവർത്തിക്കാത്തവർ അവരുടെയിടയിലുണ്ടെന്നു സമ്മതിക്കാം. ആ വ്യതിചലനം സന്മാർഗ്ഗദുഷ്ട്യം അപലപനീയമായി ഗണിക്കപ്പെടുന്നതല്ലാതെ അതൊരിക്കലും നീതീകരിക്കപ്പെടാറില്ല. നീതീകരിക്കപ്പെടുന്നതു ദുർമ്മാർഗ്ഗമായിട്ടേ അവർ ഗണിക്കുകയുള്ളൂ. ആ ദുർമ്മാർഗ്ഗമാണ് കമ്മ്യൂണിസ്റ്റുകാർ സന്മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നതു.

### കമ്മ്യൂണിസത്തിൽ യഥാർത്ഥനിസ്സ്വാർത്ഥതയില്ല

യഥാർത്ഥമായ നിസ്സ്വാർത്ഥതയെന്താണ്? അവനവന്റെ സുഖസൗകര്യങ്ങളും ധനമാനാദിയും ത്യജിച്ചുകൊണ്ടു അന്യന്മാർക്കു ഉപകാരംചെയ്യുന്നതാണല്ലോ നിസ്സ്വാർത്ഥത. അല്ലാതെ പരന്മാരുടെ സുഖസൗകര്യങ്ങൾ നശിപ്പിച്ചും വസ്തുവകകൾ കവർന്നെടുത്തും ഉപകാരം ചെയ്യുന്നതല്ല. ഒരുവന്റെ പ്രവൃത്തി നിസ്സ്വാർത്ഥമാകണമെങ്കിൽ അവൻ വേറൊരാൾക്കുപകാരം ചെയ്താൽ പോരാ, അതിനുവേണ്ടി മൂന്നാമതൊരാൾക്കു ഉപദ്രവം വരുത്താതിരിക്കുകയും വേണം. മററാരുടേയും അവകാശങ്ങൾക്കു യാതൊരു ഭംഗവും വരുത്താതെ, തന്റെ അവകാശങ്ങൾബലികഴിച്ചു, പരോപകാരം ചെയ്യുന്നതിലാണ് നിസ്സ്വാർത്ഥതയിരിക്കുന്നതു. "തങ്ങൾവിശ്വസിക്കുന്ന ലക്ഷ്യത്തിലെത്താൻ മരണത്തെപ്പോലും പുച്ഛിച്ച സമരരംഗത്തിൽ നിസ്സ്വാർത്ഥതയും ത്യാഗസന്നദ്ധതയും" കമ്മ്യൂണിസ്റ്റുകാർ പ്രകടിപ്പിക്കുന്നുണ്ടെന്നു കമ്മ്യൂണിസ്റ്റ് പാർട്ടിക്കമ്മിററി അഭിമാനിക്കുന്നു. എന്നാൽ അവർ വിശ്വസിക്കുന്ന ലക്ഷ്യമെന്താണ്? സ്വകാര്യഉടമക്കാരെ നശിപ്പിക്കണമെന്നുതന്നെ. അതിനവർസ്വീകരിക്കുന്ന മാർഗ്ഗങ്ങളെന്താണ്? അപഹരണവും, കൊലപാതകവും, മററു ക്രൂരകൃത്യങ്ങളും. ഈ ലക്ഷ്യപ്രാപ്തിയിലും മാർഗ്ഗങ്ങളുടെ പ്രയോഗത്തിലും സ്വന്തം സുഖസൗകര്യങ്ങളോ ധനമാനാദികളോ അവർ ബലികഴിക്കുന്നുണ്ടെങ്കിൽ ആ ബലിയപ്പണം കൊള്ളയും കൊലപാതകവും മററും നടത്തുന്നവർ അവ നിർവ്വഹിക്കുവാൻ ചെയ്യേണ്ടിവരുന്ന ആത്മബലിതന്നെയല്ലാതെ മറെറന്താണ്? ഇങ്ങനെയുള്ള നിസ്സ്വാർത്ഥതയും ആത്മബലിയും കമ്മ്യൂണിസത്തിൽ കാണുന്നുണ്ടെന്നും, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മെമ്പറാകുന്നതിനു ഒഴിക്കാൻവയ്യാത്ത ഉപാധിയാണെന്നും സമ്മതിക്കാം. ഇവദയോടു മതവിശ്വാസികളുടെ സ്വാർത്ഥതയേയും ആത്മബലിയേയും ല്ലാരതമ്യപ്പെടുത്തിനോക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കമ്മിററി ആവശ്യപ്പെടുന്നതിൽ യാതൊരു യുക്തിയുമില്ല. കാരണം, കമ്മ്യൂണിസ്റ്റുകാരുടെ പ്രസ്തുത സ്വാർത്ഥതയും ആത്മബലിയും അപലപനീയമായ ദുർമ്മാർഗ്ഗമായിട്ടാണ് മുൻവിവരിച്ച ന്യായങ്ങളാൽ മതവിശ്വാസികൾ ഗണിക്കുന്നതു. മററാർക്കും യാതൊരു ഉപദ്രവവും വരുത്താതെയുള്ള നിസ്സ്വാർത്ഥതയിലും ആത്മബലിയിലും മതം വിശ്വസിക്കുന്നു. മതവിശ്വാസികൾ ധാരാളമായിത്തന്നെ തദനുസരണം പ്രവർത്തിക്കുകയും ചെയ്യുന്നു. അതിനു വിപരീതമായി പ്രവർത്തിക്കുന്നവരും മതവിശ്വാസികളിൽ തീർച്ചയായും കാണും. എന്നാൽ അതു മതം പഠിപ്പിക്കുന്ന സന്മാർഗ്ഗത്തിനു വിപരീതമായ ദുർമ്മാർഗ്ഗമാണ്. കമ്മ്യൂണിസ്റ്റുകാരുടെ ദുർമ്മാർഗ്ഗമാകട്ടെ കമ്മ്യൂണിസം പഠിപ്പിക്കുന്ന ദുർമ്മാർഗ്ഗംതന്നെയാണ്. ഇവ രണ്ടുംതമ്മിൽ താരതമ്യം സാദ്ധ്യമാണോ?

## ആശങ്കാവഹം

ഹംഗേറിയൻ ഗവമ്മെന്റിന്റെ നിർദ്ദേശപ്രകാരം കാർഡിനൽ മിൻസെന്റിയെ സന്ദർശിച്ച ഒരു ഡോക്ടർ ഇപ്പോൾ വിയന്നായിലെത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കർദ്ദിനാളിന്റെ സ്ഥിതി ആശങ്കാവഹമാണ്. ഈ വാർത്ത മേയ് 17-ാംനു- വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്കയുണ്ടായി.


ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റ്രാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | |
|---|---|
| പലിശനിരക്കു കറൻറ | 1½ ശതമാനം |
| സേവിംഗ്സ് | 3 |
| ഷോർട്ട് നോട്ടീസ് | 3 |
| സ്ഥിരനിക്ഷേപം | |
| 6 മാസകാലാവധി. | 4 |
| 12 | 4½ |
| 24 | 5 |

ഇതിനുംപുറമെ ആവശ്യക്കാർക്ക് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്.

ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുങ്കുന്നം, ചങ്ങനാശ്ശേരി, ഉല്ലല

# യാക്കോബായ സഭയിലെ സമാധാനപരിശ്രമങ്ങൾ

(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

ഇക്കഴിഞ്ഞ മെയ് 23-ാംതീയതിയിലെ "മലയാളമനോരമ"യിൽ "മലങ്കരസഭാസമാധാനം" എന്ന തലക്കെട്ടിൽ ചേർത്തിരുന്ന ഒരു റിപ്പോർട്ടിലെ ഏതാനും ഭാഗം ചുവടേ ചേർത്തുകൊള്ളുന്നു.

"കോട്ടയം പുത്തനങ്ങാടിയിൽ സ്ഥാപിതമായിരിക്കുന്ന "മലങ്കരസഭാ സമാധാനസംഘടന"യുടെ ആഭിമുഖ്യത്തിലും മി: സി. പി. മാത്തന്റെ അദ്ധ്യക്ഷതയിലും ഇന്നു വൈകുന്നേരം അഞ്ചുമണിക്കു പുത്തനങ്ങാടിസ്കൂളിൽവെച്ച് ഒരു പ്രചരണ മഹായോഗം കൂടി. യോഗത്തിൽ ഡോക്ടർ പലാമ്പടം പി. റ്റി. തോമസ്സ്, ഡോക്ടർ ചീരൻ വറുഗീസു എന്നിവർ പ്രസംഗിച്ചു. കോട്ടയം ഭദ്രാസന ഇടവകയുടെ നാനാഭാഗങ്ങളിൽനിന്നുമുള്ള ആയിരത്തിൽ പരം പ്രതിനിധികളെ കൂടാതെ റവ: ഫാദർ. കെ. പീലിപ്പോസ്സ്, റിട്ട: ചീഫ് ജസ്റ്റിസ് മി. കെ. ഏ. പൗലൂസ്, മി: റ്റി. യു. പീലിപ്പോസ് തുടങ്ങിയ സമുദായപ്രമുഖരും യോഗത്തിൽ സംബന്ധിച്ചിരുന്നു."

പ്രസ്തുതയോഗത്തിൽ മി. സി. പി. മാത്തൻ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിലെ ഒരു ഭാഗം ഇപ്രകാരമാണ്: "ത്യാഗങ്ങളുടെ ഓർമ്മയ്ക്കായിട്ടുള്ള നമ്മുടെ സഭ ക്രൈസ്തവാദർശങ്ങൾക്കൊത്ത് ഒരൊററ സംഗതിയെങ്കിലും ചെയ്തിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നത്. സ്നേഹം, നിസ്സ്വാർത്ഥത, സത്യം എന്നിവയെ ആസ്പദമാക്കി നോക്കുമ്പോൾ നാമും നമ്മുടെ പൂർവ്വികന്മാരും, നമ്മുടെ സഭാമേലദ്ധ്യക്ഷന്മാരും വളരെ പുറകിൽ മാത്രമേ നില്ക്കുന്നുള്ളു. ഇസ്രായേൽക്കാർ 40 വർഷത്തോളം യാത്രയിൽ കഷ്ടപ്പെട്ടു. നമ്മുടെ സമുദായത്തിൽ കലഹം തുടങ്ങിയിട്ട് 40 വർഷത്തോളമായി. നാമും താമസിയാതെ കനാനിലെത്തും. സഭയിൽ സമാധാനം സ്ഥാപിക്കുവാൻ നാം പ്രാർത്ഥനാപൂർവ്വം ശ്രമിക്കണം."

ഡോക്ടർ ചീരൻ വറുഗീസു ചെയ്ത പ്രസംഗത്തിൽ "സമാധാനം സ്ഥാപിക്കുന്നതിനു സത്യഗ്രഹപരിപാടിവരെ ആവശ്യമെങ്കിൽ യുവജനങ്ങൾ സ്വീകരിക്കേണ്ടതാണ്" എന്ന് ഉദ്ബോധിപ്പിക്കയുണ്ടായി.

ഡോക്ടർ പി. റ്റി. തോമസ്സ് തന്റെ പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "യുവജനങ്ങൾ സംഘടിതശക്തി ചെലുത്തിയാൽ മാത്രമേ സമുദായ വ്യവഹാരത്തിനു ഉപശാന്തി ലഭിക്കൂ. 1946-ൽ ആരംഭിച്ച "മലങ്കരസഭാ യുവജനപ്രസ്ഥാനം" സമുദായക്കേസ്സ് മദ്ധ്യസ്ഥതയിൽ തീർക്കണമെന്നു വാദിച്ചു പ്രവർത്തിച്ചു. പരാജയമായിരുന്നു അവർ അഭിമുഖീകരിക്കേണ്ടിവന്നത്. മദ്ധ്യസ്ഥതീരുമാനത്തിലോ സഭാസ്വത്തു രണ്ടായി വിഭജിക്കുന്നതിലോ കേസ്സു അവസാനിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കേസ്സു തീർക്കുന്നതിനു ഒരൊററ പോംവഴിയേയുള്ളു. കേസ്സിലെ പാർട്ടികളായ കാതോലിക്കാ ബാവായേയും മാർ അത്താനാസ്യോസ്സ് തിരുമേനിയേയും സമ്മതിപ്പിച്ചു കേസ്സ് ഹൈക്കോടതിയിൽനിന്നും പിൻവലിപ്പിക്കുക എന്നതാണത്. അനാവശ്യമായി യുവജനങ്ങൾ ശക്തി ദുർവ്യയം ചെയ്യുന്നതിനർത്ഥമില്ല. പ്രശ്നത്തിന്റെ ശരിയായ സ്വഭാവം ഗ്രഹിച്ചു കക്ഷികളെക്കൊണ്ടു സമ്മതിപ്പിക്കുന്നതിൽ നിങ്ങളുടെ സർവ്വശക്തികളും കേന്ദ്രീകരിക്കണം." (മലയാളമനോരമ. 1949 മെയ് 23-ാം തീയതി)

കേരളത്തിലെ യാക്കോബായ സഭ "ബാവാകക്ഷി" എന്നും "മെത്രാൻ കക്ഷി" എന്നുമുള്ള രണ്ടു കക്ഷികളായി പിരിഞ്ഞ നിമിഷം മുതൽ തുടങ്ങിയതാണ് ഇരുകൂട്ടരും തമ്മിലുള്ള സന്ധിയാലോചനകൾ. ഇക്കഴിഞ്ഞ നാല്പതുവർഷത്തിനുള്ളിൽ ഇതിനുവേണ്ടി പരിശ്രമിച്ചിട്ടുള്ള സഹൃദയന്മാരുടേയും, ഇതിലേക്കായി ചെലവഴിച്ചിട്ടുള്ള പണത്തിന്റേയും, സമാധാനം കണ്ടെത്താതെ നിരാശരായി നിശ്ശബ്ദരായിട്ടുള്ള സമുദായസ്നേഹികളുടേയും സംഖ്യ കണക്കാക്കുവാൻ അസാദ്ധ്യമാകുമാറു അത്ര വലുതാണ്. യാക്കോബായ സഭയിൽപെട്ട പാത്രിയർക്കീസന്മാർ, കാതോലിക്കോസന്മാർ, മെത്രാന്മാർ, വൈദികന്മാർ, അയ്മേനിപ്രമുഖന്മാർ എന്നിവരെ കൂടാതെ മാർത്തോമ്മാ സഭയിലേയും പ്രോട്ടസ്റ്റന്റു സഭകളിലേയും ഒട്ടനേകം മെത്രാന്മാരും, വൈദികരും, അയ്മേനികളും ഇതിനുവേണ്ടി അശ്രാന്തം പരിശ്രമിച്ചിട്ടുണ്ട്. ആലുവാ, കോട്ടയം, തിരുവനന്തപുരം എന്നീ പട്ടണങ്ങളിൽവെച്ചെല്ലാം സമാധാനപരിശ്രമസംരംഭങ്ങൾ ഒന്നിനു പുറകെ ഒന്നായി ആരംഭിക്കുകയും ആരംഭിച്ചതുപോലെതന്നെ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പലേ സ്ഥലങ്ങളിൽവെച്ചും മഹായോഗങ്ങൾ കൂട്ടുകയും സഭാസമാധാനത്തിനുവേണ്ടി പരിശ്രമിക്കുവാൻ സമുദായാംഗങ്ങളെ ഉത്തേജിപ്പിച്ചുകൊണ്ട് സുപ്രസിദ്ധപ്രാസംഗികന്മാർ പ്രൗഢഗംഭീരമായ പ്രസംഗങ്ങൾ നടത്തുകയും, ഒട്ടനേകം വ്യവസ്ഥകളും പ്രമേയങ്ങളും പാസ്സാക്കുകയും, പല കമ്മിററികളും രൂപവൽകരിക്കുകയും ചെയ്തിട്ടുണ്ട്. യാക്കോബായ സഭാദ്ധ്യക്ഷനായിരുന്ന അബ്ദുള്ളാ പാത്രിയർക്കീസുബാവാ മുതൽ ചേപ്പാട്ട് ഏവരേത്തു കിഴക്കേതിൽ ദാനിയേൽ കത്തനാർ വരെയുള്ള വൈദികസ്ഥാനികളും, ഇൻഡ്യാ വൈസ്രോയി ആയിരുന്ന ഇർവിൻ പ്രഭു മുതൽ തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന മി. കെ. ജോർജ് വരെയുള്ള ഉദ്യോഗസ്ഥമേധാവികളും, ആലുവാ കോളെജ് പ്രൊഫസറായിരുന്ന മി. ഏ. എം. വർക്കിമുതൽ "ഓർത്തഡോക്സ് യുവജനസംഘം" സെക്രട്ടറി മി. പി. എം. മത്തായിവരെയുള്ള സമുദായസേവകന്മാരും ഇതിലേക്കായി നിസ്സ്വാർത്ഥം പരിശ്രമിച്ചിട്ടുണ്ട്. പരേതനായ വട്ടശ്ശേരിൽ മാർ ദിവന്യാസ്യോസ് തിരുമേനി 1923-ലും ഇപ്പോഴത്തെ കാതോലിക്കാബാവതിരുമേനി 1934-ലും തങ്ങളുടെ വാർദ്ധക്യദശയേയും സുഖസൗകര്യങ്ങളേയും അവഗണിച്ചു സുദീർഘയാത്ര കഴിച്ച് അന്ത്യോഖ്യയിലെത്തി യാക്കോബായ പാത്രിയർക്കീസും മെത്രാന്മാരുമായി അനേകമാസങ്ങൾ പലവട്ടം സന്ധിയാലോചനകൾ നടത്തുകയുണ്ടായി.

പക്ഷേ, ഇതേവരെ നടന്ന സമാധാനപരിശ്രമങ്ങളൊന്നുംതന്നെ വിജയപ്രദമായിട്ടില്ലെന്നു തന്നെയല്ല, ഓരോ സന്ധിയാലോചനയും ഇരുകക്ഷികളേയും തമ്മിൽ കൂടുതൽ അകററുന്നതിനു മാത്രമാണ് മുഖാന്തിരമായിത്തീർന്നിട്ടുള്ളത് എന്നത്രേ ഇക്കഴിഞ്ഞ സന്ധിസംരംഭങ്ങളുടെ എല്ലാം ചരിത്രം തെളിയിക്കുന്നത്. "ഞാൻ നോക്കി സാധിച്ചുകളയാം" എന്നഭാവത്തിൽ സമാധാനപരിശ്രമത്തിനായി മുമ്പോട്ടിറങ്ങിയിട്ടുള്ള ഓരോ വ്യക്തിയും കഴിവതു പരിശ്രമിച്ചശേഷം സന്ധി സാദ്ധ്യമല്ലെന്നു ബോദ്ധ്യമായി ആരുമേതുമറിയാതെ അവസാനം അണിയറയ്ക്കുള്ളിലേക്കു പിൻവലിയുകയാണു ചെയ്തിട്ടുള്ളത്. "സമാധാനം ഉടനെ കൈവരും" എന്ന പ്രതീക്ഷയിൽ കാത്തിരുന്ന പ്രസ്തുത സഭാംഗങ്ങളെല്ലാംതന്നെ "ഇലവുകാത്ത കിളി"കളെപ്പോലെ നിരാശരായി "ഇനിയും വരുന്നതു വരട്ടെ" എന്ന പല്ലവി പാടിക്കൊണ്ടിരിക്കുന്നു. "വട്ടിപ്പണക്കേസ്സും സമുദായക്കേസ്സും ജയിച്ചുകഴിഞ്ഞാൽ എല്ലാം സുഭദ്രമാകും" എന്ന പ്രതീക്ഷയിൽ സംഖ്യയില്ലാതെ പണവും ഒട്ടനേകരുടെ സമയവും ബുദ്ധിശക്തിയും എന്നല്ല ആയുസ്സുകൂടെയും ബലികഴിച്ചിട്ടും ലോകാവസാനംവരെ തീരാത്ത ഒരു "കീറാമുട്ടി"യായി അതു ഇന്നും അവശേഷിച്ചിരിക്കുന്നു.

ഈ സന്ദർഭത്തിലാണ് കോട്ടയത്തെ ഏതാനും യുവാക്കന്മാർ സമാധാനപരിശ്രമത്തിനായി മുമ്പോട്ട് ഇറങ്ങിയിരിക്കുന്നത്. മൂന്നുനാലുവർഷങ്ങൾക്കുമുമ്പ് ആലുവായിലെ ഏതാനും യുവജനങ്ങൾ സത്യഗ്രഹം, നിരാഹാരവ്രതം ആദിയായ പരിപാടികളോടുകൂടെ സമാധാനപരിശ്രമം നടത്തിയെങ്കിലും തങ്ങളുടെ സഭയിൽ സമാധാനം സാദ്ധ്യമല്ലെന്നു ബോദ്ധ്യപ്പെട്ട സത്യഗ്രഹമോ നിരാഹാരവ്രതമോ കൂടാതെതന്നെ അവർ പിൻവലിയുകയാണുണ്ടായിട്ടുള്ളത്. ഇപ്പോൾ ആ രംഗത്തേക്കിറങ്ങിയിരിക്കുന്ന കോട്ടയം യുവാക്കന്മാരുടെ അനുഭവവും ഇതുതന്നെയായിരിക്കുമെന്നു പ്രവചിക്കുന്നതിനു പ്രവചനവരത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരു കത്തോലിക്കാ വൈദികനായ ഈ ലേഖകന്റെ പ്രവചനത്തിനു വില കല്പിക്കുവാൻ ആരെങ്കിലും മടിക്കുന്നുവെങ്കിൽ അവർ ഇരുപതുവർഷങ്ങൾക്കുമുമ്പ് ഓർത്തഡോക്സു സഭയുടെ ഔദ്യോഗികമാസികയായി കോട്ടയം പഴയസെമ്മിനാരിയിൽ നിന്നുതന്നെ പുറപ്പെട്ടുകൊണ്ടിരുന്ന "വൈദികൻ" മാസിക സമാധാനപരിശ്രമങ്ങളുടെ ഫലപ്രാപ്തിയെപ്പററി പ്രവചിച്ചിരുന്നതു ശ്രദ്ധാപൂർവ്വം വായിക്കട്ടെ!

"സമാധാനം" "സമാധാനം" എന്ന മുറവിളി സമുദായമദ്ധ്യത്തിൽ പൊങ്ങിക്കൊണ്ടേയിരിക്കുന്നു. ഇപ്പോഴത്തെ നിലയിൽ അതു സാധിക്കുമെന്നു ഞങ്ങൾക്കു അശേഷം വിശ്വാസമില്ല......... അവ്യവസ്ഥിതമായ ശീമഭരണം ഇവിടെ നിലനില്ക്കുവാൻ അനുവദിക്കുന്നിടത്തോളം സഭയിൽ സമാധാനം ഉണ്ടാവുകയോ? അതസാദ്ധ്യം. മലങ്കരയുള്ള സകല മേല്പട്ടക്കാരും, പട്ടക്കാരും, സമുദായാംഗങ്ങളും ഒന്നുചേർന്നു സമാധാനത്തിനു അപേക്ഷിച്ചാലും "ആ സമാധാനത്തിന്റെ മാലാഖാ" അതിന്നനുകൂലിക്കുമെന്നു വിചാരിക്കുന്നതിൽ പരം ഭോഷത്തം മററില്ലതന്നെ.

"വീണ്ടും സമാധാനാലോചന ഇതാ ഉയർന്നുവരുന്നു. നല്ലതുതന്നെ. പക്ഷേ, അനുഭവം പണ്ടത്തേതുതന്നെയായിരിക്കാം. അല്ല, വല്ലതരത്തിലും സമാധാനം ഉണ്ടായി എന്നുവരട്ടെ. എന്നാലും അനിയന്ത്രിതമായ മറ്റിൻഭരണത്തെ ഒന്നു നിയന്ത്രണംചെയ്യാത്ത കാലത്തോളം ശാശ്വതമായ സമാധാനം ഉണ്ടാകുമെന്നു ഞങ്ങൾ സ്വപ്നേപി വിചാരിക്കുന്നില്ല." (വൈദികൻ—1930-ജൂലായി ലക്കം)

(തുടരും)

കുടുംബപംക്തി

# കുട്ടികളെ ചീത്തയാക്കല്ലേ!

(കുടുംബമിത്രം)

ഈയിടെ ഒരു സ്നേഹിതൻ തന്റെ ഒരു കുട്ടിയെ ബോർഡിങ്ങിലാക്കുന്നതിനെക്കുറിച്ച് എന്നോടഭിപ്രായം ചോദിച്ചു. ഏതു ബോർഡിങ്ങിലേക്കാണ് അയക്കേണ്ടതെന്നായിരുന്നു അയാൾക്ക് അറിയാനുണ്ടായിരുന്നത്.

"ബോർഡിങ്ങിനു എന്തു വിശേഷമുണ്ടായിരിക്കണമെന്നാണു നിങ്ങളാഗ്രഹിക്കുന്നത്? അതറിഞ്ഞതിനുശേഷം എന്റെ അഭിപ്രായം പറയാം." ഞാൻ പറഞ്ഞു.

"ഞങ്ങളുടെ ജീവിതത്തോതു സ്നേഹിതനറിയാമല്ലോ. അത്രയും തന്നെയില്ലെങ്കിലും ഏറെക്കുറെ അതിനോടടുത്ത രീതിയിൽ ഭക്ഷണം കിട്ടാൻ സൗകര്യമുള്ള വല്ല ബോർഡിങ്ങുമായിരിക്കണം. പണമെത്ര വേണമെങ്കിലും കൊടുക്കാം."


"നിങ്ങളുടെ "ഘർബാർ" മുറയ്ക്കുള്ള ഭക്ഷണം കിട്ടുന്ന ബോർഡിങ്ങു ഈ നാട്ടിലെങ്ങും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. എങ്കിലും അവനെന്തൊക്കെയാണു വേണ്ടതെന്നു ഞാനൊന്നു കേൾക്കട്ടെ."

"നേരം വെളുത്തു ഉണർന്നാലുടനെതന്നെ ഒരു രണ്ടു തുടം കടുംകാപ്പി "ബെഡ് കോഫി"യായിട്ടു കൊടുക്കണം. അതു നല്ല തൈലംപോലെ ഇരിക്കയുംവേണം. എന്റെ കാപ്പി കുടിച്ചാണു അവൻ തഴങ്ങിയിരിക്കുന്നതു. മാംസം ഭക്ഷിക്കാൻ പാടുള്ള എല്ലാദിവസവും മാംസമുണ്ടായിരിക്കണം. അതു ആടോ താറാവോ ആണെങ്കിലേ അവൻ തിന്നുകയുള്ളു. പശു വേണ്ട. മററുദിവസങ്ങളിൽ നല്ല പച്ചമീനും കിട്ടണം. മരക്കറികൂട്ടി ഉണ്ണാൻ എന്റെ കൊച്ചനെക്കൊണ്ടു സാദ്ധ്യമല്ല. കാലത്തും നാലുമണിക്കും ധാരാളം പാലും കുറെ കാപ്പിയും അതിന്റെകൂടെ നല്ല പച്ച റൊട്ടിയും ബട്ടറും ജാമും വേണം. കേക്കും ബിസ്കററുംകൂടി ഉണ്ടെങ്കിൽ കൊള്ളാം. എങ്കിലും നിർബന്ധമില്ല. പാളയംകോടനല്ലാതെ മററുവല്ല പഴങ്ങളും രണ്ടുമൂന്നുപ്രാവശ്യമെങ്കിലും വേണ്ടിവരും."

"കുടിക്കാൻ വല്ല സോഡായോ വെന്നോകൂടി വേണ്ടേ?"

"ഓ! അക്കാര്യം ഞാൻ മറന്നുപോയി. അവൻ പച്ചവെള്ളം കുടിക്കയില്ല. സോഡായോ ലമനേറോ ക്രഷോ ആണു സാധാരണ കുടിക്കുന്നതു. വെന്നും മററും ഞാൻ മനസ്സറിഞ്ഞു കൊടുക്കാറില്ല. അവൻ കട്ടു കുടിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല. സോഡാ കിട്ടാൻ വിഷമമില്ലായിരിക്കുമല്ലോ."

"എന്റെ സ്നേഹിതാ, എന്റെ അറിവിൽപ്പെട്ടിടത്തോളം ഇത്ര കേമമായ ഭക്ഷണം കൊടുക്കുന്ന ബോർഡിങ്ങുകൾ ഇവിടെ അടുത്തെങ്ങുമില്ല. ഇനി നിങ്ങൾക്കായിമാത്രം ഈവക സൗകര്യങ്ങളെല്ലാം ഉണ്ടാക്കിത്തരാമെന്നു വല്ല റെക്ടർമാരും സമ്മതിച്ചാൽത്തന്നെയും, നിങ്ങൾ അതിനാവശ്യപ്പെടരുതെന്നാണു ഞാൻ പറയുന്നതു. അവൻ മററു കുട്ടികളോടൊപ്പം സാമാന്യ ലളിതഭക്ഷണം കഴിച്ചു ശീലിക്കട്ടെ. വേണമെങ്കിൽ പ്രത്യേകമായിട്ടു കുറച്ചു പാലോ മുട്ടയോ വല്ലതുംകൂടി കൊടുക്കുന്നതിനു ഏർപ്പാടുചെയ്താൽ വേണ്ടതില്ല. പ്രിൻസ് ഓഫ് വെയിൽസ് പോലും ഓക്സ്ഫോർഡിൽ പഠിക്കുമ്പോൾ നടപ്പിലും ഉടുപ്പിലും ഭക്ഷണത്തിലുമെല്ലാം മററുള്ള



ഇംഗ്ലണ്ടിലെ തേംസ് നദിയിൽക്കൂടി ഓടിക്കുവാൻ പോകുന്ന പുതിയ "വാട്ടർ ബസ്". 80 അടി നീളമുള്ള ഇതിൽ 250 പേർക്കു യാത്രചെയ്യാം.

വരെ അനുകരിച്ചുകൊള്ളണമെന്നാണു നിയമം എന്നു കേട്ടിട്ടുണ്ട്. കിരീടാവകാശിയായ രാജകുമാരനാണെന്നു പരിചയമില്ലാത്ത ഒരുത്തനു തിരിച്ചറിയാൻ നിവൃത്തിയില്ലാത്തവണ്ണം വെറും സാധാരണക്കാരനെപ്പോലെയാണ് അദ്ദേഹം അവിടെ കഴിയുന്നത്. ഇത്ര നല്ല പരിശീലനം അവിടെ കിട്ടുന്നതിൻെറ ഫലമായിട്ടുകൂടെ ആയിരിക്കണം ഇംഗ്ലീഷുരാജാക്കന്മാരെ നാടുകടത്താൻ ആരും ശ്രമിക്കാതെയിരിക്കുന്നത്. അതുകൊണ്ടു നമ്മുടെ കൊച്ചുനെ പ്രിൻസ് ഓഫ് വെയിൽസിനെക്കാൾ വലിയവനാക്കേണ്ട എന്നാണു എൻെറ അഭിപ്രായം."

"കാര്യമൊക്കെ ശരിയാണ്. പക്ഷേ അവനു ജീവിക്കണമല്ലോ."

"അതേക്കുറിച്ചു ഭയപ്പെടണ്ടാ. അവനു പത്തുപതിനൊന്നു വയസ്സല്ലേയുള്ളു. എങ്ങോട്ടെങ്കിലും വളച്ചാവുന്ന പ്രായമാണത്. ഒന്നുരണ്ടാഴ്ചത്തേക്കു അല്പം വിഷമം തോന്നുമെങ്കിലും പിന്നീടു മററു കുട്ടികളുടെകൂടെയായതുകൊണ്ടു് അവരെപ്പോലെ കഴിഞ്ഞുകൂടി പൊയ്ക്കൊള്ളും. വളരെക്കാലം മുൻപു ഞാൻ ബോർഡിങ്ങിൽ താമസിച്ചിരുന്നപ്പോൾ അവിടെ ഒരു കുട്ടിയെ കൊണ്ടുവന്ന കാര്യം ഓക്കുന്നുണ്ട്. വലിയ ഒരു പണക്കാരൻെറ ഏകപുത്രൻ. അവനെ കൊണ്ടുവന്നാക്കിയപ്പോൾ അവൻെറ അപ്പൻ, സ്നേഹിതൻ പറഞ്ഞവണ്ണമുള്ള ഒരു ഭക്ഷണക്കുറിപ്പുംകൊണ്ടാണു അവിടെ വന്നത്. റക്ടറച്ചൻ നല്ല ജനസമ്മതനും സമത്ഥനുമായിരുന്നു. "വറുതുചേട്ടൻെറ കുറിപ്പൊക്കെ അവിടെയിരിക്കട്ടെ. കൊച്ചൻെറ ഭക്ഷണത്തിൻെറ കാര്യം ഞാനേററു. അടുത്ത ഓണം അവധിക്കു വീട്ടിൽ വരുമ്പോൾ നോക്കിക്കോ, അവൻ എത്ര മെഴുത്തിരിക്കുമെന്നു്." അയാൾക്കതു് അത്രതന്നെ സമ്മതമായില്ലെങ്കിലും അച്ചൻെറ നിർബന്ധംകൊണ്ടു അയാൾ ഒരുവിധം മനസ്സില്ലാമനസ്സോടെ സമ്മതിച്ചു പോയി. വീട്ടിൽ കാററും വെയിലും കൊള്ളിക്കാതെ മൂടിപ്പൊതിഞ്ഞു വളത്തിയിരുന്ന കുട്ടി മററുള്ളവരുടെകൂടെ ഓടിച്ചാടി കളിച്ചുതുടങ്ങിയപ്പോൾ നല്ല വിശപ്പുണ്ടായി, എന്തും തിന്നുന്നമട്ടായി. പറയത്തക്ക യാതൊരു പ്രത്യേക ഭക്ഷണവും കൂടാതെ ആരോഗ്യവാനായി അവൻ വളന്നു. ഇങ്ങനെ അവനെ നന്നാക്കി എടുത്തതിനെക്കുറിച്ചു വറുതുചേട്ടൻ അച്ചനു വളരെ നന്ദി പറയുകയും ചെയ്തു. അതുകൊണ്ടു സ്നേഹിതൻ കുട്ടിയുടെ ഭക്ഷണത്തെക്കുറിച്ചു് ഒട്ടും ക്ലേശിക്കേണ്ടാ. നല്ല ശിക്ഷണത്തോടെ വളത്തുന്ന ഏതെങ്കിലും ബോർഡിങ്ങിൽ ആക്കിയാൽ മതി."

"കൊള്ളാം. എന്നാൽ അങ്ങനെതന്നെയാകട്ടെ."

"സ്നേഹിതൻെറ തീരുമാനം വളരെ നന്നായി. മററുവിധത്തിൽ നാം സകലവിധ സുഖസൗകര്യങ്ങളും കൊടുത്തു കുട്ടികളെ വളത്തിയാൽ അവക്കു സുഖഭോഗങ്ങളെക്കുറിച്ചുള്ള വിചാരമേ ഉണ്ടായിരിക്കയുള്ളു. അദ്ധ്വാനവും ക്ലേശവും സഹിക്കേണ്ട യാതൊന്നിനും അവർ പ്രാപ്തരായിരിക്കയില്ല. ഉന്നതാദശങ്ങളെക്കുറിച്ചുള്ള ചിന്തപോലും ഉണ്ടാകുകയില്ല. ഈ "ഡർബാറ"ടിച്ചു കഴിക്കുന്ന ഒരു വീട്ടിൽനിന്നെങ്കിലും സന്യാസസഭയിൽചേരുന്നതിനോ പട്ടത്തിനു പഠിക്കാനോ വല്ലവരും പോകുന്നുണ്ടോ? അതുകൊണ്ടു നിങ്ങളുടെ ഇപ്പോഴത്തെ സമ്പ്രദായംകൂടി ഒന്നു മാററിയാൽ കൊള്ളാം."

"അതെങ്ങനെയാണു സാധിക്കുക? തരത്തിൽ താഴാൻ കഴിയുമോ? ഞങ്ങളുടെ സ്ഥിതിയിലുള്ളവരൊക്കെ ഈ തരത്തിലൊക്കെയാണ് ജീവിക്കുന്നതു്."

"അതാവശ്യമാണെന്നുകണ്ടാൽ മറിച്ചു ചെയ്യുന്നതിനുള്ള നട്ടെല്ലു വേണ്ടയോ? നിങ്ങളൊരാളെങ്കിലും അതിനു മുൻപോട്ടു വന്നാൽ പുറകെ വരാൻ വേറെ ആളുകൾ കാണും."

"ആകട്ടെ, ഞാൻ ശ്രമിക്കാം."

— —

## സംഭാവന

പെസഹാ വ്യാഴാഴ്ച ദിവസം ആശീർവദിക്കുന്നതിലേക്കുവേണ്ടി ജമ്മൻ രൂപതകളിലേക്കു് സ്പെയിനിൽ നിന്നും 3 ടൺ ഒലിവെണ്ണ അയച്ചു കൊടുത്തു.

ബാലരംഗം

# ജയിൽവാസികളായ കുട്ടികൾ

"ഗമനത്തിനുള്ളൊരടയാളമിവിധം
സമമേവനും മുകിൽ തെളിച്ചു കാട്ടവേ
സമവായമൊക്കെയുമൊരുങ്ങി യാത്രയായ്
ക്രമമോടുമങ്ങിനെ നടന്നു സത്വരം."

പ്രിയ കുഞ്ഞുങ്ങളേ,

ജയിലിലാണെങ്കിലും ശരി, വയലിലാണെങ്കിലും ശരി, എവിടെയായാലും കുട്ടികളെല്ലാം ഫാദർ ബോസ്കോയുടെ മിത്രങ്ങൾതന്നെ. ട്യൂറിനിലെ സെൻട്രൽ ജയിലിൽ അക്കാലത്തു മുന്നൂറിൽപ്പരം യുവാക്കന്മാർ തടവുശിക്ഷ അനുഭവിക്കുന്നുണ്ടായിരുന്നു. ബോസ്കോ അച്ചനു അവരുടെ കാര്യമോത്തിട്ടു സഹിക്കവയ്യാത്ത സങ്കടമുണ്ടായി. അധികൃതന്മാരുടെ അനുമതിയോടുകൂടി ജയിലിൽവച്ചു അദ്ദേഹം അവക്കായി ഒരു ധ്യാനയോഗം നടത്തി. അതു പ്രതീക്ഷയിൽക്കവിഞ്ഞു് വിജയപ്രദമായിത്തീന്നതിനാൽ അദ്ദേഹം അതീവകൃതാത്ഥനായി. അതിൻെറ സന്തോഷപ്രകടനാത്ഥം അവരെയെല്ലാം ഒന്നിച്ചു് ആറേഴു മൈലകലെയുള്ള ഒരു ഗ്രാമത്തിലേക്കു ഒരു വിനോദയാത്രയ്ക്കു കൊണ്ടുപോയാൽ കൊള്ളാമെന്നു അദ്ദേഹത്തിനു് ഒരഭിലാഷം തുടങ്ങി. ജയിൽപ്പുള്ളികളെ ട്രിപ്പിനുകൊണ്ടുപോകാൻ!

ജയിൽ സൂപ്രണ്ടു് ഇതുകേട്ടു ചിരിച്ചുപോയി. "അച്ചൻ അതേപ്പററി ചിന്തിക്കപോലും വേണ്ട. അസാദ്ധ്യം" എന്നു അദ്ദേഹം ഖണ്ഡിതമായി മറുപടി കൊടുത്തു.

"ദയവായി ഒന്നുകൂടി ആലോചിക്കണം. അതിൻെറ ഉത്തരവാദിത്വമെല്ലാം ഞാനേററുകൊള്ളാം."

"ഒന്നും ആലോചിക്കാനില്ല, അസാദ്ധ്യം സാദ്ധ്യമാകുമോ?"

"എന്നാൽ ഞാൻ മന്ത്രിസഭയിൽ ഒന്നപേക്ഷിക്കട്ടെയോ?"

"ഒരു വിരോധവുമില്ല. അവരുടെയും സമയം വൃഥാ നഷ്ടപ്പെടുത്താനുപകരിക്കും."

അഭ്യന്തരകാര്യമന്ത്രി സിഞ്ഞോർ ഊർബാൻ റാററാസിയുടെ പക്കൽ ചെന്നു കേട്ടുകേൾവിപോലുമുണ്ടായിട്ടില്ലാത്ത ഈ കാര്യത്തെപ്പററി ദീർഘമായ വാദപ്രതിവാദം നടത്തി. ഒടുവിൽ അദ്ദേഹത്തിൻെറ പക്കൽനിന്നു ഉത്തരവു വാങ്ങിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

"ഒരു സംഘം പോലിസിനെയും വേഷപ്രച്ഛന്നരായി നിങ്ങളുടെ പിന്നാലെ അയക്കാൻ ഏപ്പാടുചെയ്തുകൊള്ളാം."

"അയ്യോ! ബഹുമാനപ്പെട്ടമന്ത്രി! അതു പാടില്ല. പിന്നെ എന്തൊരു വിനോദയാത്രയാണു്?"

"ഫാദർ ബോസ്കോ! നിങ്ങൾ അങ്ങനെ സിദ്ധാന്തിക്കരുതു്. ഗവമ്മെൻറു കാര്യമാണ്. ലോകം എന്നെ പഴിക്കും. ഒരു പത്തു പേരെപ്പോലും തിരികെ എത്തിക്കാൻ നിങ്ങൾക്കു സാധിക്കുന്നതല്ല."

"പ്രഭോ എന്നെ വിശ്വസിക്കുക. പേടിക്കണ്ട."

ഫാദർ ബോസ്കോ ജയിലിൽ എത്തി കുട്ടികളെ ഈ സന്തോഷവാത്ത അറിയിച്ചു. അവർ ജയിലഴികൾക്കുള്ളിൽ തുള്ളിച്ചാടി. "അച്ചൻ യാതൊന്നും ഭയപ്പെടേണ്ട. വിശ്വാസവഞ്ചന കാണിക്കാൻ തുനിയുന്നവരെ ഞങ്ങൾ തകത്തുകളയും." അവർ ഏകസ്വരത്തിൽ അദ്ദേഹത്തിനുറപ്പുകൊടുത്തു.

പിറേറദിവസം രാവിലെ സെൻട്രൽ ജയിലിൻെറ ഇരുമ്പുവാതിൽ തുറക്കപ്പെട്ടു. പത്തുമുന്നൂറു യുവാക്കന്മാർ ബോസ്കോ അച്ചൻെറ നേതൃത്വത്തിൽ വില്ലായിലേക്കു വിനോദയാത്രയ്ക്കു ഇറങ്ങിക്കഴിഞ്ഞു. "സമവായമൊക്കെയുമൊരുങ്ങി യാത്രയായ്", ക്രമമോടുമങ്ങിനെ നടന്നു സത്വരം." ട്യൂറിൻ നഗരത്തിനെല്ലാം ഇതു അത്ഭുതപൂർവ്വമായ ഒരു കാഴ്ചതന്നെയായിരുന്നു. മുൻകൂട്ടി ഏപ്പാടുചെയ്തിരുന്ന ഗ്രാമവസതിയിലെത്തി ദിവസം മുഴുവൻ കുട്ടികളെല്ലാം, ഉല്ലാസഭരിതരായി കഴിച്ചുകൂട്ടി. തീനും കുടിയും, കളിയും കുളിയും, ഉല്ലാസവും ഉപദേശവും, ഇങ്ങനെ മണിക്കൂറുകൾ കടന്നുപോയതു അവർ അറിഞ്ഞതേയില്ല. വൈകുന്നേരം മടക്കയാത്രയിൽ ബോസ്കോ അച്ചനെ ഒരു കഴുതപ്പുറത്തു കയററി "വിവ" വിളികളോടെ എല്ലാവരും—ഒററയാൾപോലും കുറവുവരാതെ—കാരാഗാരമതിലുകെട്ടിനുള്ളിലെത്തുകയും ചെയ്തു. പട്ടണത്തിലെങ്ങും കുറേ നാളത്തേക്കു ഈ വിചിത്ര സംഭവം സംഭാഷണവിഷയമായിരുന്നു.

പ്രിയ കുഞ്ഞുങ്ങളേ, മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്നതിനു ദൈവം ബോസ്കോ അച്ചനു നൽകിയ അത്ഭുതശക്തിയുടെ ഒരു പ്രകടനം ഇവിടെയും നിങ്ങൾ കാണുന്നുവെന്നേയുള്ളു. അദ്ദേഹത്തിൻെറ സ്വപ്നങ്ങൾ ഓരോന്നായി യഥാത്ഥീഭവിച്ചുവരുന്ന ചിത്രങ്ങൾതന്നെ. സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുക. പിശാചിൻെറ ജയിൽപ്പുരയിൽ തടവുകാരായി കിടക്കുന്ന എത്ര എത്ര ബാലികാബാലന്മാരെയാണു നാം ഇന്നത്തെ നിർഭാഗ്യലോകത്തിൽ കാണുന്നതു്. അവരെയെല്ലാം ആ ഇരുമ്പഴികൾക്കുള്ളിൽനിന്നു മോചിച്ചു് കത്താവിൻെറ ദിവ്യഹൃദയോദ്യാനത്തിൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ.



മാനേജർ, സെൻറ് മേരീസു
ഇംഗ്ലീഷ് മിഡിൽസ്കൂൾ, മഞ്ഞപ്ര.

കൊണ്ടുചെന്നു്സിപ്പിക്കുന്നതിനു വി. ജോൺബോസ്കോ ഇന്നും ആഗ്രഹിക്കുന്നു; പ്രാത്ഥിക്കുന്നു. നമ്മുടെ ബാലരംഗം തന്നെ അതിലേക്കുള്ള ഒരു മാർഗ്ഗമാണ്. ആ ക്രൂരവാഴിയുടെ ബന്ധനത്തിൽ ആരും ചെന്നകപ്പെടാതിരിപ്പാൻ ഈ മാർഗ്ഗം നിങ്ങൾ ഉപയോഗപ്പെടുത്തി എടുക്കണം; അതിൽക്കിടന്നു വലയുന്ന ദുർഭഗരെ വിമുക്തരാക്കുവാൻ സർവ്വശ്രമങ്ങളും നിങ്ങൾ ചെയ്തുകൊണ്ടിരിക്കണം. ബാലമിത്രമായ ഈ വിശുദ്ധൻ നമ്മെ സഹായിക്കാതിരിക്കയില്ല.

### കത്തുകൾക്കു മറുപടി

ബാലരംഗത്തിനു ഇത്തവണ ഒരു അനുമോദനം ലഭിച്ചിട്ടുണ്ട്. നിങ്ങളുടെ വല്യച്ചനേക്കാൾ മൂന്നു വയസ്സു പ്രായം കൂടുതലുള്ള സംപൂജ്യനായ ഒരു വല്യച്ചൻെറ ആശീസ്സാണതു്. അദ്ദേഹം എഴുതുന്നു:—

"ഷഷ്ടിപൂത്തി കഴിഞ്ഞിട്ടു മൂന്നു കൊല്ലമായ എനിക്കും അങ്ങു "വല്യച്ച"നാണെന്നു കരുതുന്നു. അങ്ങയുടെ ബാലരംഗം പലതു് ഞാനും വായിച്ചു സന്തോഷിക്കാറുണ്ടു്. പല നല്ല കാര്യങ്ങളും പഠിക്കട്ടെ നമ്മുടെ കുട്ടികൾ. അഭിനന്ദിക്കുന്നു.

വല്യച്ചൻ ബാലരംഗത്തെ
തുല്യമററവിധം ചിരം
വെല്ലമാധുരി ചേർന്നിടും
വല്ലഭേന നയിക്കണം!"

ബാലരംഗത്തിൻെറ മുഴുവൻ വിനീതമായ കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു. വലിയവരുടെ താങ്ങുകൂടിയില്ലാതെ കുഞ്ഞുങ്ങളെക്കൊണ്ടു ഒന്നും സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ. അത്തരത്തിലുള്ള താങ്ങുള്ളിടത്തു ബാലരംഗംകൊണ്ടു കൂടുതൽ ഫലം സിദ്ധിക്കുന്നതായി പ്രത്യക്ഷത്തിൽ കാണുന്നുമുണ്ടു്. ആകയാൽ ഈ തരത്തിലുള്ള പൂജ്യപിതാക്കന്മാരുടെ ലാളന മേലിലും പൂർവ്വാധികം അവക്കുണ്ടാകുവാൻ പ്രാത്ഥിക്കുന്നു. ബാലരംഗത്തിൽ ചേത്തിരുന്ന എഴുത്തിൻെറ മാതൃകയെപ്പററിയും അനുമോദനക്കത്തിൽ ചില സൂചനകൾ കണ്ടതിൽ നന്ദി പറയുന്നു. ആ ഒരു രീതിമാത്രമേ ആകാവു എന്നു വിവക്ഷയില്ല. ആളുകളുടെയും, സ്ഥലങ്ങളുടെയും, ഭാഷകളുടെയും തരഭേദത്തിനു അനുസരിച്ചു ചില്ലറ മാററങ്ങളും ഉണ്ടായേക്കാം. അതിനൊന്നും ഒരു പൊതുപ്രമാണം പറയാവുന്നതാണെന്നു തോന്നുന്നില്ല. ഒരു നിശ്ചിതമുറയുമില്ലാതെ കുട്ടികൾ കത്തെഴുതാനിടയാകാതിരിക്കത്തക്കവണ്ണം ചില മൂലപ്രമാണങ്ങൾ എടുത്തു കാണിച്ചുവെന്നേയുള്ളു. കൂടുതൽ വിസ്താരമായി ഉപരിപഠനമദ്ധ്യേ അവർ ഗ്രഹിച്ചുകൊള്ളുകയും ചെയ്യും. ഒരിക്കൽക്കൂടി നന്ദിപറഞ്ഞുകൊള്ളുന്നു.

### അടുത്ത ഞായർ

പരിശുദ്ധ ത്രിത്വത്തിൻെറ തിരുനാളാണെന്നു ഓമ്മിക്കുമല്ലോ. "പരിശുദ്ധ ത്രിത്വമേ, എൻെറ ഭാഗ്യമേ; ഈശോയെ എൻെറ സ്നേഹമേ!" എന്നു വി. ശൗര്യാർ കൂടക്കൂടെ ചൊല്ലിവന്ന സുകൃതജപം സ്നേഹപൂർവ്വം ധാരാളം ചൊല്ലുക. അതു കഴിഞ്ഞുവരുന്ന ബുധനാഴ്ച തിരുഹൃദയത്തിരുനാളിനുള്ള നവനാൾ ആരംഭിക്കുന്നു. സ്നേഹപ്രകരണങ്ങളും ത്യാഗകൃത്യങ്ങളുംകൊണ്ടു ഈശോയെ അഭിഷേചിക്കാൻ താല്പര്യപ്പെടണം.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 ഈശോ തിരുഹൃദയഭക്തി വെളിപ്പെടുത്തിയതു് ആർക്കാണ്?

2 എവിടെവച്ചാണ്?

3 ഏതു കൊല്ലത്തിലാണ്?

4 ഈശോയുടെ തിരുഹൃദയം എന്തിനെ പ്രതിബിംബിപ്പിക്കുന്നു?

5 ഈശോയുടെ പന്ത്രണ്ടു വാഗ്ദാനങ്ങളിൽവച്ചു ഏററവും പ്രധാനപ്പെട്ടതു ഏതാണ്?

(ഉത്തരങ്ങൾ 8-ാം പേജിൽ)

## ഉത്തരീയഭക്തി

(എൻ. എം. ത്രേസ്യാക്കുട്ടി, കലൂർ. നമ്പർ 211)

മനുഷ്യനു് ആദ്ധ്യാത്മികവും ലൗകികവുമായ അപകടങ്ങളിൽനിന്നു രക്ഷപ്രാപിക്കുന്നതിനു് അത്യന്താപേക്ഷിതമായ ഒരു ആയുധമാണ് ഉത്തരീയം അഥവാ വെന്തിങ്ങാ എന്നുള്ളതിൽ പക്ഷാന്തരമില്ല. ഉത്തരീയഭക്തിയെ കേവലം ത്യാജ്യകോടിയിൽ തള്ളിയിരുന്ന ഞാൻ എന്താണ് ആ ഭക്തിയെപ്പററി അല്പം കുറിക്കേണ്ടതു് എന്നു വിചാരിച്ചു് അമ്പരക്കുന്നു. ഇപ്പോഴെങ്കിലും അതിനെക്കുറിച്ചു പൂർവ്വാധികം അറിയുന്നതിനു് ഇടയാക്കിയ—സന്ദർഭം നല്കിയ—ബ: വല്യച്ചനോടു് എൻെറ അകൈതവമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

പരിശുദ്ധ കന്യകാമറിയത്തെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നതിനുള്ള ദൈവികവരത്തിൻെറ ഒരു പ്രത്യേക അടയാളമാണ് ഉത്തരീയം. നിരീശ്വരത്വം, കമ്മ്യൂണിസം തുടങ്ങിയുള്ള ദുഷ്പ്രസ്ഥാനങ്ങളെ കണ്ണുമടച്ചു വിശ്വസിക്കയാണല്ലോ ആധുനികലോകം. ക്രിസ്തുസഭയ്ക്കു്—കത്തോലിക്കാ തിരുസ്സഭയ്ക്കു്—എതിരായി ലോകം ഉഗ്രസമരം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. ഈ പോരാട്ടത്തിൽ വിജയംവരിക്കുന്നതിനുള്ള പ്രധാനമാർഗ്ഗമായി മാർപ്പാപ്പാമാർ ചൂണ്ടിക്കാണിക്കുന്നതു് ദൈവമാതാവിൻെറ മാദ്ധ്യസ്ഥമാണ്. മരിയാസഖ്യം, ഉത്തരീയസഖ്യം തുടങ്ങിയുള്ള ഭക്തസംഘടനകൾ ലോകമൊട്ടുക്കു വ്യാപകമായതോതിൽ പ്രവത്തനങ്ങൾ നടത്തേണ്ടതിൻെറ ആവശ്യകത പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

ജപമാലപോലെതന്നെ സംപൂജ്യമായ ഒരു ആയുധമാണല്ലോ ഉത്തരീയം. ഉത്തരീയം ധരിക്കുക, ജപമാല എത്തിക്കു

ചെറുകഥ

# ഗുരുവിന്റെ നേക്ക്

(ജോർജ്ജ് പുത്തൻകളം)

സമ്പത്തും പഠനസാമർത്ഥ്യവും പൊരുത്തപ്പെടുകയില്ലെന്നു ചിലർ പറയാറുണ്ട്. എന്നാൽ ജോസിനെ സംബന്ധിച്ചിടത്തോളം ആ പ്രസ്താവന തികച്ചും പൊളിയാണ്. അവൻ ദിവസവും സ്കൂളിൽപോകും, പാഠങ്ങൾ ശ്രദ്ധിച്ചു പഠിക്കും. അധികാരികളെ ആവോളം ആദരിക്കും. അവന്റെ മാതൃകാപരമായ ഈവക പെരുമാററങ്ങൾ ഇന്നത്തെ വിദ്യാർത്ഥിലോകത്തെ അമ്പരപ്പിച്ചേന്നെ വരാം.

ഏവർക്കും കൺമണിയായി അവൻ വളർന്നുവന്നു. അസൂയാജനകമായ അവന്റെ പുരോഗതിയിൽ സതീർത്ഥ്യർക്ക അഭിനന്ദനമേയുണ്ടായുള്ളു. ഏതിടത്തും കുററം കണ്ടുപിടിക്കാൻ വിരുതുള്ളവർക്കുപോലും ജോസിനെ അപലപിക്കാൻ കഴിഞ്ഞില്ല. അദ്ധ്യാപകന്മാർ അവന്റെ മഹനീയവാസനകളെ മനസാ മതിച്ചിരുന്നു.

അന്നു വാർഷികപരിശോധനയായിരുന്നു. ഇൻസ്പെക്ടർ സ്കൂളിൽവന്നു. ക്ലാസ്സുകളോരോന്നും അദ്ദേഹത്തെ സ്വാഗതംചെയ്തു. "ഞാൻ ഒരു കണക്കിടാം. ഏററവും മിടുക്കന്മാർ ആരൊക്കെയാണെന്നറിയണം." ജോസിന്റെ ക്ലാസ്സിലിരുന്നു കണക്കു നൽകുന്നതിനുമുമ്പ് അദ്ദേഹം പറഞ്ഞു.

കുട്ടികളൊക്കെ തലകാഞ്ഞാലോചിച്ചു. ആർക്കും ഒരു വഴിയും തോന്നിയില്ല. ചിലർ ക്രിയാകോളത്തിൽ പടം വരച്ചു രസിച്ചു. മററു ചിലർ കണക്കുപുസ്തകം തിരിച്ചും മറിച്ചും നോക്കി ഉത്തരം കണ്ടുപിടിക്കാൻ തത്രപ്പെട്ടു. പേടിയും സങ്കോചവുമുള്ള മണ്ടന്മാർ അന്യോന്യം കുറിച്ചുവച്ചു ചരിതാർത്ഥരായി. മുഴവൻതേങ്ങാ കിട്ടിയ ശ്വാവിനെപ്പോലെ ഓരോരുത്തരും നിരാശരായി. ഏതു കീറാമുട്ടിക്കണക്കും ചെയ്തുകൊള്ളാമെന്നു വൻപു പറഞ്ഞിട്ടുള്ള ചുരുക്കം ചിലരും അവിടെയുണ്ടായിരുന്നു.

"കണക്കു ചെയ്തവർ എഴുന്നേൽക്കട്ടെ!" ഇൻസ്പെക്ടർ ആജ്ഞാപിച്ചു. ആരും എഴുന്നേററില്ല. അദ്ദേഹം ഓഫീസിലേക്കു മടങ്ങിപ്പോയി.

കണക്കുസാർ ചോദിച്ചു: "ആ കണക്ക് ആർക്കും അറിഞ്ഞുകൂടായിരുന്നോ?"

"എനിക്കറിയാമായിരുന്നു സാർ." ജോസാണു പറഞ്ഞത്. "ആങ്ഹാ! പിന്നെ എന്തുകൊണ്ടു താൻ ചെയ്തില്ല?"

"ഏററവും സമർത്ഥനായി എന്നെ അദ്ദേഹം വിചാരിക്കുമല്ലോ എന്നു കരുതിയാണു ഞാൻ ചെയ്യാതിരുന്നത്." തീരെ അപ്രതീക്ഷിതമായിരുന്നു ആ മറുപടി. ഒരു കൂട്ടച്ചിരി അവിടെയുയർന്നു. "എടാ! കിടുങ്ങാപ്പൂച്ചേ!!" ചില രസികന്മാർ തട്ടിവിട്ടു.

സാർ പോയി ഇൻസ്പെക്ടരോടുകൂടെ മടങ്ങിവന്നു. ക്ലാസ്സ് ശാന്തമായി. "കണക്ക് അറിയാമായിരുന്നിട്ടും ചെയ്യാതിരുന്നതാരാണ്?" ആ ഉദ്യോഗസ്ഥപ്രമുഖന്റെ മുഖത്തു കോപവും ഗൌരവവും ഇടകലർന്നിരുന്നു.

ജോസ് എഴുന്നേററു. അവന്റെ അവയവങ്ങൾ കിലുകിലാ വിറച്ചു. ഭയവും സംഭ്രമവും ആ മൃദുലഗാത്രത്തെ ഗ്രസിച്ചിരുന്നു. കുട്ടികളോരോരുത്തരും വിചാരിച്ചു, ജോസിനു ഭയങ്കരമായ ശിക്ഷയുണ്ടാകുമെന്ന്. ഏതാനും നിമിഷങ്ങൾ കടന്നുപോയതു് ആരും അറിഞ്ഞില്ല.

ആ അപരാധി നിശ്ശേഷ്ടത ഭഞ്ജിച്ചു. ഇൻസ്പെക്ടരുടെ മുമ്പിൽ അവന്റെ കാൽമുട്ടുകൾ മടങ്ങി. "ക്ഷമിക്കണം. ഇനിമേൽ ഇങ്ങനെ സംഭവിക്കുകയില്ല." ആ ക്ഷമാപണപത്രത്തിൽ അശ്രുകണങ്ങളുടെ വെൺമുത്തുകൾ പതിച്ചിരുന്നു. കാറകന്ന കലേശനെപ്പോലെ പരിശോധകന്റെ മുഖം പ്രസന്നമായി.

"കൊള്ളാം, നിന്റെ വിനയാധിക്യംകൊണ്ടാണു കണക്കു ചെയ്യാതിരുന്നതെന്നു എനിക്കു ബോധ്യമായി. കുററത്തിനു പരിഹാരമായി ഈ കണക്കു ബോർഡിൽ ചെയ്തു എല്ലാവരേയും മനസ്സിലാക്കണം."

ഒരു ശാപമുക്തന്റെ ആഹ്ലാദത്തികവോടെയാണ് അവൻ കണക്കു ബോർഡിൽ ചെയ്തതു്. പുഞ്ചിരിപ്പൂണ്ട ഇൻസ്പെക്ടർ ജോസിനു് ഉചിതമായ സമ്മാനങ്ങൾ നൽകാതിരുന്നില്ല.

ക്ലാസ്സുകളോരോന്നും അവന്റെ സ്ഥിരപരിശ്രമത്തിനു വഴിമാറിക്കൊടുത്തു. കാലത്തിന്റെ പുതുഛായമണിഞ്ഞ രംഗങ്ങൾ പ്രപഞ്ചത്തിരശ്ശീലയിൽ മറതെററാതെ പ്രതിഫലിച്ചുകൊണ്ടിരുന്നു

"അമ്മേ, സാറു വന്നിട്ടുണ്ടല്ലോ. കുറെ കാപ്പിയെടുത്താട്ടെ." ജോസ് അമ്മയുടെ അടുക്കൽ രഹസ്യമായി ഒരു നിവേദനം സമർപ്പിച്ചു. മാതൃമുഖത്തു കാർമേഘം ഉരുണ്ടുകൂടുന്നതു് അവൻ അതിനുമുമ്പു കണ്ടിട്ടില്ല. "അമ്മയെന്തിനാ ദേഷ്യപ്പെടുന്നതു ?" "വിശേഷിച്ചൊന്നുമില്ല. കാപ്പി വേണ്ടവർ ഒരു മണിക്കൂർ ജോലി ചെയ്യണം." ഉള്ളുകള്ളികൾ തിരിയാത്ത ആ ഇളംകുമാരൻ ചിന്താമൂകനായി നിന്നു.

"അപ്പൂഴ് അമ്മേ, കഴിഞ്ഞ ആഴ്ചയിൽ അക്കൗണ്ടൻറുസാറിനു കാപ്പി കൊടുത്തതു് അയാൾ ജോലിചെയ്തിട്ടാണോ?" അവൻ ഒരു സംശയപ്രശ്നം ഉന്നയിച്ചു. "അയാൾ ഒരു സർക്കാരുദ്യോഗസ്ഥനല്ലേ? നിന്റെ സാറിനെക്കാൾ ശമ്പളവുമുണ്ട്. മനസ്സിലായോ?"

ജോസിനു മനസ്സിലാവുകയല്ല, സംശയം വർദ്ധിക്കുകയാണു ചെയ്തതു്. "ശമ്പളം കുറവുള്ള ആൾക്കല്ലേ കാപ്പികൊടുക്കേണ്ടതമ്മേ?" മാതാവിനു് ക്രോധം ഇളമ്പി. "നിന്നോടു തർക്കിക്കാൻ എന്നെക്കൊണ്ടാവില്ല. മിണ്ടാതിരിക്കവിടെ." മുറുമുറുപ്പോടെ ആ ഗർവിഷ്ഠ ഗർജ്ജിച്ചു.

കാപ്പി പ്രതീക്ഷിക്കാതെതന്നെ വാദ്ധ്യാർ സ്ഥലംവിട്ടു. അദ്ദേഹത്തെ സമ്യക്കായി സൽക്കരിക്കാൻ സാധിക്കാഞ്ഞതിൽ ജോസിനു അതിരററ കുണ്ഠിതമുണ്ടായി. പക്ഷെ നിസ്സഹായനായ അവനെന്തുചെയ്യും?

ഒരു ദിവസം ജോസിന്റെ ജ്യേഷ്ഠൻ അവനോടു ചോദിച്ചു: "നീ എവിടെപ്പോയി?"

"ഞാൻ പള്ളിയിൽ പോയി."

"എന്തിനു്?"

"പ്രാർത്ഥിക്കാൻ."

"എന്തില്ലാഞ്ഞിട്ടാണു പ്രാർത്ഥിക്കുന്നതു്?"

ജോസ് ഒന്നും പറഞ്ഞില്ല. പറഞ്ഞാൽ അതു് ആ "സർവ്വജ്ഞന്റെ" മുമ്പിൽ കൊഴുക്കുകയില്ലെന്നു് അവനറിയാം. എത്രയെത്ര മുന്നനുഭവങ്ങൾ അവന്റെ സ്മരണയിൽ സജീവമായിപ്പതിഞ്ഞിട്ടുണ്ട്!

"ആരേയും ആശ്രയിക്കുന്ന പ്രകൃതം നമ്മുടെ കുടുംബക്കാർക്കില്ല. തക്ക കാര്യം കൂടാതെ ദൈവത്തിന്റെ മുമ്പിൽപ്പോലും മുട്ടുമടക്കുന്നതിനു നമ്മുടെ അഭിമാനം സമ്മതിക്കരുതു്." ഉദ്ധതനായ ജ്യേഷ്ഠൻ ആ നിർമ്മലബാലനു "വിദഗ്ദ്ധോപദേശം" നൽകി. ഒരു പണ്ഡിതന്റെയും നിരീശ്വരന്റെയും അന്തരംഗം ധിക്കാരവചസ്സുകളിൽ പാറിനിന്നിരുന്നു.

നിശാതരുണി ഭൂതലത്തെ കരിമ്പടമിട്ടു പുതപ്പിച്ചു. നക്ഷത്രങ്ങൾ മങ്ങിമങ്ങി പ്രകാശിച്ചിരുന്നു. ഒരു അറുപതിരണ്ടുകാരൻ മദ്യഷാപ്പിൽനിന്നു മടങ്ങുകയാണ്. വാർദ്ധക്യത്തെ തടുത്തുനിറുത്തിയിരുന്ന യുവചൈതന്യം മദ്യലഹരിയോടു ചേർന്ന് ആ പൗരുഷശാലിക്കു കരുത്തും തന്റേടവും. വർദ്ധിപ്പിച്ചു. എമ്പക്കങ്ങളുടെ പ്രചണ്ഡനാദം അയാളുടെ ആഗമനത്തെ മുൻകൂട്ടിയറിയിച്ചു.

തികഞ്ഞ അച്ചടക്കത്തോടെ ആ കുടുംബം അതിന്റെ അധിപനെ സ്വീകരിച്ചു. "ജോസേ!" സിംഹഗർജ്ജനത്തിന്റെ ഭീകരതയോടെ ആ വിളി ജോസിന്റെ കർണ്ണപുടങ്ങളിൽ ചെന്നലച്ചു. അവൻ വിളികേട്ടു. "ഇവിടെ വാ." സംഭ്രമത്തോടെ ആ ഭയചകിതൻ പിതൃസന്നിധിയിലേക്കു നീങ്ങി.

"നിന്നെ ഇന്നു സാർ അടിച്ചോ?"

"ഉവ്വ്."

"എത്രയടിച്ചു?"

"മൂന്ന്."

"എവിടെയാണടിച്ചതു്?"

"തുടയിൽ."

"എടാ! പേനാക്കത്തി നിന്റെ കൈയിലില്ലായിരുന്നോ."

"എന്തിനാണപ്പച്ചാ, പേനാക്കത്തി?"

"എന്തിനാണെന്നോ? സാറന്മാർ മുച്ചു എടുക്കാൻ തുടങ്ങിയാൽ അവരെ മര്യാദപഠിപ്പിക്കാൻ. ആ ഗജപോക്കിരിയല്ല ചോറുതരുന്നതു്; ഞാനാണ്. മേലാൽ..." സമുദ്രം ക്ഷോഭിച്ചിരമ്പുന്നതുപോലുള്ള ശബ്ദനിർഘോഷമാണ് അവിടെ മുഴങ്ങിയതു്. ഒരു മൂങ്ങായുടെ മൂളൽ ആ ഘോരജല്പനങ്ങൾക്കു പൂർണ്ണവിരാമമിട്ടു.

അന്ന് അവൻ ഉറങ്ങിയില്ല. പിതാവിന്റെ വാക്ശരങ്ങൾ ഓരോന്നും അവന്റെമേൽ തുളഞ്ഞുകയറി. അവയിലെ കയ്പേറിയ ആശയങ്ങൾ അവനു രുചിച്ചില്ല. സംശയങ്ങൾ അവനെ വട്ടമിട്ടു. അവനു പലതും മനസ്സിലായില്ല. യുക്തി പരാജയം സമ്മതിച്ചു തലതാഴ്ത്തി. ചിന്ത പതറി. മനസ്സു നീറിപ്പുകഞ്ഞു. മുൾപ്പടർപ്പുകളുടെ നടുവിലെ ചന്ദനത്തെപ്പോലെ ജോസ് കുഴങ്ങി. വിദ്യാലയത്തിലെ ശിക്ഷണവും ഗാർഹികനടപടികളും തമ്മിലുള്ള ഏററുമുട്ടൽ! കടകവിരുദ്ധങ്ങളായ ആ ആദർശങ്ങളിൽ അവൻ ഏതിനെ സ്വീകരിക്കും? ജോസ് ചിന്താക്രാന്തനായിരിക്കെ ദിനരാത്രങ്ങൾ അലസമായി കടന്നുപോയി.

വിദ്യാർത്ഥികോൺഗ്രസ്സ് മുളച്ചുവളർന്നു. അതിന്റെ വിത്തു നാനാഭാഗത്തേക്കും വിതരണം ചെയ്യപ്പെട്ടു. വിദ്യാർത്ഥികൾ മട്ടിലതും അവശരുമാണെന്നു ആ സംഘടന വിശദീകരിച്ചു. അതിന്റെ അപദാനങ്ങളിൽ മതിമറന്ന കുട്ടികൾ ആവേശത്തോടെ ആ പ്രസ്ഥാനത്തിലേക്കു തള്ളിക്കയറി.

ആ സ്കൂളിലെ കോൺഗ്രസ്സ് ശാഖയുടെ നേതാവായി വരിക്കപ്പെട്ടതു ജോസാണ്. മീററിംഗുകൾ വിളിച്ചുകൂട്ടുക, പ്രസംഗങ്ങൾ നടത്തുക, ജാഥാ നയിക്കുക തുടങ്ങിയ പുതിയ പരിപാടികൾക്കൂടി അവൻ സ്വീകരിച്ചു.

ശിശുവായ വിദ്യാർത്ഥികോൺഗ്രസ്സിനെ പരിചരിക്കാൻ കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് പാർട്ടികൾ രംഗപ്രവേശം ചെയ്തു. ആ വിദ്ധ്വംസകസംഘടനകളുടെ പിൻബലത്തോടുകൂടി ചപലരും അപക്വബുദ്ധികളുമായ വിദ്യാർത്ഥികൾ വിപ്ലവാത്മകപന്ഥാക്കളിൽക്കൂടി വളരെദൂരം മുമ്പോട്ടുപോയി. കഴിഞ്ഞ തലമുറകൾ അതിവാദരത്തോടെ ആരാധിച്ചുപോന്ന വിശുദ്ധങ്ങളായ ആചാരങ്ങളും ആദർശങ്ങളും ജോസും കൂട്ടരും സംഘടനയുടെ ബലിപീഠത്തിൽ കുരുതികഴിച്ചു. അവിടെ പൊങ്ങിയ ശോഭയേറിയ ജ്വാലകൾ സംശയങ്ങളുടെ അന്ധതയിൽ ഉഴന്നിരുന്ന ജോസിനു വെളിച്ചം നൽകി.

ആ വിദ്യാർത്ഥിനേതാവിന്റെ ജീവിതം സംഭവബഹുലമായി. അവനെക്കൂടാതെ കുട്ടികൾക്കു ചങ്കുറപ്പില്ല. അവന്റെ നാമം സിദ്ധമന്ത്രംപോലെ വണങ്ങപ്പെട്ടു. ഒരേ ഒരു ഉൽക്കണ്ഠമാത്രമേ അവർക്കുണ്ടായിരുന്നുള്ളു — ജോസിന്റെ അധരചലനങ്ങളുടെയും അംഗവിക്ഷേപങ്ങളുടെയും അർത്ഥമെന്താണെന്നു്.

ധർമ്മത്തെ വളമായി സ്വീകരിച്ചു തഴച്ചുവളർന്ന അധർമ്മവൃക്ഷത്തിന്റെ തണലിൽ ജോസ് ആശാനായിനിന്നു് അടവുകൾ പയററി. അധികാരത്തെ വെല്ലുവിളിക്കാനും സന്മാർഗ്ഗസൂസ്ഥിതിയെ തകിടംമറിക്കാനും അവന്റെ സർവ്വകഴിവുകളും കുസലില്ലാതെ വിനിയോഗിക്കപ്പെട്ടു. രക്ഷാകർത്താക്കളിൽനിന്നുള്ള പ്രചോദനം അവന്റെ പ്രവർത്തനങ്ങൾക്കു നവോന്മേഷം നൽകി.

ഗുരുഭക്തി! ഋഷിവര്യരായ ആചാര്യന്മാർ നട്ടുവളർത്തിയ കല്പവൃക്ഷമാണതു്. തലമുറകൾ ഓരോന്നും അഭംഗമായി അതിനു പരിരക്ഷ ചെയ്തിട്ടുണ്ട്. അനുഗ്രഹപ്പൂമഴയേററു സ്വർഗ്ഗാനുഭൂതി പ്രാപിക്കാൻ കൊതിക്കുന്നവർ അതിന്റെ ശീതളച്ഛായയിലാണു നിൽക്കേണ്ടതു്. അതേതരുവിന്റെ കനത്ത കമ്പുകളിൽത്തന്നെയാണ് ഭാസുരഭാവിയുടെ ഊഞ്ഞാൽ നിബന്ധിച്ചിരിക്കുന്നതു്. ജീവിതയാനപാത്രം യാദൃച്ഛികമായി തകരുന്നതു് ആകാശവീഥിയിൽ വച്ചാണെങ്കിൽ പാരച്യൂട്ടായും, സമുദ്രതലത്തിൽ വച്ചാണെങ്കിൽ ലൈഫ്ബെൽററായും രൂപപ്പെടുന്നതു് ഗുരുപ്രസാദംതന്നെയാണ്. കുരങ്ങിനു കിട്ടിയ പൂമാലപോലെ ആ മഹനീയസിദ്ധി ജോസിന്റെ കൈയിൽ അമർന്നു തകർന്നു തരിപ്പണമായി.

സ്വഭാവദൂഷ്യങ്ങളുടെ അടിത്തട്ടുവരെ ജോസ് അധഃപതിച്ചു. അവന്റെ ഹൃദയപ്പൊയ്ക കലങ്ങി മറിഞ്ഞു ദുഷിച്ചുനാറി. മൂഢിയാദർശങ്ങൾ അവിടെ ഓളംതല്ലി. അവനു ശൈശവം സമ്മാനിച്ചു സൽഗുണങ്ങളെ നാരകീയശത്രുക്കൾ കാർന്നുതിന്നു നിശ്ശേഷമാക്കി. അകം ചുട്ടു തിളച്ചുതകിക്കൊണ്ടിരിക്കുന്ന അഗ്നിപർവ്വതത്തിന്റെ പ്രശാന്തഭീകരത അവനിൽ അന്തർഹിതമായിരുന്നു. പക്ഷെ, അതു പൊട്ടിപ്പുറപ്പെടുവാൻ പോകുന്ന ഭയങ്കര നിമിഷങ്ങൾ ആരുമാരുമറിഞ്ഞില്ല.

വിശുദ്ധിയുടെ മണിവേദികളായ പാഠശാലാരംഗങ്ങൾക്കും ഭാവപ്പകർച്ചയുണ്ടായി. തങ്ങൾ വൻപിച്ച പ്രതീക്ഷകളോടെ നനച്ചു കൊഴുപ്പിച്ച ചെടികളുടെ കുരുന്നിലെ പുഴുപ്പു സഹതാപത്തോടെയാണ് അദ്ധ്യാപകർ വീക്ഷിച്ചതു്.

വിൺമങ്ക ഏതാനും കാർമുകിൽത്തുണ്ടുകളെടുത്തു് പകച്ചുനിന്നു. ഒരു ചുഴലിക്കാററു ആ സ്കൂൾമുററത്തു തുടർച്ചയായി അടിച്ചുകൊണ്ടിരുന്നു. ചില ചെമ്പരുന്തുകൾ ആ അന്തരീക്ഷത്തിൽ കറങ്ങിപ്പറക്കുകയുണ്ടായി. ഒരു "ദുർദ്ദിന"മായിരുന്നു അതു്.

ശംഖു ചാച്ചുവച്ചതുപോലെ ചിറി വക്രിപ്പിച്ചു് ജോസ് ഒരു ബഫൂൺ പാർട്ട് അഭിനയിച്ചതു കുട്ടികൾ പലതും കണ്ടു. ഒരു ഹുൽക്കാരവും പുറപ്പെട്ടു. പാഠത്തിലുറച്ചിരുന്ന കുട്ടികളുടെ ശ്രദ്ധ പതറി. അവർക്കു ചിരിയടക്കാൻ കഴിഞ്ഞില്ല. ക്ലാസ്സുമുഴുവൻ ശബ്ദായമാനമായി. അദ്ധ്യാപകൻ ഗൗരവപൂർവ്വം കല്പിച്ചു:

"ജോസ്, സ്റ്റാൻഡ് അപ്പ് ഓൺ."

അദ്ദേഹത്തിന്റെ കണ്ണുകൾ ജ്വലിച്ചു. മുഖം ചുവന്നു. നാസികാപുരി വിയർപ്പുതുള്ളികൾ പൊടിച്ചു.

"മനസ്സില്ല സാർ."

കേവലം ആകസ്മികമായിരുന്നു ആ ധിക്കാരജല്പനം.

"യൂ ഗെറൗട്ട്."

"കുറെ കഴിഞ്ഞോട്ടെ."

"ഇറങ്ങെടോ ക്ലാസ്സിനു പുറത്തു്!"

(ശേഷം 8-ാം പേജിൽ)

---

ക തുടങ്ങിയുള്ള ഭക്താചാരങ്ങളെ ആധുനികലോകം അവജ്ഞയോടെ വീക്ഷിക്കുന്നു. പല കത്തോലിക്കരും ഉത്തരീയം ധരിക്കുന്നതിൽ എന്തു വിമുഖതയാണ് പ്രദർശിപ്പിക്കുന്നതു്. കത്തോലിക്കരെന്നു്—ക്രിസ്തുവിന്റെ അനുയായികളെന്നു്—ഇക്കൂട്ടർ എന്തിനു് അഭിമാനം കൊള്ളുന്നു?

ദൈവമാതൃഭക്തിക്ക് ലോകപ്രസിദ്ധി നേടിയിട്ടുള്ളവരാണല്ലോ കേരളീയർ. നമ്മുടെ സ്വർഗ്ഗീയമാതാവിന്റെ നേർക്കുള്ള ഭക്തിബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു സംഘടനയാണ് ഉത്തരീയസഖ്യം. ജീവിതകാലത്തും മരണനേരത്തും പരിശുദ്ധ കന്യകാമറിയത്തിന്റെ സഹായവും മാദ്ധ്യസ്ഥവും പ്രാപിക്കുന്നതിനായിട്ടാണ് ഉത്തരീയസഖ്യം സ്ഥാപിച്ചിരിക്കുന്നതു്. "സൈമൺ സ്റ്റോക്ക്" എന്ന വിശുദ്ധനു മാതാവു പ്രത്യക്ഷപ്പെട്ടു് ഉത്തരീയഭക്തിയുടെ ആവശ്യകതയെപ്പററി അരുളിച്ചെയ്തിട്ടുണ്ട്. തനിരോമംകൊണ്ടു നെയ്തുണ്ടാക്കിയിട്ടുള്ള ഉത്തരീയമാണ് ആവശ്യം. കാശുരൂപമാണെങ്കിൽ ഒരുവശത്തു് ദൈവമാതാവിന്റെയും മറുവശത്തു് തിരുഹൃദയത്തിന്റെയും രൂപമുണ്ടായിരിക്കണം. വിശ്വാസപൂർവ്വം ഉത്തരീയം ധരിച്ചു് അതിന്റെ നിബന്ധനകളെ നിഷ്കർഷയോടെ അനുസരിക്കുന്നവരെ മാതാവു പ്രത്യേകവിധത്തിൽ സഹായിക്കും.

ക്രിസ്തീയസഭയ്ക്കു വിഷമഘട്ടങ്ങൾ തരണംചെയ്യേണ്ടിവന്ന അവസരങ്ങളിലെല്ലാം, ദൈവജനനി ക്രിസ്ത്യാനികളുടെ പ്രത്യേക മാതാവാകുന്നുവെന്നു പ്രസ്പഷ്ടമാക്കിയിട്ടുള്ളതായി ചരിത്രം പരിശോധിച്ചാൽ എളുപ്പം മനസ്സിലാകും. കത്തോലിക്കാതിരുസ്സഭ വിവിധവിഷമപ്രശ്നങ്ങൾക്കു് എതിരായി അടരാടിക്കൊണ്ടിരിക്കുന്ന ഇക്കാലസന്ധിയിൽ ക്രിസ്ത്യാനികളുടെ സഹായമായ മാതാവിനെ നമുക്കു ശരണംഗമിക്കാം.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ

എം. എ, പി എച്ച്. ഡി., ഡി ഡി., ഡി സി എൽ.

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ, ഡി. ഡി.

Vol. 22 ‖ ERNAKULAM, JUNE 8, 1949 ‖ No 40


# നിരീശ്വരന്മാർക്കു രാജാജിയുടെ മറുപടി

ഇക്കഴിഞ്ഞ മേയ് മാസത്തിൽ ഇൻഡ്യയുടെ ഗവർണർ ജനറൽ ശ്രീ രാജഗോപാലാചാരി മദ്രാസിൽ വന്ന് ഒരു ക്ഷേത്രം ഉൽഘാടനം ചെയ്ത അവസരത്തിൽ താഴെ കാണും പ്രകാരം ഉൽബോധിപ്പിക്കുകയുണ്ടായി:

"ദൈവത്തിന്റെ ആലയത്തിൽ സമ്മേളിച്ചിരിക്കുന്ന നമുക്കു ജ്ഞാനം നല്കി നമ്മെ അനുഗ്രഹിക്കണമെന്ന് ഏകയോഗമായി ദൈവത്തോടു പ്രാർത്ഥിക്കാം. ശിശുവായ നമ്മുടെ ഡെമോക്രസി ശക്തിയോടുകൂടി വളരുവാൻ ആവശ്യകമായ ജ്ഞാനവും ശക്തിയും യോജിപ്പും നല്കി നമ്മെ അനുഗ്രഹിക്കുവാൻ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. പരസ്പരസ്നേഹം വിദ്വേഷത്തേയും അനൈക്യത്തേയും ദൂരീകരിക്കും; ശക്തി വർദ്ധിപ്പിക്കുകയും നമ്മുടെ രാജ്യത്തു ഡെമോക്രസി വളരുവാൻ സഹായിക്കുകയും ചെയ്യും. സകലമതങ്ങളും ഏകീകരിക്കുന്ന ഘടകങ്ങളാണ്. നമ്മിലുള്ള ശക്തിയേയും മതപരമായ ചൈതന്യത്തേയും നാം വികസിപ്പിക്കുകയും, അങ്ങനെ മതത്തെ യഥാർത്ഥത്തിൽ ഒരു സംയോജനശക്തിയാക്കിത്തീർക്കുകയും വേണം. നമ്മുടേതുപോലുള്ള ഒരു മഹാരാജ്യത്തിൽ, ജനസംഖ്യ വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന പരിതസ്ഥിതികളിൽ, ജനങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ടായിരിക്കുകയോ ദാരിദ്ര്യവും അജ്ഞതയും നിലനില്ക്കുകയോ ചെയ്യുന്നതിൽ ആശ്ചര്യത്തിനു വകയില്ല. നാം ഈ ക്ഷേത്രത്തെ നവീകരിച്ചതുപോലെ നമുക്കു നമ്മുടെ ഹൃദയങ്ങളെ നവീകരിക്കാം; നമ്മുടെ പ്രാചീന ധർമ്മത്തിന്റെ ചൈതന്യത്തെ വീണ്ടും സ്വാധീനപ്പെടുത്തുകയും ചെയ്യാം. അപ്പോൾ നമ്മുടെ ശക്തിയും ഐക്യവും സൗഭാഗ്യവും സുരക്ഷിതമായിരിക്കും."

### ദൈവവിശ്വാസം

അനന്തരം തെന്നിൻഡ്യായിലെ "സ്വാഭിമാനപ്രസ്ഥാന"ത്തേയും അതിന്റെ നേതാവായ മി. ഇ. വി. രാമസ്വാമിനായ്ക്കരേയും പററി സൗഹാർദ്ദസ്വരത്തിൽ സൂചിപ്പിച്ചശേഷം രാജാജി ഇങ്ങനെ തുടർന്നു:

"ഞാൻ മി. നായ്ക്കരെ കണ്ടപ്പോൾ ഈ ചിന്തകളെല്ലാം എന്റെ ഹൃദയത്തിൽക്കൂടി കടന്നു; എന്നുവരികിലും അവയൊന്നും ഞാൻ ഒരിക്കലും പ്രകാശിപ്പിക്കയുണ്ടായില്ല. അദ്ദേഹത്തിന്റെ അനുയായികൾ വിചാരിക്കുന്നു, ക്ഷേത്രങ്ങളും മതസ്ഥാപനങ്ങളും അനാവശ്യകങ്ങളാണെന്ന്; അവയെല്ലാം വഞ്ചിക്കുവാനുള്ള മാർഗ്ഗങ്ങളാണെന്ന്. ബൃഹദാണ്ഡമായ ആൽവൃക്ഷം ചെറിയ ബീജത്തിൽ നിന്നാണല്ലോ വളർന്നു വരുന്നത്. നമുക്കിതു വിശ്വാസമാണ്. കാരണം, നാം അതു കാണുന്നു. എന്നാൽ നാം അതു കാണുന്നില്ലെങ്കിൽത്തന്നെയും ആ യാഥാർത്ഥ്യം നമുക്കു സംശയിക്കുവാൻ സാദ്ധ്യമല്ല. ഇതുപോലെ തന്നെയാണ് ദൈവത്തിന്റെ കാര്യവും. പ്രപഞ്ചത്തിന്റെ മുഴുവനും മൂലകാരണമായിരിക്കുന്ന ദിവ്യശക്തിയെപ്പററി നമുക്കു സംശയിക്കാവുന്നതല്ല. ആ ശക്തിയെത്തന്നെയാണ് നാം നമ്മുടെ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുകയും ആരാധിക്കുകയും ചെയ്യുന്നത്. ഈ പ്രപഞ്ചം ശൂന്യത്തിൽനിന്നു സ്വയം ഉത്ഭവിച്ചതാകാൻ സാദ്ധ്യമല്ല. ശൂന്യത്തിൽനിന്നു യാതൊന്നും സ്വയം ഉണ്ടാകുവാൻ സാദ്ധ്യമല്ലെന്നു ശാസ്ത്രജ്ഞന്മാർപോലും സമ്മതിക്കുന്നുണ്ട്. സന്ദേഹവാദികൾക്കും യുക്തിവാദികൾക്കും ഇതിനെപ്പററി സംശയം ഉണ്ടാകാമെന്നുള്ളതു ശരിതന്നെ. എന്നാൽ ഈ സംശയങ്ങൾ നവീനങ്ങളല്ല. എനിക്കുതന്നെയും യൗവനത്തിൽ ഇത്തരം സംശയങ്ങളുണ്ടായിരുന്നു. ഭൂതകാലത്തിൽ പലക്കും ഇത്തരം സംശയങ്ങളുണ്ടായിട്ടുണ്ട്. ഈ സംശയങ്ങളെല്ലാം ദൈവത്തിന്റെ "ലീല"യിൽ ഉൾപ്പെട്ടതായിട്ടാണ് സ്വാഭാവികമായി ഗണിക്കപ്പെടേണ്ടതു്. സ്വാഭിമാനപ്രസ്ഥാനത്തെ ദൈവത്തിന്റെ അത്തരം ലീലകളിലൊന്നായി നമുക്കു വീക്ഷിക്കാവുന്നതാണ്. ഈ ആളുകളോടു നിങ്ങൾ സ്നേഹം കാണിക്കണമെന്നാണ് എന്റെ ആഗ്രഹം. സ്നേഹത്താൽ നിങ്ങൾക്കവരെ അവരുടെ അവിശ്വാസത്തിൽനിന്നു പിന്മാററാൻ സാധിക്കും. ഇപ്പോൾ അവരെ പ്രേരിപ്പിക്കുന്ന കയ്പും ദ്വേഷവും അപ്പോൾ അപ്രത്യക്ഷപ്പെടും. അവരെ നന്നാക്കുന്നതിന്റെ രഹസ്യം അമ്മുടെ സ്വന്തം കരങ്ങളിൽ സ്ഥിതിചെയ്യുന്നു. തന്മൂലം ഞാൻ ഈ പ്രസ്ഥാനത്തെപ്പററി ഒരിക്കലും അസ്വസ്ഥചിത്തനായിരുന്നിട്ടില്ല; ഇത്തരം അവിശ്വാസമോ നിരീശ്വരത്വമോ നമ്മുടെ രാജ്യത്തു വളരുന്നതിൽ ആരും ഉൽക്കണ്ഠിതരാകേണ്ട ആവശ്യമില്ല. നമുക്കെല്ലാവർക്കും ആവശ്യം ഐക്യവും പരസ്പരസൗഹാർദ്ദവും സൗമനസ്യവുമാണല്ലോ. സകലമതങ്ങളുടേയും അത്യുൽകൃഷ്ടതത്വശാസ്ത്രം പഠിപ്പിക്കുന്നതു് സകല ജീവികളുടേയും ഏകത്വവും സമത്വവുമാണല്ലോ. ദൈവത്തിന്റെ മുൻപിൽ നാമെല്ലാവരും ഒന്നാണ്, സമന്മാരാണ്. ദൈവത്തിലുള്ള നമ്മുടെ വിശ്വാസം സമത്വത്തിനും ഐക്യത്തിനും വേണ്ടി പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കട്ടെ."

ദൈവത്തിലുള്ള വിശ്വാസം, പ്രപഞ്ചത്തിന്റെ കർത്താവായ ഒരു പുരുഷാത്മകസത്വത്തിലുള്ള വിശ്വാസം, സാർവജനീനവും സാർവത്രികവും സാർവകാലികവുമാണ്. എന്നും എവിടെയും ദൈവവിശ്വാസമില്ലാത്തവർ ഉണ്ടായിരുന്നുവെന്നുള്ളതു ശരിതന്നെ. എന്നാൽ അതൊരു വ്യത്യസ്തമാണ്; സാമാന്യനിയമത്തെ സ്ഥിരീകരിക്കുന്ന വ്യത്യസ്തം. ഇങ്ങനെ മനുഷ്യസമുദായം, പരിഷ്കൃതരും അപരിഷ്കൃതരും, എന്നും എവിടെയും ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെന്നുള്ള വസ്തുത തന്നെ പ്രസ്തുത വിശ്വാസത്തിന്റെ യാഥാർത്ഥ്യത്തിനു തെളിവാണ്. മനുഷ്യൻ പ്രകൃത്യാ സാമുദായികജീവിയായിരിക്കുന്നതുപോലെ മതാത്മകജീവിയാണെന്നും അതു തെളിയിക്കുന്നു. പ്രസ്തുത വിശ്വാസം അയഥാർത്ഥമാണെങ്കിൽ മനുഷ്യപ്രകൃതിതന്നെ അക്കാര്യത്തിൽ തെററിപ്പോയെന്നുള്ള അബദ്ധമായ അനുമാനം നാം സ്വീകരിക്കേണ്ടിവരും.

### യുക്തിജന്യങ്ങളായ ന്യായങ്ങൾ

എന്നാൽ ദൈവത്തിന്റെ അസ്തിത്വം തെളിയിക്കുന്ന യുക്തിജന്യങ്ങളായ ന്യായങ്ങളുണ്ട്, എത്രയോ നൂററാണ്ടുകൾക്കു മുമ്പുമുതൽ അവ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു! അവയുടെ സാധുത്വം കാലംകൊണ്ടു ശക്തി കൂടീട്ടുള്ളതല്ലാതെ കുറഞ്ഞിട്ടില്ല. സയൻസ് വളരെയധികം പുരോഗമിച്ചിട്ടുള്ള ആധുനികകാലത്തും അവ പ്രബലങ്ങളായിത്തന്നെയിരിക്കുന്നു. അതിനു തെളിവ് സയൻസിൽ പ്രാമാണികന്മാരായ ബഹുഭൂരിപക്ഷം പണ്ഡിതന്മാർ പ്രസ്തുത ന്യായങ്ങൾ സ്വീകരിച്ച് ഉറച്ച ദൈവവിശ്വാസികളായി ജീവിക്കുകയും മരിക്കുകയും ചെയ്തിട്ടുള്ളതാണ്. സയൻസ് പ്രകൃതിയിൽ നിരീക്ഷണപരീക്ഷണങ്ങളാൽ കണ്ടുപിടിച്ചിട്ടുള്ള വസ്തുതകൾ പ്രസ്തുതന്യായങ്ങളെ ദുർബലപ്പെടുത്തുന്നതിനു പകരം സുശക്തമാക്കുകയാണു ചെയ്തിട്ടുള്ളതു്. ഈ വസ്തുതകളിലൊന്ന് പ്രപഞ്ചത്തിൽ ആകമാനമായും അതിന്റെ ഓരോ അംശത്തിലും പ്രകടിതമായിരിക്കുന്ന ക്രമീകൃതാവസ്ഥയാണ്. അവ ഓരോന്നും ഓരോ പ്രത്യേകലക്ഷ്യത്തോടും അതു പ്രാപിക്കുവാനുള്ള മാർഗ്ഗസംവിധാനത്തോടും കൂടി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഈ ക്രമീകൃതാവസ്ഥ ബുദ്ധിയുടേയും മനസ്സിന്റേയും പ്രയോഗത്തെയാണല്ലോ വിളിച്ചുപറയുന്നതു്. പ്രപഞ്ചത്തെ ഈവിധം സംവിധാനം ചെയ്തിരിക്കുന്ന ബുദ്ധിയും മനസ്സുമുള്ള സത്വത്തെയാണ് ദൈവമെന്നു വിളിക്കുന്നതു്. ആ ബുദ്ധിയും മനസ്സും ഒന്നെങ്കിൽ സ്വയം ഉള്ളതു്, അല്ലെങ്കിൽ മറെറാരു സത്വത്തിൽനിന്നു വാങ്ങിയതു്. സ്വയം ഉള്ളതാണെങ്കിൽ അതാണു ദൈവം. വാങ്ങിയതാണെങ്കിൽ, അതുനല്കിയ സത്വം സ്വയം ഉള്ളതോ മറെറാന്നിൽനിന്നു വാങ്ങിയതോ എന്ന പ്രശ്നം ഉദിക്കുന്നു. ഈ പ്രശ്നം എത്രവളരെ പിന്നോട്ടു തള്ളിക്കൊണ്ടുപോയാലും അവസാനത്തിൽ സ്വയം ഉള്ള, മറെറാരുത്തനിൽ നിന്നും വാങ്ങാത്ത, ഒരു ബുദ്ധിയും മനസ്സും ഉണ്ടെന്നു സമ്മതിച്ചേ മതിയാവൂ. അല്ലാത്തപക്ഷം പ്രപഞ്ചത്തിൽ നാം കാണുന്ന ക്രമീകൃതാവസ്ഥയ്ക്കു കാരണമായ ബുദ്ധിയും മനസ്സും ഇല്ലെന്നുവരും. കാര്യത്തിനു മതിയായ കാരണമുണ്ടായിരിക്കേണ്ടതു യുക്തി അനുശാസിക്കുന്ന അലംഘനീയമായ, സ്വയം വിശദമായ, തത്വമാണല്ലോ. പ്രപഞ്ചത്തിലെ ഇന്നത്തെ ക്രമീകൃതാവസ്ഥ മുമ്പിലത്തേതിൽനിന്നു ഭേദപ്പെട്ടതും വികസിച്ചതുമാണെന്നു സയൻസ് പണ്ഡിതന്മാർ സകലരും, നിരീശ്വരന്മാർപോലും, സമ്മതിക്കുന്നുണ്ട്. അതിന്റെ അർത്ഥം പ്രപഞ്ചത്തിലെ ക്രമീകൃതാവസ്ഥ ഒരു കാര്യം (Effect) ആണെന്നാകുന്നു. കാര്യമാണെങ്കിൽ അതിനു കാരണമുണ്ടായിരിക്കണം. കാര്യമാകാത്ത കാരണത്തിൽ അവസാനം ചെന്നെത്തിയെങ്കിലേ അന്വേഷിച്ചു പുറപ്പെടുന്ന കാരണം കണ്ടെത്തുന്നുള്ളു. കാര്യമല്ലാത്ത കാരണത്തെയാണ് ദൈവമെന്നുവിളിക്കുന്നതു്. ഇങ്ങനെ ദൈവത്തിന്റെ അസ്തിത്വം സ്ഥാപിച്ചശേഷം അവിടുത്തെ ലക്ഷണങ്ങളെപ്പററി, സ്വഭാവത്തെപ്പററി, ദൈവവിശ്വാസികൾ അന്വേഷണം നടത്തുന്നു. അതിനെക്കുറിച്ചുള്ള പ്രതിപാദനം ഇവിടെ അസംഗതമാകയാൽ വിട്ടുകളയുന്നു.

### ദൈവത്തെ ബുദ്ധികൊണ്ടു കാണാം

ബൃഹദാണ്ഡമായ ആൽവൃക്ഷം ചെറിയ ബീജത്തിൽനിന്നാണു വളർന്നുവരുന്നതെന്നു നാം കണ്ണുകൊണ്ടു കാണുന്നതുപോലെ പ്രപഞ്ചത്തിന്റെ മൂലകാരണം ദൈവമാണെന്നുള്ളതു നാം കണ്ണുകൊണ്ടു കാണുന്നില്ലെങ്കിലും, ആ യാഥാർത്ഥ്യം നമുക്കു സംശയിക്കുവാൻ സാദ്ധ്യമല്ലെന്നു രാജാജി പറഞ്ഞതു വാസ്തവം. നാം കാണുന്നതു കണ്ണുകൊണ്ടുമാത്രമല്ല ബുദ്ധികൊണ്ടുമാണ്. കണ്ണുകൊണ്ടു കാണാൻ സാദ്ധ്യമല്ലാത്ത എത്രയോ കാര്യങ്ങൾ നാം ബുദ്ധികൊണ്ടുകാണുകയും ആ കാഴ്ചയെ അടിസ്ഥാനപ്പെടുത്തി നാം സ്വീകരിക്കുകയും ചെയ്യുന്നു. ജീവിതത്തിൽ നാം സ്വീകരിക്കുന്ന കാര്യങ്ങളിൽ മഹാഭൂരിപക്ഷവും ബുദ്ധികൊണ്ടു മാത്രം നാം കണ്ടിട്ടുള്ളതാണ്. ബുദ്ധികൊണ്ടുള്ള ഈ കാഴ്ചയെയാണ് ന്യായവാദം (Reasoning) എന്നു വിളിക്കുന്നതു്. നിരീക്ഷണപരീക്ഷണങ്ങൾ വഴിയായി കണ്ടുപിടിക്കുന്ന വസ്തുതകളെ ആധാരമാക്കി സയൻസു പണ്ഡിതന്മാർ നിരന്തരം ന്യായവാദം ചെയ്യുന്നുണ്ട്. അതുവഴിയായിട്ടാണ് അവർ സിദ്ധാന്തങ്ങൾ (Theories) രൂപീകരിക്കുന്നതു്. ദൈവത്തിന്റെ അസ്തിത്വവും ലക്ഷണങ്ങളും കണ്ടുപിടിക്കുവാൻ തത്വശാസ്ത്രജ്ഞന്മാർ ഈ മാർഗ്ഗം ഉപയോഗിക്കുന്നു. പ്രകൃതിശാസ്ത്രത്തിൽ ന്യായവാദമാർഗ്ഗേണ യാഥാർത്ഥ്യങ്ങൾ കണ്ടുപിടിക്കാമെങ്കിൽ ദൈവശാസ്ത്രത്തിൽ എന്തുകൊണ്ടങ്ങനെ പാടില്ല? ന്യായവാദം യുക്തിയുക്തമായിരിക്കണമെന്നേയുള്ളു. അല്ലാത്തപക്ഷം അബദ്ധമായ അനുമാനത്തിൽ ചെന്നെത്തും. തത്വശാസ്ത്രസമ്രാട്ടായ വിശുദ്ധ തോമസ് അക്വിനാസ് ദൈവാസ്തിത്വം സ്ഥാപിക്കുന്ന ന്യായവാദങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. അവ ചരിത്രപ്രസിദ്ധങ്ങളുമാണ്. അവയിൽ യുക്തിഭ്രംശം കണ്ടുപിടിക്കുവാൻ ഇതേവരെ ആർക്കും സാധിച്ചിട്ടില്ല. യുക്തിഭ്രംശം ഇല്ലെങ്കിൽ അവയെ സ്വീകരിച്ചേ മതിയാവൂ. എന്നാൽ പ്രസ്തുതന്യായവാദങ്ങളെ നിരീശ്വരന്മാർ സാമാന്യേന അറിയുകയാകട്ടെ അന്വേഷിക്കുകയാകട്ടെ ചെയ്യാറില്ല. കാറൽ മാർക്സ് അതിനൊന്നാന്തരം ദൃഷ്ടാന്തമാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ നിരീശ്വരത്വം അന്ധമായി സ്വീകരിച്ചിരിക്കുന്നതല്ലാതെ ഈശ്വരാസ്തിത്വത്തെ തെളിയിക്കുന്ന ന്യായങ്ങളെ സ്പർശിക്കുകപോലും ചെയ്തിട്ടില്ല. നിരീശ്വരന്മാരുടെ അനേകം ഗ്രന്ഥങ്ങൾ അനേകകാലത്തേക്കു താൻ വായിച്ചുകൊണ്ടിരുന്നെങ്കിലും അവരിലാരുംതന്നെ പ്രസ്തുത ന്യായവാദങ്ങളെ ഖണ്ഡിക്കുന്നതുപോയിട്ട് അറിഞ്ഞിട്ടുണ്ടെന്നു കാണിക്കുകപോലും ചെയ്തിട്ടില്ലെന്നും, ഒരു പണ്ഡിതൻ അവയെ അറിഞ്ഞതായി താൻ കണ്ടെങ്കിലും അദ്ദേഹം അവയെ തെററിദ്ധരിക്കുകയും തെററിദ്ധരിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നും ഒരു കാലത്തു് അവിശ്വാസിയായിരുന്ന, ഇപ്പോൾ കത്തോലിക്കനായിരിക്കുന്ന അർനോൾഡ് ലൺ പ്രസ്താവിക്കുന്നു. പ്രസ്തുത ന്യായവാദങ്ങളെ ഖണ്ഡിക്കുവാൻ ഞങ്ങൾ നിരീശ്വരന്മാരെ വീണ്ടും വെല്ലുവിളിക്കുന്നു.

## അടുത്ത ആഴ്ചയിൽ

ജൂൺ

12 ഞാ: പന്തക്കുസ്താ 1-ാം ഞായർ. ത്രിത്വത്തിന്റെ തിരുനാൾ
13 തി: അന്തോനീസ് പാദുവാ
14 ചൊ: ബസേലിയോസ്, ഏലീശാ നിവ്യ
15 ബു: വിത്തോസും മൊദെസ്തോസും ക്രെസേന്തിയായും
16 വ്യാ: വി. കുർബാനയുടെ തിരുനാൾ (കടം)
17 വെ: അദോൾഫ്
18 ശ: എഫ്രേം

## പ്രാദേശികവാർത്തകൾ

പോങ്കോത്ര വിൻസെന്റ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നെല്ലായി പള്ളിയിൽ വച്ച് മേയ് 23-ാംനു മുതൽ ഒരു ജ്ഞാനധ്യാനം നടത്തി. റവ. ഫാ. തോമസ് അടമ്പുകുളം ആയിരുന്നു ധ്യാനഗുരു. ധ്യാനത്തിൽ സംബന്ധിക്കുന്നതിനു സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിലേക്കായി സാധുകുടുംബങ്ങൾക്ക് അരി, വസ്ത്രം, പണം ആദിയായവ കോൺഫറൻസിൽനിന്നു സംഭാവന ചെയ്തു.

—കാഥികൻ ശ്രീ ജോസഫ് ചിറയേടൻ (കുഴുപ്പിള്ളി) കോങ്ങോർപ്പിള്ളി, അരിക്കുഴ, കണ്ടശ്ശാങ്കടവ് എന്നീ സ്ഥലങ്ങളിൽ കഥാപ്രസംഗങ്ങൾ നടത്തിയതായും മെഡൽ, വെള്ളിക്കപ്പ് മുതലായ സമ്മാനങ്ങൾക്കു അർഹനായതായുമറിയുന്നു.

—ചെമ്പിളാവ് യുവജനസമാജം, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം മേയ് 29-ാംനു റവ. ഫാ. തോമസ് കലേക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. തദവസരത്തിൽ റവ. ഫാ. ജെ. ടി ചൊവ്വാററുകുന്നേൽ ഒരു പ്രസംഗം ചെയ്തു.

—വൈക്കം ഫൊറോനാപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ 19-ാമതു വാർഷികയോഗം മേയ് 29-ാംനു റവ. ഫാ. ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും മിസ് എൻ. ഐ. സെലിൻ ബി. എ. ഓണേഴ്സ് (വിദ്യാർത്ഥിനി), മി. സി. വി. ജേക്കബ് ബി. എസ് സി. ബി. എൽ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. "അമളി" എന്ന ഗദ്യപ്രഹസനം യോഗാനന്തരം അഭിനയിക്കപ്പെട്ടു.

—വൈക്കം കന്യകാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഇംഗ്ലീഷ്

മിഡിൽസ്കൂൾ ഈ വർഷംമുതൽ ഒരു ഹൈസ്കൂളാക്കുന്നതിനു ഗവമ്മെൻറിൽനിന്നു അനുമതി ലഭിച്ചിരിക്കുന്നു.

—കോതമംഗലം കാത്തലിക് യൂണിയൻേറയും മരിയാസഖ്യത്തിൻേറയും സംയുക്തവാർഷികം മേയ് 29-ാംനു ശ്രീ ജോർജ്ജ് തോമസ് കൊട്ടുകാപ്പിള്ളി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തി. പ്രസ്തുത യോഗത്തിൽ ശ്രീ. കെ. പി. ഉറുമീസ് ബി. എ. ബി. എൽ. ഒരു പ്രസംഗം ചെയ്തു.

—കവീക്കുന്നു സി. എ. സി., കാത്തലിക് കോൺഗ്രസ് ശാഖ, സൺഡേസ്കൂൾ ഇവയുടെ സംയുക്തവാർഷികം റവ. ഫാ. സി. ടി. കോട്ടാരം ബി. എ. ബി. ടി. യുടെ അദ്ധ്യക്ഷതയിൽ ഇടവം 16-ാംനു നടന്നു. മെ. വി. കെ. കുര്യൻ ബി. എ., എ. ടി. ദേവസ്യ ബി. എ. എന്നിവർ പ്രസംഗിച്ചു.

—രാജഗിരിയിൽ വി. യൗസേപ്പു പിതാവിൻെറ നാമത്തിൽ നടത്തിവരുന്ന ഡിസ്പെൻസറിയിൽനിന്നും കഴിഞ്ഞകൊല്ലത്തിൽ 1250 പേൎക്കു വൈദ്യസഹായം നല്കിയിരിക്കുന്നതായറിയുന്നു. ഹെർബോമിനറൽ ചികിത്സാസമ്പ്രദായമാണ് അവിടെ സ്വീകരിച്ചിരിക്കുന്നതു്. പ്രസ്തുതസ്ഥാപനത്തിൻെറ മേൽനോട്ടം വഹിക്കുന്നതു് വെ. റവ. ഫാ. ജോൺ അക്കരയാണ്.

—ആനക്കല്ലിൽനിന്നും തിരുപ്പത്തൂർ മിഷനിലേക്കു പോകുന്ന മി. കെ. സി. കുഞ്ഞമ്പായിക്കു് റവ. ഫാ. ജേക്കബ് ഞാവത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ചു് ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു.

—അത്രർ സെൻറ് അഗസ്റ്റിൻസ് ഇംഗ്ലീഷ് സ്കൂൾഹാളിൽവച്ചു് നവകാഥികൻ ആൻറണി ആർ. പരിമണത്തു് "രക്തകാന്തി" എന്ന ഖണ്ഡകാവ്യത്തെ അധിജീവിച്ചു് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. കാഥികനു് പല പാരിതോഷികങ്ങളും ലഭിച്ചു.

—തിടനാട്ട് ഇടവകയിലെ സൊഡാലിററി, സി. ഇ. സി. സൺഡേസ്കൂൾ, ചെറുപുഷ്പ മിഷൻ സംഘം എന്നിവയുടെ സംയുക്ത വാർഷികസമ്മേളനം മേയ് 29-ാംനു റവ. ഫാ. വയലികളപ്പുര ബി. എ. എൽ. ടി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മെ: പി. എം. ജോസഫ് ബി. എസ് സി., എം. എ. മാത്യു ബി. എ. എന്നിവർ പ്രസംഗിച്ചു.

—കൂനമ്മാവു ആശ്രമത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന മരിയാസഖ്യത്തിൻേറയും യുവജനസമാജത്തിൻേറയും സംയുക്തവാർഷികം റവ. ഫാ. അന്ത്രയോസ് ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

—കൂനമ്മാവു കമ്മലീത്താ സന്യാസിനികളുടെ വകയായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ പുതുതായാരംഭിച്ചിരിക്കുന്നു.

—കരിമണ്ണൂർ കത്തോലിക്കാകോൺഗ്രസിൻേറയും മരിയാസഖ്യത്തിൻേറയും സംയുക്തവാർഷികസമ്മേളനം റവ. ബ്രദർ എമ്മാനുവൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മെ. എം. എസ്. ജോസഫ് മണിമലത്തറപ്പിൽ, പി. വി. വക്കി പാറയന്നിലം എന്നിവരായിരുന്നു പ്രാസംഗികർ.

[താമസിച്ചു കിട്ടുന്ന വാത്തകൾ പ്രസിദ്ധപ്പെടുത്തുന്നതല്ല.]

## കൊച്ചിവാർത്തകൾ

### പൊതു ഒഴിവ്

ബ്രിട്ടീഷ് രാജാവിൻെറ ജന്മദിനം പ്രമാണിച്ചു് ജൂൺ 9-ാംനു സംസ്ഥാനത്തു് ഒരു പൊതുഒഴിവുദിനമായിരിക്കും.

### മദ്യനിരോധനം

1125 ചിങ്ങം 1-ാംനു മുതൽ തലപ്പിള്ളി താലൂക്കിൽ മദ്യനിരോധനമേർപ്പെടുത്താൻ ഗവമ്മെൻറു് ഉത്തരവായിരിക്കുന്നു.

### കലാലയ പ്രവത്തകന്മാരുടെ കോൺഫറൻസ്

കൊച്ചിയിലെ കോളെജുകളെ തിരുവിതാംകൂർ സർവ്വകലാശാലയോടു അഫിലിയേററു ചെയ്യുക എന്ന വിഷയത്തെപ്പററി പര്യാലോചിക്കുന്നതിനായി കൊച്ചിയിലെ കോളെജധികൃതന്മാരുടേയും പ്രമുഖ വിദ്യാഭ്യാസ പ്രവത്തകന്മാരുടേയും ഒരു കോൺഫറൻസ് ജൂൺ 2-ാംനു എറണാകുളം മഹാരാജാസ് കോളെജ്ഹാളിൽവച്ചു് തിരുവിതാംകൂർ സർവ്വകലാശാലാ വൈസ് ചാൻസലർ മി. പാപ്പുവത്തിൻെറ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കൊച്ചി വിദ്യാഭ്യാസ മന്ത്രി ശ്രീ സി. എ. ഔസേപ്പ് സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് ഒരു ലഘുപ്രസംഗം ചെയ്തു. തുടന്നു് മി. ജി. ആർ. നാരായണയ്യർ, ഷെവലിയർ സി. ജെ. വക്കി, പ്രൊഫസർ എൽ. എം. പൈലി, പ്രൊഫസർ പെട്ട എന്നിവരുടേയും പ്രസംഗങ്ങൾ ഉണ്ടായിരുന്നു. യോഗാന്ത്യത്തിൽ പാസാക്കപ്പെട്ട പ്രമേയങ്ങളിൽ, തിരുവിതാംകൂർ യൂണിവേഴ്സിററി ആക്ടിൽ വരുത്തേണ്ട ചില ഭേദഗതികളെ പരിഗണിച്ചുകൊണ്ടും മററു വിവിധ കാരണങ്ങൾകൊണ്ടും കൊച്ചിയിലെ കോളെജുകൾ തിരുവിതാംകൂർ സർവ്വകലാശാലയോടു അഫിലിയേററുചെയ്യുന്ന കാര്യം ഒരു വർഷത്തേക്കു നീട്ടിവയ്ക്കണമെന്നു ഇരുഗവമ്മെൻറുകളോടും ശുപാർശചെയ്തിരിക്കുന്നു.

### അഫിലിയേററുചെയ്യുന്നു

കൊച്ചിഗവമ്മെൻറിൽനിന്നും ഇടവം 22-ാംനു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ്നോട്ടിൽ, എറണാകുളത്തെ മഹാരാജാസ് കോളെജും ചിററൂരെ ഗവമ്മെൻറു കോളെജും തൃശ്ശൂരെ രാമവർമ്മ കോളെജും തിരുവിതാംകൂർ സർവ്വകലാശാലയോടും അഫിലിയേററു ചെയ്യുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നുവെന്നും അഫിലിയേഷനുമുമ്പു് തിരുവിതാംകൂർ സർവ്വകലാശാലയുടെ പേരു കേരളസർവ്വകലാശാല എന്നാക്കുന്നതാണെന്നും പ്രസ്താവിച്ചിരിക്കുന്നു. സംയോജനം സംബന്ധിച്ചു് കൂടിയ മന്ത്രിമാരുടെ കോൺഫറൻസിൽ തിരുവിതാംകൂറിലെ കോളെജുകളും കൊച്ചിയിലെ ഗവമ്മെൻറു കോളെജുകളും ഈക്കൊല്ലം മുതൽതന്നെ ഒരേ യൂണിവേഴ്സിററിയുടെ കീഴിൽ വരണമെന്നു തീരുമാനിച്ചിട്ടുണ്ടെന്നും കൊച്ചിയിലെ പ്രൈവററു് കോളെജുകളും പ്രസ്തുതനയം അനുവത്തിക്കുന്നതായിരിക്കും ഉത്തമമെന്നും പ്രസ്നോട്ടിൽ തുടന്നു പറഞ്ഞിരിക്കുന്നു. മദ്രാസ് സർവ്വകലാശാലയോടു അഫിലിയേററു ചെയ്യപ്പെട്ടിരിക്കുന്ന കോളെജ് സീനിയർ ക്ലാസുകൾ അപ്രകാരംതന്നെ തുടരുന്നതായിരിക്കും.

### സ്ഥിരംപോലീസ് കമ്മീഷണർ

എക്സൈസ് കമ്മീഷണറായ മി. എ. എൽ. ദേവസി ബി. എ ബി. എൽ. നെ പോലീസ്കമ്മീഷണരായി സ്ഥിരപ്പെടുത്തിയിരിക്കുന്നു.

## ക. കോൺഗ്രസ് ഹെഡ്ഓഫീസ്

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ഹെഡ്ഓഫീസ് എറണാകുളത്തുനിന്നും ജൂൺ 1-ാംനു കോട്ടയത്തേക്കു മാററിയിരിക്കുന്നു. ഇപ്പോഴത്തെ മേൽവിലാസം "അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ഹെഡ് ഓഫീസ്, ഗുഡ്ഷെപ്പേർഡ് സ്ട്രീററ്, കോട്ടയം" എന്നാണ്.

## തിരുവിതാംകൂർ വാർത്തകൾ

### റേഷൻക്കൂട്ടി

സംസ്ഥാനത്തെ റേഷൻ 10 ഔൺസായി വർദ്ധിപ്പിച്ചിരിക്കുന്നു.

### മഹാരാജാവ് ഡൽഹിയിൽ

തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിൻെറ ഉൽഘാടനം സംബന്ധിച്ചു് കേന്ദ്രഗവമ്മെൻറധികാരികളെ ക്ഷണിക്കുന്നതിനായി തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഡൽഹിയിലെത്തിയിരിക്കുന്നു. ഐക്യസംസ്ഥാനോൽഘാടനം ഒരു മഹാമഹമായി ആഘോഷിക്കുന്നതിലേക്കു് തിരുവിതാംകൂറിൽനിന്നു 41-ം കൊച്ചിയിൽനിന്നു 9-ം അംഗങ്ങളടങ്ങിയ ഒരു കമ്മിററി രൂപവൽകൃതമായിരിക്കുന്നു.

### സബ് ഇൻസ്പെക്ടരുദ്യോഗം നിർത്തലാക്കി

നിർബന്ധിതവിദ്യാഭ്യാസരംഗത്തു് ഹാജർപരിശോധനയ്ക്കുംമററുമായി നിയമിക്കപ്പെട്ടിരുന്ന പ്രൈമറിസ്കൂൾ സബ് ഇൻസ്പെക്ടർമാരുടെ ഉദ്യോഗം നിർത്തൽചെയ്തിരിക്കുന്നു. 143 പേരുണ്ടായിരുന്ന ഇവക്കു പകരം 9 മൂന്നാംഗ്രേഡ് അസിസ്റ്റൻറു് ഇൻസ്പെക്ടർമാരെയാണു നിയമിച്ചിരിക്കുന്നതു്.

### പാഠപുസ്തകങ്ങൾ

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ ഗവമ്മെൻറിൽനിന്നും പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില്പന മിഥുനം 1-ാംനു മുതൽ ആരംഭിക്കുന്നതാണ്.


# TEXT BOOKS READY FOR SALE

( *New Syllabus* )

## For Cochin and Travancore Schools

| | | | |
|---|---|---|---|
| | For IV Form | | |
| 1 | ഇൻഡ്യാചരിത്രവീക്ഷണം | Part I | Re. 1 4 0 |
| 2 | ലോകചരിത്രവീക്ഷണം | Part I | Re. 1 4 0 |
| 3 | പൌരധർമ്മശാസ്ത്രം | Part I | Re. 0 10 0 |
| | For V Form | | |
| 1 | ഇൻഡ്യാചരിത്രവീക്ഷണം | Part II | Re. 1 8 0 |
| 2 | ലോകചരിത്രവീക്ഷണം | Part II | Re. 1 4 0 |
| 3 | പൌരധർമ്മശാസ്ത്രം | Part II | |
| | For VI Form | | |
| 1 | ധനതത്വപ്രവേശിക | Part III | Re. 2 0 0 |

(For Travancore Schools only)

For copies apply to : K. E. JOB, M. A., L. T., Changanachery, Travancore


## ഇന്ത്യാവാർത്തകൾ

ദൈവനാമത്തിൽ സത്യപ്രതിജ്ഞ

മേയ് 31-ാംനു കൂടിയ കോൺസ്റ്റിട്യുവൻറ് അസംബ്ലിയോഗത്തിൽ, പ്രവിശ്യാഗവർണ്ണർമാരെ ഇൻഡ്യൻ യൂണിയൻെറ പ്രസിഡണ്ടുതന്നെ നേരിട്ടു നിയമിക്കേണ്ടതാണെന്നും ഗവർണ്ണർമാർ ദൈവത്തിൻെറ നാമത്തിൽ സത്യപ്രതിജ്ഞചെയ്തു തൽസ്ഥാനം സ്വീകരിക്കണമെന്നും തീരുമാനിച്ചിരിക്കുന്നു. പ്രവിശ്യാനിയമസഭ നിർദ്ദേശിക്കുന്ന നാലുപേരിൽ ഒരാളെയായിരിക്കണം പ്രസിഡണ്ടു ഗവർണ്ണരായി നിയമിക്കുന്നതു് എന്നൊരു ഭേദഗതികൂടി സഭ അംഗീകരിച്ചിട്ടുണ്ടു്. ഗവർണ്ണരുടെ ഉദ്യോഗകാലാവധി പ്രസിഡണ്ടിൻെറ ഇഷ്ടപ്രകാരം 5 കൊല്ലമായിരിക്കും.

### മി. റോച്ചു് വിക്ടോറിയ

മദ്രാസിലെ 12-ാമത്തെ മന്ത്രിയായി മി. ജെ എൽ. പി. റോച്ചു് വിക്ടോറിയ ജൂൺ 1-ാംനു ചാർജ്ജെടുത്തിരിക്കുന്നു. തൂത്തുക്കുടി മെത്രാൻ ഭാഗ്യ. റവ. ഡോക്ടർ റോച്ചു് വിക്ടോറിയ തിരുമനസ്സിലെ സഹോദരനായ ഇദ്ദേഹം മദ്രാസ് നിയമസഭയിൽ ഉപരിമണ്ഡലത്തിലെ മൂന്നു ഇൻഡ്യൻ ക്രിസ്ത്യൻ മെമ്പർമാരിൽ ഒരാളാണു്. ഇദ്ദേഹത്തിനിപ്പോൾ 55 വയസ്സു പ്രായമുണ്ടു്.

## ചോദ്യോത്തരപംക്തി

**ചോ:** വേദപുസ്തകം ദൈവവാക്യമാണ്, അഥവാ വേദപുസ്തകത്തിൻെറ കത്താവു ദൈവമാണ് എന്നു പറയുന്നതു എന്തത്ഥത്തിലാണ്?

**ഉ:** ഒരാൾക്കു മൂന്നു പ്രകാരത്തിൽ ഒരു പുസ്തകത്തിൻെറ കത്താവാകാം. ഒന്നുകിൽ തനിച്ചു പുസ്തകമെഴുതി, അല്ലെങ്കിൽ ഓരോ വാക്കും പറഞ്ഞുകൊടുത്തു എഴുതിച്ചു്, അതുമല്ലെങ്കിൽ ആശയം മാത്രം കൊടുത്തു മററു വല്ലവരെക്കൊണ്ടും എഴുതിക്കയും ആശയത്തിനു മാററമൊന്നും വരാതെ പ്രത്യേകം നിഷ്കർഷിക്കയും ചെയ്തുകൊണ്ടു്. ഇതിൽ മൂന്നാമത്തെ വിധത്തിലാണു ദൈവം വേദപുസ്തകത്തിൻെറ കത്താവാണെന്നു പറയുന്നതു്. അവിടുന്നു വേദപുസ്തകത്തിൻെറ വിവിധഭാഗങ്ങൾ എഴുതിയവരെ അതിനു് ആന്തരികമായി പ്രേരിപ്പിക്കയും എന്തെല്ലാം ആശയങ്ങൾ അവർ എഴുതണമെന്നു് അവിടുന്നു തിരുമനസ്സായിരുന്നുവോ അവമാത്രം യാതൊരു വ്യത്യാസവും കൂടാതെ എഴുതുന്നതിനു അവരെ സഹായിക്കയുമാണു ചെയ്തിട്ടുള്ളതു്. ഇതിനു ദൈവനിവേശനം (Inspiration) എന്നു പറയുന്നു. ഇതിൽ ആശയമെല്ലാം ദൈവത്തിൻേറതാണെങ്കിലും വാക്കുകളും രചനാരീതിയും ഓരോ എഴുത്തുകാരൻേറയും സ്വന്തമാണു്. സുവിശേഷത്തിൽ ഒരേസംഗതിയെക്കുറിച്ചു പലർ എഴുതിയിരിക്കുന്നതു താരതമ്യപ്പെടുത്തിനോക്കിയാൽ ഈ വസ്തുത പ്രത്യക്ഷത്തിൽ കാണാം. ഉദാഹരണമായി തിരുവത്താഴത്തിൽ വീഞ്ഞു കൂദാശചെയ്യുന്നതിനെപ്പററി വി. മത്തായിയും വി. ലൂക്കായും പറയുന്നതുതന്നെ എടുക്കാം. "പിന്നെ അവിടുന്നു പാനപാത്രമെടുത്തു സ്തോത്രം ചെയ്തു് അവക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ. ഇതു പാപങ്ങളുടെ മോചനത്തിനായി വളരെപ്പേക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എൻെറ രക്തമാകുന്നു." (വി. മത്താ. XXIV, 27-28).

"അവർ അത്താഴം കഴിച്ചശേഷം, ഇങ്ങനെതന്നെ പാനപാത്രത്തെപ്പററിയും അവിടുന്നു അരുളിച്ചെയ്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറരക്തംകൊണ്ടുള്ള പുതിയനിയമം (ആകുന്നു)." (വി. ലൂക്കാ XXII, 20).

കൂദാശചെയ്ത വീഞ്ഞു നമുക്കായി ചിന്തപ്പെടുന്ന ദിവ്യരക്ഷകൻെറ രക്തമാണെന്നുള്ള ഒരേ ആശയം ദൈവനിവേശനംവഴി അവക്കു ലഭിക്കുന്നെങ്കിലും ഒരേ വാക്കുകളല്ല അവർ ഉപയോഗിച്ചു കാണുന്നതു്. വേദപുസ്തകത്തിൻെറ ഇതരഭാഗങ്ങളെക്കുറിച്ചും ഇതുതന്നെ പറയാം. അതിനാൽ വേദപുസ്തകം ദൈവനിവേശിതം (Inspired) എന്നുള്ള അത്ഥത്തിലാണ് ദൈവവാക്യം എന്നു പറയുന്നതു്. ദൈവനിവേശിതഗ്രന്ഥം യഥാത്ഥത്തിൽ സ്വന്തമെന്നു പറയത്തക്കവണ്ണം, പലപ്പോഴും എഴുത്തുകാരൻ അറിയാതെ തന്നെ, ദൈവം അയാളെ ശക്തിയായി പ്രേരിപ്പിച്ചു എഴുതിക്കയാണു ചെയ്യുന്നതു്. അല്ലാതെ മാർപ്പാപ്പയുടെ അപ്രമാദപ്രസ്താവനകളിലെന്നപോലെ അയാൾ തൻെറ ഹിതാനുസരണം എഴുതുന്നതിൽ തെററുവരാതെയിരിക്കാൻ സൂക്ഷിക്കമാത്രമല്ല പരിശുദ്ധാത്മാവു ഇവിടെ ചെയ്യുന്നതു്. അതിനാൽ പ്രസ്തുതഗ്രന്ഥങ്ങൾ ദൈവവാക്യങ്ങളെന്നു പറയുന്നതു തികച്ചും യുക്തിയുക്തമത്രെ. (Fr. A.)

## പാചകയോഗം

(കുടുംബിനി)

### തേങ്ങാ കേക്ക്

നല്ലതുപോലെ മൂത്ത ഒരു തേങ്ങ, എട്ടു കോഴിമുട്ട, മുക്കാൽറാത്തൽ പഞ്ചസാര, നാഴി വറുത്ത അരിപ്പൊടി, ഒരു ജാതിക്കയുടെ പകുതി, അല്പം പനിനീരു്.

തേങ്ങ ചുരണ്ടി നല്ലതുപോലെ അരച്ചെടുക്കുക. മുട്ടയുടെ ഉണ്ണി കുറേനേരം വെട്ടിയശേഷം പഞ്ചസാരചേത്തു് വീണ്ടും വെട്ടുക. പിന്നീടു് അരച്ചുവച്ചിരിക്കുന്ന തേങ്ങ, അരിപ്പൊടി, ജാതിക്കാപൊടി ഇവ ചേത്തു കുഴച്ചു് പനിനീരു തളിച്ചുവയ്ക്കുക. ആവശ്യമനുസരിച്ചു മുട്ടയുടെ വെള്ളയും അടിച്ചുചേത്തശേഷം നെയ് പുരട്ടിയ പാത്രത്തിലൊഴിച്ചു് ചുട്ടെടുക്കുക.

എഴുത്തുപെട്ടി

# ക്രിസ്തു മിഥ്യാപുരുഷനെന്നോ?

(ബിഷപ്പ് ബൻസിഗർ, ബിഷപ്പ് ഗിൽ എന്ന മഹാന്മാരെ സംബന്ധിച്ച രസകരങ്ങളായ ചില അനുസ്മരണങ്ങൾ)

ഇടവം 5-ാം നം-യിലെ "സത്യദീപ"ത്തിൽ "ക്രിസ്തു മിഥ്യാപുരുഷനെന്നോ?" യെന്നുള്ള അഭിധാനത്തിൽ ടി. സി. എ ഴുതിയ ലേഖനം എന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. പ്രസ്തുത ലേഖനം, താക്കർഖാൻ ചന്ദ്രവമ്മയുടെ പുസ്തകത്തെ ഖണ്ഡിച്ചു ഞാൻ 29 വർഷങ്ങൾക്കു മുമ്പ് എഴുതിയ "ക്രിസ്തുവിന്റെ കഥ കള്ളക്കഥയോ?" എന്ന പുസ്തകത്തിന്റേയും അതിനു എന്നെ പ്രേരിപ്പിച്ച സംഭവങ്ങളുടേയും സ്മരണ എന്റെ സ്മൃതിപഥത്തിൽ ആവിർഭവിപ്പിച്ചു. ഏതൽഫലമാണ് ഈ ലേഖനം. ഫാദർ ലെബോ എഴുതിയ ഇംഗ്ലീഷ് പുസ്തകത്തെ സംബന്ധിച്ചു കേട്ട ശ്രീമാൻ ടി. സി., എന്റെ മലയാളഗ്രന്ഥത്തെപ്പററി യാതൊന്നും കേൾക്കാഞ്ഞതിൽ ഞാനത്ഭുതപ്പെടുന്നു.

ശരിയാണ്, ഉദ്ദേശം മുപ്പതുവർഷങ്ങൾ കഴിഞ്ഞിരിക്കണം, ആ ലാഹൂർക്കാരൻ കേരളത്തിൽ വന്നുപോയിട്ട്. ചന്ദ്രവമ്മ ആദ്യം തൃശ്ശൂരിൽവന്നു്, ക്രിസ്തു ഒരു ചരിത്രപുരുഷനാണെന്നു തെളിയിച്ചാൽ പതിനായിരം രൂപാ സമ്മാനം നല്കാമെന്നു വീരവാദം മുഴക്കി. എന്റെ സതീർത്ഥ്യനായ ഫാദർ പാലോക്കാരൻ എനിക്കു എഴുതി, ആ വിദ്വാന്റെ വെല്ലുവിളി സ്വീകരിക്കാൻ. അതു എന്നെക്കാൾ പാടവമുള്ള മററു വല്ലവരും കൈയേല്ക്കട്ടെയെന്നു പറഞ്ഞു ഞാനൊഴിഞ്ഞു.

ചന്ദ്രവമ്മ എറണാകുളത്തുവന്നു്, അതേ വെല്ലുവിളിതന്നെ ആവത്തിച്ചു. "സത്യനാദം" പത്രാധിപർ, എനിക്കു എഴുതി, ക്രിസ്തു ചരിത്രപുരുഷനാണെന്നു തെളിയിക്കാൻ. അപ്പോഴും ഞാൻ മൗനം ദീക്ഷിക്കയാണു ചെയ്തതു്. മൂന്നാമതു്, വിദ്വാൻ കോട്ടയത്തു എത്തി. അന്നു സക്കാർ വക്കീലായിരുന്ന പി. കെ. നാരായണപിള്ളയുടെ ആദ്ധ്യക്ഷത്തിൽ കൂടിയ മീററിങ്ങിൽവച്ചു്, ക്രിസ്തു മിഥ്യാപുരുഷനാണെന്നും, അല്ലെന്നു തെളിയിച്ചാൽ പതിനായിരം രൂപാ കൊടുക്കാമെന്നും പ്രസംഗിച്ചു. അന്നു്, സമീപസ്ഥമായ മാന്നാനത്തു ഹൈസ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു ഞാൻ. എന്നിട്ടും കോട്ടയത്തെ പ്രസംഗത്തിനു മറുപടിപറയാൻ എന്നോടു ഒരുരുത്തരും ആവശ്യപ്പെട്ടില്ല. പക്ഷേ, ആ പ്രസംഗത്തിന്റെ മാറൊലി, എന്റെ ശ്രോത്രപുടങ്ങളിൽ അലതല്ലി. മറുപടിപറയാതെ എനിക്കു സൈ്വരമുണ്ടാകയില്ലെന്നുള്ള മട്ടിലുമായി. താക്കർഖാൻ ചന്ദ്രവമ്മയുടെ വെല്ലുവിളി ഞാൻ സ്വീകരിക്കതന്നെ ചെയ്തു. തൽഫലമാണു് "ക്രിസ്തുവിന്റെ കഥ കള്ളക്കഥയോ?" എന്ന എന്റെ ഗ്രന്ഥം. സി. എം. എസ്. പ്രസ്സിൽ ആയിരം പ്രതികൾ ഞാനച്ചടിപ്പിച്ചു. അഞ്ചു മാസംകൊണ്ടു് പ്രതികളെല്ലാം ചെലവായി.

ചന്ദ്രവമ്മയുടെ ഇംഗ്ലീഷ് പുസ്തകത്തിന്റെ തർജ്ജമ, കൊല്ലത്തെ മനോമോഹനം പ്രസ്സിൽനിന്നാണു് ഇറങ്ങിയതു്. എന്റെ പ്രത്യാഖ്യാനകൃതിയുടെ ഒരു പ്രതി ബിഷപ്പ് ബൻസിഗർ തിരുമേനിക്കു ഞാനയച്ചുകൊടുത്തു. അതു വായിച്ചോ, വായിപ്പിച്ചോ കേട്ടു്, തിരുമനസ്സുകൊണ്ടു് എന്നെ അഭിനന്ദിച്ചു് ഒരു കത്തയക്കുകയും പുസ്തകത്തിന്റെ ഇരുനൂറു പ്രതികൾ വി. പി. അയക്കാനാവശ്യപ്പെടുകയും ചെയ്തു. കൊല്ലം രൂപതയിലെ പല ബ. പട്ടക്കാരും അതു വരുത്തി വായിക്കണമെന്നു ഉപദേശിക്കയുമുണ്ടായി.

ആയിടെ, ബൻസിഗർ തിരുമേനിയെ കാണാൻ ഞാൻ കൊല്ലത്തുപോയി. ആദ്യമായിട്ടു്, കാണ്ടിസെമിനാരിയിലെ ഒരു പൂർവ്വവിദ്യാർത്ഥിയായ, സെമിനാരി റെക്ടർ ഫാദർ ജോൺ റിബയിരോ അവർകളെ ഞാൻ സന്ദർശിച്ചു. അദ്ദേഹവുമൊരുമിച്ചു ഞാൻ മനോമോഹനം പ്രസ്സിൽ ചെന്നു മാനേജരെ കണ്ടു.

ഞാൻ:—മിസ്റ്റർ, "ക്രിസ്തുവിന്റെ കഥ കള്ളക്കഥ" എന്ന പേരിൽ, ഒരു ബുക്കു് നിങ്ങൾ ഇറക്കിയിട്ടുണ്ടല്ലോ! അതിന്റെ ഒരു പ്രതി വിലയ്ക്കുതരുമോ?

മാനേജർ:—(ക്രുദ്ധനായി) ആരു പറഞ്ഞു ഈ കഥ! ഇവിടെ അങ്ങനെ ഒരു പുസ്തകം അച്ചടിച്ചിട്ടില്ല.

ഞാൻ:—നിങ്ങളുടെ പത്രത്തിൽ പരസ്യം കണ്ടു. ചിലരുടെ പക്കൽ പുസ്തകവും ഉണ്ടു്. നിങ്ങളുടെ പ്രസ്സിലടിച്ചതായി കാണുകയും ചെയ്തു.

മാനേജർ:—ഹെയി! ഒരിക്കലുമില്ല. നിങ്ങൾക്കു് അബദ്ധം പിണഞ്ഞതാണു്.

ഇതെന്തു മറിമായമാണെന്നു വിചാരിച്ചു ഞാൻ അത്ഭുതപ്പെട്ടു—മാനേജർ വിഷയം മാററാൻ തിടുക്കമായി. ഫാദർ റിബയിരോയോടായി പിന്നീടു കുശലം. ഞാൻ ഒന്നും പറഞ്ഞതുമില്ല പിന്നെ. എങ്കിലും അവർ വത്തമാനം പറഞ്ഞുകൊണ്ടിരുന്നപ്പോൾ, പ്രസ്സ് ഒന്നു ചുററിനടന്നു കാണാൻ അനുവാദം വാങ്ങിക്കൊണ്ടു് ഞാൻ ഓഫീസിൽ നിന്നിറങ്ങി. ഒരു കൊമ്പോസിററെ രഹസ്യമായി വിളിച്ചു:"ഹെ ഹി!"ക്രിസ്തുവിന്റെ കഥ കള്ളക്കഥ" എന്നൊരു പുസ്തകം ഇവിടെ അച്ചടിച്ചല്ലോ — അതെന്തു ചെയ്തു?"

കൊമ്പോസിററർ:—അതു ഒരു നേരമ്പോക്കാണു ഫാദർ! വടക്കു് എവിടെയോ ഉള്ള ഒരു കത്തനാർ, ആ പുസ്തകത്തെ ഖണ്ഡിച്ചു് ഒരു ഗ്രന്ഥമിറക്കി. ചന്ദ്രവമ്മയുടെ പുസ്തകം, വ്യാജച്ചരക്കുകളുടെ ഇറക്കുമതിയാണെന്നും നവീനമായി അതിലൊന്നുമില്ലെന്നും കത്തനാർ തെളിയിച്ചിട്ടുണ്ടു്. രാജ്യവാസികളുടെ ഇടയിൽ വിദ്വേഷവും വർദ്ധിപ്പിക്കും, ചന്ദ്രവമ്മയുടെ പുസ്തകം പ്രചരിപ്പിച്ചാൽ. അതുകൊണ്ടു ആ പുസ്തകങ്ങളെല്ലാം ചുട്ടുകളഞ്ഞു. ഇതു ഫാദർ വെളിയിൽ പറയേണ്ട.

കൊല്ലം രൂപതയിലെ ഫാദർമാരെപ്പോലെ എന്റെ അരയിലും കറുത്ത ഒരു സാരസനം കെട്ടിച്ചാണു് ഫാദർ റിബയിരോ എന്നെ കൊണ്ടുപോയതു്. അങ്ങനെ അന്നു അവിടെ നിയമവുമുണ്ടായിരുന്നു. തന്നിമിത്തം പ്രസ്സുകാരൻ ഞാനൊരു കത്തനാരാണെന്നോ പ്രത്യാഖ്യാനഗ്രന്ഥത്തിന്റെ പ്രണേതാവാണെന്നോ സ്വപ്നത്തിൽപ്പോലും ഊഹിച്ചതുമില്ല!

ആയിടെതന്നെ ഒരു സായാഹ്നത്തിൽ, ബിഷപ്പ് ഗില്ലും മദാമ്മയുംകൂടി ഇദംപ്രഥമമായി മാന്നാനം ഹൈസ്കൂളിൽ വന്നു. മാനേജരും ഹെഡ്മാസ്റ്ററും മററു പ്രധാനപ്പെട്ട അദ്ധ്യാപകന്മാരുംകൂടി പ്രശസ്താതിഥികളെ സ്വീകരിച്ചു. സ്കൂളിലെ ഒരു മുൻഷിമാത്രമായിരുന്ന ഞാൻ എന്റെ മുറിയിൽത്തന്നെ ഇരുന്നു. സ്ഥലത്തെ ഉപാദ്ധ്യായന്മാരുടെ കൂട്ടത്തിലുള്ള കത്തനാരെ കാണ്മാൻ ഔത്സുക്യാധിക്യത്തോടെ വന്ന സായിപ്പും മദാമ്മയും ഭഗ്നാശരായി. അവർ വിചാരിച്ചിരുന്നതു "റോമ്മാപാതിരി"മാക്കു് വേദപുസ്തകം ഒരു മുടക്കപ്പെട്ട ഗ്രന്ഥമാണെന്നായിരുന്നു. സി. എം. എസ്. പ്രസ്സിൽ അച്ചടിച്ച എന്റെ പുസ്തകം ബിഷപ്പിന്റെ സെക്രട്ടറിയായിരുന്ന ശ്രീമാൻ കോരുള ആശാൻ, ഇന്നത്തെ ബിഷപ്പ് ജേക്കബിന്റെ അപ്പൻ, തർജ്ജമചെയ്തു ബിഷപ്പിനെ കേൾപ്പിക്കുകയും, അദ്ദേഹം സന്തോഷിച്ചു 150 പ്രതികൾ വിലയ്ക്കു എടുക്കുകയും, "ജ്ഞാനനിക്ഷേപം" എന്ന സി. എം. എസ്. മാസികയിൽ ഒരു മുഖപ്രസംഗം പുസ്തകത്തെ സ്തുതിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ഇതൊന്നും അന്നു ഞാനറിഞ്ഞിരുന്നില്ല. പുസ്തകകത്താവിനെ ഒന്നു കാണണമെന്നു സായിപ്പിനും, കൂടുതൽ മദാമ്മയ്ക്കും കൗതുകമുണ്ടായതിന്റെ ഫലമായിരുന്നു ആ ദമ്പതിമാരുടെ സന്ദർശനം. "നിങ്ങളുടെ കൂട്ടത്തിൽ ഒരു കത്തനാരുണ്ടല്ലോ, അദ്ദേഹമെവിടെ?" മദാമ്മ മാനേജരോടു ചോദിച്ചു. ഉടനെ എന്നെ വിളിച്ചു. ഞാൻ ചെന്നു ബിഷപ്പിനും മദാമ്മയ്ക്കും ഉപചാരം ചെയ്തു. മദാമ്മ പറഞ്ഞു:—So you are Father Mattom. We have read your book on Christ and His Gospels. We are very much pleased with it and we have come to congratulate you.

ബിഷപ്പ് ഗിൽ:—We have asked our Pastors to buy copies of it and to spread it everywhere.

ഞാൻ:—I am very grateful to your Lordship and to Madamme for your kindness and gracious visit to this institution.

പിന്നെയും ഞങ്ങൾ ഓരോന്നു പറഞ്ഞു. അവർ സ്ഥലം വിടുകയും ചെയ്തു.

ലാഹൂർക്കാരനായ താക്കർഖാൻ ചന്ദ്രവമ്മ തിരുവിതാംകൂറിൽനിന്നു അതിനുമുമ്പേതന്നെ കടന്നുകഴിഞ്ഞിരുന്നു. അതിൽപ്പിന്നെ ഈയിടെ സത്യദീപപംക്തികളിൽ ആ മനുഷ്യൻ പുനരുത്ഥാനം ചെയ്തുകണ്ടു.

റാഷനലിസ്റ്റുകാർ എഴുതിത്തള്ളിവിട്ടിട്ടുള്ളതും, ഇന്നു വിവരമുള്ളവരാരും വകവയ്ക്കാത്തതുമായ ചില പഴഞ്ചരക്കുകൾ പിന്നെയും പിന്നെയും ചില കുബുദ്ധികൾ മലയാളത്തിൽ ഇറക്കുമതിചെയ്യുകയാണു്. അതുകൊണ്ടു് ആരും വിസ്മയിക്കേണ്ടതില്ല. ലോകാവസാനംവരെ ഇങ്ങനെ തുടന്നുകൊണ്ടിരിക്കയും ചെയ്യും.

"ക്രിസ്തുവിന്റെ കഥ കള്ളക്കഥയോ?" എന്നുള്ള എന്റെ പുസ്തകത്തിന്റെ ഒരു പുതിയ പതിപ്പ് ഇറക്കുവാൻ ഇനി കാലവിളംബം വരുത്താവുന്നതല്ല എന്നുള്ള നിശ്ചയത്തിൽ ഞാനെത്തിച്ചേന്നിരിക്കുന്നുവെന്നുകൂടി പ്രസ്താവിച്ചുകൊണ്ടു ഈ അനുസ്മരണം സമാപിക്കട്ടെ! ക്രിസ്തുവിന്റെ കഥ കള്ളക്കഥയോ എന്ന പുസ്തകം 1920-ലാണു ഇറങ്ങിയതു്. അതിനു് അഞ്ചുവർഷംമുമ്പ് "നസ്രേത്തിലെ യോഗി" എന്നൊരു ലഘുപുസ്തകവും ഉണ്ടു് വീണ്ടും അച്ചടിപ്പിക്കാൻ. അതിന്റെ പ്രതി കൈവശമുള്ളവർ, "സത്യദീപം" പത്രാധിപക്കോ, എനിക്കു നേരിട്ടോ അയച്ചുതരണം. അതിന്റെ താമസമേ ഉള്ളു വീണ്ടും അച്ചടിപ്പിക്കാൻ.

ഫാദർ സി. കെ. മററം,
49 മെയ് 30. കുറവിലങ്ങാട്ട്,
തിരുവിതാംകൂർ.

കുർബാനക്കുപ്പായം, കാപ്പ മുതലായ വൈദികവസ്ത്രങ്ങൾ,
സൂർപ്ലീസ്, ആൾബാ, ലേസുകൾ,
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരി വർക്സ്,
ബ്രോഡ്‌വേ എറണാകുളം

—

## ഗുരുവിന്റെ നേക്ക്

(5-ാംപേജ് തുടർച്ച)

അദ്ദേഹം ജോസിനെ സമീപിച്ചു.

"ഇതു കണ്ടോ?"

ഒരു കഠാരിയാണു് അവന്റെ കൈയിലിരുന്നു വെട്ടിത്തിളങ്ങിയതു്. അതിന്റെ ആ സുരച്ഛഭ മുററിയ രക്തദാഹം പ്രകടമാക്കി. ഒരു ചുടലക്കളത്തിന്റെ ഭീകരതയും അച്ചടക്കവും അവിടെ വ്യാപിച്ചു. ഗുരുശിഷ്യന്മാരുടെ മദ്ധ്യേ അവർ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ആശ്ചര്യചിഹ്നംപോലെ ആ കൊലയായുധം അവന്റെ കൈയിൽ ഉയന്നുനിന്നു. വിദ്യാശരണനായ അദ്ധ്യാപകന്റെ ജീവൻ അറുക്കപ്പെട്ടേക്കാവുന്ന ഭയങ്കരനിമിഷങ്ങളാണു കടന്നുപോയതു്. മേൽക്കൂരപ്പഴുതിലൂടെ ഉൾപ്രവേശിച്ച അപരാഹ്നസൂര്യന്റെ പരുഷകിരണങ്ങൾ ആ നാരകീയരംഗത്തെ ഉൽക്കണ്ഠയോടെ ഉററുനോക്കിക്കൊണ്ടിരുന്നു.

ജോസിന്റെ ദേഹം കുടുകുടെ വിയത്തു. വികാരസ്തബ്ധനായി വിറങ്ങലിച്ചുനിന്ന അവനെ സങ്കോചത്തോടെയാണു മന്ദമാരുതൻ തഴുകിയതു്. കൃതനിശ്ചയനെപ്പോലെ ആ വിഭ്രാന്തചിത്തൻ അലറി: "ഓറക്കത്തിനു നിന്നെ ഞാൻ…………" കുറെ അസഭ്യവാക്ശരങ്ങൾകൂടി അവന്റെ ധനുർവക്ത്രം വമിക്കുകയുണ്ടായി.

"നിനക്കു ഭ്രാന്തോ?"

ആ ദൈവിക പ്രതിപുരുഷൻ ചോദിച്ചു. അമട്ടു പൊട്ടുമ്പോലുള്ള ശബ്ദപ്രളയമാണു പിന്നെ അവിടെ പൊങ്ങിയതു്.

"അതേ, എനിക്കു ഭ്രാന്തു്!…………
ഹ ഹ ഹ! ഈ ലോകത്തിനു ഭ്രാന്തു്
……………… ഭ്രാന്തുതന്നെ ഭ്രാന്തു്……
അമ്പമ്പട!……ഇതെന്തു്? കഠാരിയോ?
അതേ, കഠാരി……… എന്നെ പിളന്നു വിഴുങ്ങാത്ത ഈ ഭൂമിയെ കുത്തിപ്പിളക്കാനുള്ള കഠാരി!! …… കൊള്ളാം! കൊള്ളാം! നിനക്കുതന്നെ ചെല്ലട്ടെ കുത്തു് ……" ആ ഉന്മത്തചിത്തൻ കഠാരി ഊക്കോടെ നിലത്തു കുത്തിയിറക്കി പൊട്ടിച്ചിരിച്ചു: "ഹ ഹ ഹ! വിദ്യാർത്ഥി കോൺഗ്രസ്സ് സിന്ദാബാദ്! എടുത്തു പറയെടാ നാറികളെ! വിദ്യാർത്ഥി കോൺഗ്രസ്സ് സിന്ദാബാദ്!! ആഹാ! നിങ്ങൾക്കു നാക്കില്ല അല്ലേ! ആട്ടെ; എടുത്തു പറയാൻ ആളുണ്ടോ എന്നു ഞാൻ നോക്കട്ടെ." ഭൂതം വേർപെട്ടുപോകുന്നതുപോലെ ആ നീചസത്വം അന്തരീക്ഷത്തെ ഭേദിച്ചുകൊണ്ടു നിഷ്ക്രമിച്ചു.

* * *

ആ സ്കൂൾമുററത്തു തണൽവിരിച്ചു നിന്ന മൂളമരം പിന്നീടു നാലാമതു വസന്തം ആഘോഷിക്കുകയാണു്. ആ മൈതാനത്തു തടിച്ചുകൂടിയ വൻസദസ്സ് അദ്ധ്യക്ഷപ്രസംഗം ശ്രദ്ധിച്ചുകേട്ടു. "ദുർഗ്ഗുണപരിഹാരപാഠശാലയിലെ സുശിക്ഷിതമായ ജീവിതത്തിനുശേഷം മടങ്ങിവന്നിരിക്കുന്ന ജോസിനെ അനുമോദിക്കുക, അവന്റെ ഭീമാപരാധത്തിനു് എന്നോടു പരസ്യമായി മാപ്പുചോദിക്കുക, വൈദിക പഠനത്തിനു പോകുവാൻ നിശ്ചയിച്ചിരിക്കുന്ന അവനെ അഭിനന്ദിക്കുക, എന്നീ വിവിധങ്ങളായ ഉദ്ദേശങ്ങളാണു് ഈ യോഗത്തിനുള്ളതു്………ജോസിന്റെ അധഃപതനം ഒരു സാധനപാഠമായി സ്വീകരിച്ചുകൊണ്ടു് ഞാൻ ഉദ്ബോധിപ്പിച്ചുകൊള്ളട്ടെ: കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തെ ലക്ഷ്യമാക്കി അദ്ധ്യാപകർ ചെയ്യുന്ന സദുദ്ദേശഭരിതങ്ങളായ ഏർപ്പാടുകളോടു സഹകരിച്ചുകൊണ്ടു് രക്ഷാകത്താക്കൾ മാതൃകാപരമായ ഗാർഹികശിക്ഷണം നൽകണം. വഴിപിഴച്ച സംഘടനകളോടു കുട്ടികൾക്കു തോന്നാവുന്ന പ്രവണതയെ നിങ്ങൾ കശ്നമായി നിയന്ത്രിക്കണം………പാടം വളക്കൂറുള്ളതായിരുന്നാലും വിത്തു നന്നായിരിക്കുകയും കളകൾ യഥാകാലം പിഴുതുമാററപ്പെടുകയും ചെയ്താലേ അഭിലഷണീയമായ ഫലം ലഭിക്കുകയുള്ളു."

——

## നിങ്ങൾക്കറിയാമോ?

(4-ാം പേജ് തുടച്ച)

(ഉത്തരങ്ങൾ)

1 മർഗ്ഗരീത്താമറിയം അലക്കോക് എന്ന പുണ്യവതിക്കു്.

2 ഫ്രാൻസിൽ പാരലെമോണിയായിലെ കന്യകാലയക്കപ്പേളയിൽ വച്ചു്.

3 1675-ൽ (ജൂൺ 16-ാംനു-)

4 നമ്മുടെ നേക്കുള്ള അവിടുത്തെ അനന്തസ്നേഹം.

5 ഒമ്പതു മാസാദ്യവെള്ളിയാഴ്ച അടുപ്പിച്ചു കുമ്പസാരിച്ചു് വി. കർബാന സ്വീകരിക്കുന്നവർ ദൈവവരപ്രസാദം കൂടാതെ മരിക്കാൻ ഇടവരികയില്ല എന്നുള്ളതു്.

——

## ക: വിദ്യാർത്ഥികൾ

ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ 508 കത്തോലിക്കാ വിദ്യാർത്ഥികൾ അദ്ധ്യയനം ചെയ്തുവരുന്നു.

പ്രഭാഷണം

# ദൂരദർശിനി

"ഹാ, ദൈവത്തിൻെറ സമ്പത്തിൻെറയും ജ്ഞാനത്തിൻെറയും ബുദ്ധിയുടെയും ആഴം! എന്തുകൊണ്ടെന്നാൽ അവിടുത്തെ വിധികളെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. അവിടുത്തെ വഴികൾ പരിശോധിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്തവയുമാണു്. കർത്താവിൻെറ മനസ്സു് അറിഞ്ഞവർ ആരുണ്ടു്? അല്ലെങ്കിൽ, അവിടുത്തെ ആലോചനക്കാരനായിരുന്നവൻ ആരാണു്? അവിടുത്തേക്കു എന്തെങ്കിലും മുമ്പേ കൊടുത്തിട്ടു് പിന്നെ അങ്ങിൽനിന്നു വാങ്ങിച്ചവനും ആർ? എന്തുകൊണ്ടെന്നാൽ എല്ലാം അങ്ങിൽനിന്നും, എല്ലാം അങ്ങയിലും, എല്ലാം അങ്ങയാലും അത്രെ. അവിടുത്തേക്കു് എന്നും എന്നേക്കും സ്തുതികളും പുകഴ്ചകളും ഉണ്ടായിരിക്കട്ടെ. ആമ്മേൻ" (പ. ത്രിത്വ. ഞായർ; ലേഖനം: റോമ്മ XI, 33—36).

രാത്രികാലങ്ങളിൽ മേഘപടലങ്ങളില്ലാത്ത നീലിമയോലുന്ന ആകാശവീഥിയിൽ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രജാലത്തെ നാം കണ്ണിമയ്ക്കാതെ ചിലപ്പോൾ നോക്കിനിൽക്കാറുണ്ടു്; അഭൗമമായ ഒരാനന്ദം തദവസരങ്ങളിൽ നമുക്കു് അനുഭവവേദ്യമാകാറുമുണ്ടു്. വെറും നഗ്നമായ കണ്ണുകൾകൊണ്ടു ഏകദേശം 6000 നക്ഷത്രങ്ങളെ നമുക്കു കാണുവാൻ കഴിയുമെന്നാണു് ശാസ്ത്രജ്ഞന്മാർ പറയുന്നതു്. എന്നാൽ നവീനശാസ്ത്രം അതിൻെറ ആശ്ചര്യകരമായ പുരോഗതിയിൽ മനുഷ്യർക്കു ഒരു യന്ത്രവിശേഷം പ്രദാനംചെയ്തു—ദൂരദർശിനി. ഈ യന്ത്രത്തിൻെറ സഹായത്താൽ വെറും കണ്ണുകൾകൊണ്ടു കാണുവാൻ കഴിയാത്ത ലക്ഷോപലക്ഷം നക്ഷത്രങ്ങളെ നമുക്കു കാണുവാൻ സാധിക്കുന്നു. അങ്ങനെ ജ്യോതിർവിജ്ഞാനീയത്തിൽ ദൂരദർശിനീയന്ത്രം പുതിയൊരദ്ധ്യായം തുറന്നു. അനേകം കോടി നാഴികദൂരത്തിൽ സ്ഥിതിചെയ്യുന്ന നക്ഷത്രങ്ങൾപോലും ശാസ്ത്രജ്ഞന്മാർ ദൂരദർശിനിയിൽക്കൂടി കണ്ടറിഞ്ഞു് അവയുടെ ഗതിവിഗതികൾ നിർണ്ണയിച്ചുതുടങ്ങി. യന്ത്രസഹായം കൂടാതെ കാണുവാൻ കഴിയുന്ന നക്ഷത്രങ്ങൾതന്നേയും നൂറും ആയിരവും ഇരട്ടി വലിപ്പത്തിൽ കാണുവാനും ഈ യന്ത്രം ഉപകരിച്ചു.

നമ്മുടെ വിശ്വാസമെന്ന പുണ്യത്തെ ഈ ദൂരദർശിനിയോടുപമിക്കാം; ബുദ്ധിക്കു കണ്ണിൻെറ സ്ഥാനവും നൽകാം. കൺമുമ്പാകെ ദൂരദർശിനിക്കുഴൽ സ്ഥാപിച്ചുകൊണ്ടു് അതിൽക്കൂടി നോക്കുമ്പോൾ നഗ്നനേത്രങ്ങൾക്കു് അദൃശ്യങ്ങളും ദൂരസ്ഥിതങ്ങളുമായ നക്ഷത്രങ്ങൾ സ്പഷ്ടമായി ദൃശ്യമാകുന്നതുപോലെ നമ്മുടെ ബുദ്ധിയുടെ സഹായത്തിനായി വിശ്വാസമാകുന്ന ദൂരദർശിനി വെച്ചു നോക്കിയാൽ വെറും ബുദ്ധികൊണ്ടു് കണ്ടുപിടിക്കാൻ സാധിക്കാത്ത പല ദൈവികതത്വങ്ങളും കാണുവാൻ കഴിയുന്നു. പലപ്പോഴും വളരെ ദൂരത്തിലുള്ള നക്ഷത്രങ്ങളാണെങ്കിൽ അവ ഉണ്ടെന്നു കാണുവാനല്ലാതെ അവയുടെ ആന്തരികമായ ഘടനയെ വിശകലനം ചെയ്തു പഠിക്കുവാനും മററും ദൂരദർശിനികൊണ്ടു സാധിച്ചില്ലെന്നുവരാം. അപ്രകാരംതന്നെ സത്യമതത്തിലെ പരമരഹസ്യങ്ങളുടെ കാര്യകാരണബന്ധങ്ങളേയോ സാരാംശത്തേയോ പരിപൂർണ്ണമായി ഗ്രഹിക്കുവാൻ നമ്മുടെ വിശ്വാസമാകുന്ന ദൂരദർശിനി ഉപകരിക്കുന്നില്ലെങ്കിലും അവയുടെ അസ്തിത്വത്തെപ്പററി നമുക്കു് ഉറപ്പുതരുവാൻ അതു ധാരാളം പര്യാപ്തമാണു്. നഗ്നനേത്രങ്ങൾക്കു ദൃശ്യമാകുന്ന സൂര്യചന്ദ്രനക്ഷത്രാദികളെത്തന്നെ ദൂരദർശിനീയന്ത്രം കൂടുതൽ വലുതാക്കിക്കാണിക്കുന്നതുപോലെ, ബുദ്ധികൊണ്ടു മനസ്സിലാക്കാവുന്ന സത്യങ്ങൾതന്നെ വിശ്വാസദൃഷ്ടിയോടെ വീക്ഷിക്കുമ്പോൾ കൂടുതൽ പ്രസ്പഷ്ടതയും വിപുലീകരണവും അവയ്ക്കു സിദ്ധിക്കുന്നു. പത്രോസിൻെറ പരമാധികാരം ഒരുവൻെറ ബുദ്ധിയുപയോഗിച്ചു് വായിച്ചു മനസ്സിലാക്കാവുന്ന ഒരു ചരിത്രവസ്തുതയാണു്. എന്നാൽ വിശ്വാസമാകുന്ന ദൂരദർശിനിയിൽക്കൂടി നോക്കുമ്പോൾ അതിലെ യുക്തിയും ഔചിത്യവും ഭംഗിയും കൂടുതൽ സ്പഷ്ടമാകുന്നു.

നക്ഷത്രങ്ങളുടെ ദർശനം—അതും, ദൂരദർശിനിയിൽക്കൂടി നോക്കുമ്പോൾ—ആരെയും പുളകംകൊള്ളിക്കുന്ന ഒന്നാണു്. കുറെ വർഷങ്ങൾക്കുമുമ്പു് ബോംബെയിലെ ഒരു പ്രമുഖപത്രത്തിൽ ഇന്ത്യയിലെ മഹാന്മാരോടു ഒരു ചോദ്യം ഉന്നയിക്കപ്പെട്ടു: "നിങ്ങൾ മരണശേഷം മനുഷ്യജീവിതം പുനരാരംഭിക്കുകയാണെങ്കിൽ എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു്?" എന്നു്. ഈ ചോദ്യത്തിനു പലേ മഹാന്മാരും മറുപടി നൽകിയ കൂട്ടത്തിൽ സുപ്രസിദ്ധ ശാസ്ത്രജ്ഞനായ സർ സി. വി. രാമൻ, തൻെറ ജീവിതം മുഴുവനും ദൂരദർശിനിയിൽക്കൂടി നക്ഷത്രങ്ങളെ ദർശിക്കുന്നതിൽ ചെലവഴിക്കുമെന്നു പ്രത്യുത്തരം നൽകി. അതെ, ദൂരദർശിനിയിൽക്കൂടി പ്രത്യക്ഷപ്പെടുന്ന ആകാശപ്പരപ്പു നമ്മുടെ കണ്ണും കരളും കവരുന്ന ഒരു മനോഹരകാഴ്ചതന്നെയാണു്. ഇതുപോലെതന്നെ വിശ്വാസമാകുന്ന ദൂരദർശിനിയിൽക്കൂടി നോക്കുമ്പോൾ നമ്മുടെ മതതത്വങ്ങളുടെ ഭംഗിയും, വിശ്വാസ്യതയും, യോജിപ്പും, ഔചിത്യവും, സർവ്വോപരി ദൈവത്തിൻെറ അനന്തമായ പ്രേമത്തിൻെറ പരിശോഭയും സുതരാം സ്പഷ്ടമാകുന്നതാണു്.

വിശ്വാസം എന്താണു്? നാം പ്രതീക്ഷിച്ചിരിക്കുന്ന സംഗതികളുടെ കാതലും കാണപ്പെടാത്തകാര്യങ്ങളുടെ പ്രസ്പഷ്ടീകരണവുമാണു വിശ്വാസമെന്നു വി. പൗലോസ് അപ്പസ്തോലൻ പറയുന്നു (Heb. xi-1). ദൈവത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ പലതും നമ്മുടെ ബുദ്ധിശക്തിക്കു് അതീതങ്ങളാണു്. ദൈവം വെളിപ്പെടുത്തിയാൽ മാത്രമേ നമുക്കു അവയുടെ അസ്തിത്വത്തെക്കുറിച്ചുപോലും ഗ്രഹിക്കുവാൻ സാധിക്കയുള്ളു. ഇന്നു നാം പ. ത്രിത്വത്തിൻെറ തിരുനാളാണല്ലൊ കൊണ്ടാടുന്നതു്. ദൈവം ഏകനാണു്; എന്നാൽ അതേസമയം ദൈവത്തിൽ മൂന്നാളുകളുണ്ടു്; അവരോരോരുത്തരും ദൈവമാണു്; എന്നാൽ മൂന്നാളുകളുംകൂടി ഒരു ദൈവമേ ആകുന്നുള്ളു—ഇതാണു പ. ത്രിത്വത്തിൻെറ പരമരഹസ്യം. ഈ ഗഹനമായ തത്വം ദൈവം വെളിപ്പെടുത്തിയിട്ടുള്ളതുകൊണ്ടു വിശ്വാസയോഗ്യമാണു്; വിശ്വസിക്കുവാനുള്ള കടമയും നമുക്കുണ്ടു്. എന്നാൽ എങ്ങനെയാണു് ദൈവം ഏകനും അതേസമയം മൂന്നാളുകളുള്ളവനുമായിരിക്കുന്നതെന്നു നമ്മുടെ പരിമിതബുദ്ധികൊണ്ടു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. "ഭൂമിയിൽ ഉള്ള സംഗതികളെ സംബന്ധിച്ചുതന്നെ നാം പലപ്പോഴും ശരിയായി ഗ്രഹിക്കുന്നില്ല; അങ്ങനെയെങ്കിൽ സ്വർഗ്ഗത്തിലെ സംഗതികളെ എങ്ങനെ മനസ്സിലാക്കാൻ സാധിക്കും?" (Wisdom) അതുകൊണ്ടുതന്നെയാണു് ഇന്നത്തെ ലേഖനത്തിൽ "ഹാ, ദൈവത്തിൻെറ സമ്പത്തിൻെറയും ജ്ഞാനത്തിൻെറയും ബുദ്ധിയുടെയും ആഴം!..." എന്നിങ്ങനെ വി. ശ്ലീഹാ പ്രസ്താവിക്കുന്നതു്. ദൈവം വെളിപ്പെടുത്തുന്ന രഹസ്യങ്ങളെ പണ്ഡിതപാമരഭേദമെന്യെ സകലരും തലകുനിച്ചു സ്വീകരിക്കണം.



ശബ്ദത്തെക്കാൾ വേഗതയിൽ സഞ്ചരിക്കുന്ന വിമാനം

## സ്നേഹനാഥസ്തവം

(ഭൂമിയിൽമാനിട. എ. മ.)

1. സ്നേഹസ്വരൂപനാമേശുവേ! നിൻപദം
സ്നേഹഭക്ത്യാ നമിക്കുന്നു ഞങ്ങൾ.
സ്നേഹാൽ സ്വജീവനെ മർത്ത്യർക്കായ് ഹോമിച്ച
സ്നേഹസ്വരൂപാ! നീ വാഴ്ക! വാഴ്ക! (സ്നേഹ.......

2. സ്നേഹമാലല്ലയോ നാകം വെടിഞ്ഞു നീ
സ്നേഹമാലല്ലോ പുല്ലിൽ ജനിച്ചു
സ്നേഹമാലല്ലയോ പീഡനമേററു നീ
സ്നേഹമാലല്ലോ വരിച്ചു മൃത്യു! (സ്നേഹ.......

3. സ്നേഹിച്ചു മർത്ത്യരെ നീ, യന്ത്യമോളവും
സ്നേഹിച്ചവരെ; യതിൻ ലക്ഷ്യമായ്
സ്നേഹക്രൂദാശയാം ശുദ്ധകുർബ്ബാനയെ
സ്നേഹാൽ പ്രതിഷ്ഠിച്ച സ്നേഹനാഥാ! (സ്നേഹ ......

4. സ്നേഹിക്കും നിന്നെ ഞാനേശുമഹേശാ! നിൻ
സ്നേഹത്തെ വാഴ്ത്തും ഞാനെന്നുമെന്നും.
സ്നേഹാഗ്നി മന്നിൽ ജ്വലിപ്പിക്കുവാൻ വന്ന
സ്നേഹമാമേശുവേ! പാഹിമാം നീ! (സ്നേഹ.......

(ടി. എൽ. ജോർജ്ജ്, വട്ടതല.)

ചിലർ പറയും കത്തോലിക്കർ കണ്ണുംപൂട്ടി വിശ്വസിക്കുന്നുവെന്നു്—ബുദ്ധിയുപയോഗിക്കാതെ അന്ധമായി വിശ്വസിക്കുന്നുവെന്നു്. ഈ അബദ്ധമായ കുററാരോപണത്തിൻെറ പൊള്ളത്തരം ഗ്രഹിക്കുവാൻ ദൂരദർശിനിയുടെ ഉപമ മാത്രം എടുത്താൽമതി. കണ്ണുണ്ടെങ്കിൽ മാത്രമേ ദൂരദർശിനി ഉപയോഗപ്പെടുകയുള്ളു. കണ്ണില്ലെങ്കിൽ അഥവാ കണ്ണടച്ചുകളയുന്നുവെങ്കിൽ ദൂരദർശിനി നിഷ്പ്രയോജനമാണു്. ഇതുപോലെതന്നെ വിശ്വാസത്തിലും ബുദ്ധിയെ ഉപയോഗിക്കണം; അതിനെ മാററിവെക്കുവാൻ പാടില്ല. വിശ്വാസത്തിൻെറ ആധാരത്തെ (Motives of Credibility) പരിശോധിച്ചു മനസ്സിലാക്കുവാൻ ബുദ്ധി ആവശ്യമാണു്. ബുദ്ധിയുപയോഗിച്ചുകൊണ്ടു കാണുവാൻ സാധിക്കാത്ത കാര്യങ്ങൾ ദർശനസാദ്ധ്യമാക്കിത്തീർക്കുകയാണു വിശ്വാസം ചെയ്യുന്നതു്. ലോകത്തിൽത്തന്നെ നാം വിവിധകാര്യങ്ങളിൽ—കൃഷി, കച്ചവടം, വ്യവസായം, ജ്ഞാനസമ്പാദനം തുടങ്ങിയവയിൽ—മററുള്ളവരെ വിശ്വസിക്കുന്നില്ലേ? "നാം മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നുവെങ്കിൽ ദൈവത്തിൻെറ സാക്ഷ്യം അതിലും വലുതാകുന്നു." അയർലണ്ടിലെ സുപ്രസിദ്ധകത്തോലിക്കാനേതാവായിരുന്ന ഡാനിയൽ ഒക്കോണലിനോടു ഒരിക്കൽ ഒരു പ്രോട്ടസ്റ്റൻറുകാരൻ ചോദിച്ചു: "ഇത്ര പണ്ഡിതനും മഹാനുമായ നിങ്ങൾ ഒരു അപ്പക്കഷണത്തിൽ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കുവാൻമാത്രമുള്ള സങ്കുചിതമനസ്ഥിതിയിൽ എങ്ങനെ ചെന്നു ചാടി?" അതിനു ഒക്കോണൽ നൽകിയ മറുപടി പ്രത്യേകം ശ്രദ്ധാർഹമാണു്: "ക്രിസ്തുവിനോടുതന്നെ ചോദിക്കുക. കാരണം അങ്ങുന്നാണു് ഞങ്ങളോടു ഇക്കാര്യം പറഞ്ഞിട്ടുള്ളതു്." ഇതുതന്നെയാണു നമ്മുടെ വിശ്വാസത്തിൻെറ ആധാരം. ദൈവം പറഞ്ഞിട്ടുണ്ടു്; അതുകൊണ്ടു നാം വിശ്വസിക്കുന്നു; ദൈവത്തെ വിശ്വസിക്കുന്നതിനെക്കാൾ യുക്തിയുക്തമായ പ്രവൃത്തി മററെന്താണുള്ളതു്?......പിശാചുബാധിതനായിരുന്ന ബാലൻെറ പിതാവിനോടുകൂടെ "കർത്താവേ, ഞാൻ വിശ്വസിക്കുന്നു; എൻെറ അവിശ്വാസത്തെ സഹായിക്കുക" എന്നും, വി. അപ്പസ്തോലന്മാരോടുകൂടെ "കർത്താവേ, ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമെ" എന്നും നമുക്കു എളിമയോടെ പ്രാർത്ഥിക്കാം.

(ജെ. ചെമ്മണ്ണൂർ)

—




രോഗി: ഡോക്ടറേ, ഇതു ന്യൂമോണിയയാണെന്നു തീർച്ചയുണ്ടോ? ചിലപ്പോൾ ഡോക്ടർമാർ ഒരു രോഗത്തിനു ചികിത്സിക്കും; മറെറാരു രോഗംകൊണ്ടു് ആളു മരിക്കയുംചെയ്യും.

ഡോക്ടർ (സാഭിമാനം): ഞാൻ ന്യൂമോണിയക്കാണു നിങ്ങളെ ചികിത്സിക്കുന്നതെങ്കിൽ നിങ്ങൾ ന്യൂമോണിയകൊണ്ടുതന്നെ മരിക്കും."

* * *

"മേരി, നീ അയാളെ വിവാഹം കഴിക്കാൻ തീരുമാനിച്ചതെന്തുകൊണ്ടാണെന്നെനിക്കു മനസ്സിലാകുന്നില്ല. അയാൾ ഷേക്സ്പിയറെയോ മിൽട്ടനെയോ കുഞ്ചൻ നമ്പ്യാരെയോ ആരെയും ഇഷ്ടപ്പെടാത്ത ഒരാളാണു്."

"പക്ഷെ അയാൾക്കു് എന്നെ ഇഷ്ടമാണു്."

* * *

"ഇങ്കുലാബ് സിന്ദാബാദ്!! മർദ്ദകഭരണം അവസാനിപ്പിക്കും!" പെരുവഴിയിൽ മുഴങ്ങിയ മുദ്രാവാക്യങ്ങൾ കേട്ടു് ആവേശഭരിതനായ സഖാവു തോമസ് ചരുട്ടിയ മുഷ്ടികളോടെ വീട്ടിൽനിന്നും ചാടിയിറങ്ങി ജാഥാനേതാവിനോടു ചോദിച്ചു: "ഇന്നെവിടെയാണു ലാത്തിച്ചാർജ്ജുണ്ടായതും?"

നേതാവു്: "ലാത്തിച്ചാർജ്ജിൻെറയല്ല. എനിക്കിന്നൊരു ലോട്ടറികിട്ടി."

* * *

ഹംഗറിയിലെ ചിലയിനം കോഴികൾ വളരെ വലിയ മുട്ടകൾ ഇടുന്നതായറിയുന്നു. അവിടത്തെ സമത്വമോഹനമായ റേഷനിംഗ് പദ്ധതിക്കു യോജിക്കാത്തവിധത്തിൽ ഇത്തരം പിന്തിരിപ്പൻ നടപടികളിൽ ഏർപ്പെട്ടിരിക്കുന്ന കോഴികൾ ഹംഗേറിയൻ ഗവമ്മെൻറധികാരികളുടെ പിടിയിൽ പെടാതിരിക്കുകയോ!!

* * *

ഈയിടെ പള്ളിവാസൽ പദ്ധതി സന്ദർശിക്കാൻപോയ ഒരുകൂട്ടം ഗവേഷണപ്രിയന്മാരുടെ ഇടയിൽ നടന്ന സംഭാഷണമാണിതു്:—

"അപ്പോൾ ആളിയാ! ഈ കറൻറാക്കെ സ്റ്റോർ ചെയ്യുന്നതു് എവിടെയാ?"

"വല്ല മാങ്ങാഭരണിയിലുമായിരിക്കും."

# രൂപവൽക്കരിക്കേണ്ടതെങ്ങനെ

(ഡേവിഡ് മഹാപിള്ള)

കേരളത്തിൽ സെൻറ് വിൻസൻറ് ഡി പോൾ സഖ്യത്തിനു പ്രചാരവും മതിപ്പും സിദ്ധിച്ചുവരുന്ന ഒരു കാലമാണല്ലോ ഇതു്. ഇരുനൂറിൽപ്പരം ശാഖകൾ ഇന്നു കേരളത്തിൽ പ്രവർത്തനം നടത്തുന്നുണ്ടു്. പലതു ആരംഭിക്കുവാൻ ആലോചനയുള്ളതായും അറിയാം. നിലവിലുള്ള ശാഖകളുടെ പ്രവർത്തനറിപ്പോർട്ടുകളിൽനിന്നു കാണുന്നതു ഇക്കഴിഞ്ഞ വർഷത്തിൽ (1948-ൽ) 60 ക മുതൽ 5000 ക വരെ വരവും 43 ക മുതൽ 4600 ക വരെ ചെലവും ഉള്ളതായിട്ടാണു്. ഈ നിലയ്ക്കു ഓരോ കോൺഫറൻസിൽ (ശാഖയിൽ) നിന്നു ശരാശരി 1300 ക യോളം ചെലവുണ്ടെന്നു കാണാം. ഇങ്ങനെ നോക്കുമ്പോൾ രണ്ടരലക്ഷംരൂപാ കേരളത്തിലെ സെൻറ് വിൻസൻറ് ഡി പോൾ സഖ്യംവഴിയായി സാധുജനസഹായാർത്ഥം കഴിഞ്ഞ വർഷം വിനിയോഗിച്ചിട്ടുണ്ടെന്നു പറയാം. ഇതു ഗണ്യമായ ഒരു കാര്യമാണു്. കേരളീയകത്തോലിക്കർക്കു അഭിമാനകരവുമാണു്. എങ്കിലും ഇത്രമാത്രംകൊണ്ടു ഈ സഖ്യത്തിൻെറ അംഗങ്ങളും പൊതുജനങ്ങളും തൃപ്തിപ്പെടാവുന്നതാണോ?

ചില യാഥാർത്ഥ്യങ്ങളെ പരിഗണിക്കുമ്പോൾ ഇന്നത്തെ പ്രവർത്തനം വേണ്ടത്ര ആകുന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കേരളീയ കത്തോലിക്കരുടെ പ്രതിവർഷമുള്ള ആദായവും പരസ്നേഹപ്രവൃത്തികൾക്കു്, ക്രിസ്തുവിൻെറ ആ ചെറിയവർക്കു വേണ്ടിയുള്ള ഈ ചെലവും—രണ്ടുലക്ഷംരൂപാ—തുലനം ചെയ്യുമ്പോൾ ഈ സംഖ്യ എത്ര തുച്ഛം!! സെ. വി. ഡി. പോൾ സഖ്യത്തിൻെറ ശാഖകളുള്ള ഓരോ ഇടവകയിലേയും കുടുംബങ്ങളുടെ മൊത്തം വരവുചെലവുകളും സഖ്യത്തിൻെറ വരവുചെലവുകളും തമ്മിലുള്ള താരതമ്യം എങ്ങനെ? ഓരോ കുടുംബത്തിൻേറയും ആദായത്തിൽ എത്ര ശതമാനം സാധുക്കൾക്കു വേണ്ടി ഈ സഖ്യംവഴിയായി കൊടുക്കുന്നുണ്ടു്? അതതു ഇടവകയിലെ ആദായത്തിൽ, ആ പൊതുസ്വത്തിൽ, നിന്നു ഈ ധർമ്മസഹായപ്രവൃത്തികളുടെ പ്രോത്സാഹനാർത്ഥം ഈ സഖ്യത്തിനു എന്തു നല്കുന്നുണ്ടു്? ഈവിധകാര്യങ്ങൾ പരിഗണിക്കുമ്പോൾ സഖ്യങ്ങളുടെ സാധുജനസഹായപരമായ പ്രവർത്തനങ്ങൾ അത്ര അഭിമാനിക്കത്തക്കതോ ശ്ലാഘിക്കത്തക്കതോ അല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഈ സഖ്യത്തേയും അതിൻെറ പ്രവർത്തനങ്ങളേയും സംബന്ധിച്ചു പൊതുജനങ്ങൾ വേണ്ടത്ര ഗ്രഹിക്കാത്തതായിരിക്കണം പ്രസ്തുത ശോചനീയാവസ്ഥയ്ക്കുള്ള പ്രധാനകാരണം. അംഗങ്ങൾ തങ്ങളുടെ പ്രവർത്തനംവഴിയായും പ്രചരണംമൂലവും ഇതു പരിഹരിക്കണം. എന്നാൽ നിർഭാഗ്യവശാൽ ഇന്നു പലേടത്തും അംഗങ്ങൾക്കുതന്നെ ഈ സഖ്യത്തെപ്പററി ശരിയായ വിവരമില്ലെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ പൊതുജനങ്ങളുടേയും അംഗങ്ങളുടേയും അറിവിനും പരിഗണനയ്ക്കുമായി ഈ സഖ്യത്തിൻെറ നിയമാവലിയേയും, മാനുവലിനേയും, സ്ഥാപകൻ, കേന്ദ്രസഭയുടെ അദ്ധ്യക്ഷന്മാരാദിയായവരുടെ പ്രസ്താവനകളേയുംമററും ആസ്പദമാക്കി ഏതാനും വിവരങ്ങൾ ഈ ലേഖനദ്വാരാ പ്രതിപാദിച്ചുകൊള്ളുന്നു.

### ശാഖാസ്ഥാപനം

ഒരു ശാഖ സ്ഥാപിക്കുവാനാഗ്രഹിക്കുന്ന ബ. വികാരിയോ മററു വൈദികരോ അൽമേനികളോ ആരായാലും സഖ്യത്തിൻെറ നിയമാവലി വായിച്ചുമനസ്സിലാക്കുകയും കാര്യക്ഷമമായി നടത്തിവരുന്ന ഏതെങ്കിലും കോൺഫറൻസിൽ (ശാഖയിൽ) പോയോ അതിലെ സുസമ്മതരായ ഏതെങ്കിലും പ്രവർത്തകരെ കണ്ടോ പ്രായോഗികവിവരങ്ങൾ ഗ്രഹിക്കുകയും ചെയ്യണം. അനന്തരം ഇതിൻെറ അംഗങ്ങളായിരിക്കുവാൻ പററിയവരെന്നു തങ്ങൾക്കു ബോദ്ധ്യമുള്ള ഏതാനും ആളുകളെ കണ്ടുപിടിക്കുക. അവർക്കു സഖ്യത്തിൻെറ നിയമാവലിയുടെ ഓരോ പ്രതി കൊടുത്തു ആയതു വായിച്ചുഗ്രഹിക്കുവാൻ ഏർപ്പാടു ചെയ്യുകയും അവർ അംഗങ്ങളായാൽ അനുഷ്ഠിക്കേണ്ട ചുമതലകളേയും ചെയ്യേണ്ട പ്രവർത്തനങ്ങളേയും മററുംപററി വിവരിച്ചുപറഞ്ഞു മനസ്സിലാക്കുകയും ചെയ്യണം. ഇതെല്ലാം ഗ്രഹിച്ചശേഷം അംഗങ്ങളായി പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള അഞ്ചോ അധികമോ ആളുകളുണ്ടായാൽ അങ്ങനെയുള്ളവർ ആ ഇടവകവികാരിയുടേയോ, അദ്ദേഹത്തിൻെറ അനുമതിയോടുകൂടി മറേറതെങ്കിലും വൈദികൻേറയോ നേതൃത്വത്തിൽ യോഗമായി ചേർന്നു കോൺഫറൻസു (ശാഖ) ആരംഭിക്കണം. അംഗങ്ങൾ മതപരമായ ചുമതലകൾ മുറപ്രകാരം അനുഷ്ഠിക്കുന്നവരും സാമാന്യമായ മാന്യതയും നിലയുമുള്ളവരും പൊതുവെ സൽസ്വഭാവികളുമായിരിക്കണം. സത്യസന്ധത, ആത്മശോധന, സേവനസന്നദ്ധത, ദീനാനുകമ്പ, കൃത്യനിഷ്ഠ, സഹോദരസ്നേഹം എന്നിത്യാദിഗുണങ്ങൾ സാമാന്യമായിട്ടെങ്കിലും ഉള്ളവരായിരിക്കണം. സഖ്യത്തിൻെറ ആദർശങ്ങളോടു പരിപൂർണ്ണമായി യോജിക്കുന്നവരും അക്ഷരത്തിലും അരൂപിയിലും നിയമം പാലിച്ചു നിസ്വാർത്ഥമായും നിഷ്കർഷമായും പ്രവർത്തിക്കുവാൻ സൗകര്യവും സന്നദ്ധതയുമുള്ളവരും പ്രതിവാരയോഗങ്ങളിൽ നടത്തപ്പെടുന്ന രഹസ്യപ്പിരിവിലേക്കു യഥായോഗ്യം തങ്ങളുടെ ഓഹരി നല്കുവാനുള്ള കഴിവും മനസ്ഥിതിയുമുള്ളവരുമായിരിക്കണം.

യോഗം, നിയമപുസ്തകത്തിൽ കൊടുത്തിട്ടുള്ള പ്രാർത്ഥനകളോടും പരിശുദ്ധാരൂപിയുടെ പ്രത്യേകാശീർവ്വാദമപേക്ഷിച്ചുകൊണ്ടും ആരംഭിക്കണം. സന്നിഹിതരായിരിക്കുന്നവർക്കു് അംഗങ്ങളുടെ ചുമതലകളേയും പ്രത്യേകകടമകളേയും മററും അദ്ധ്യക്ഷൻ വിവരിച്ചുകൊടുക്കണം. അനന്തരം അംഗങ്ങളാകുവാൻ സമ്മതമുള്ളവരുടെ പേരുവിവരം രേഖപ്പെടുത്തണം. തുടർന്നു ഇവരിൽനിന്നു അദ്ധ്യക്ഷൻ (യുക്തമെങ്കിൽ ഒന്നോ രണ്ടോ ഉപാദ്ധ്യക്ഷന്മാർ), സിക്രട്ടറി, ഖജാൻജി, ലൈബ്രേറിയൻ, വസ്ത്രംസൂക്ഷിപ്പുകാരൻ എന്നീ ഭാരവാഹികളെ തിരഞ്ഞെടുക്കണം. ഇക്കാര്യം വളരെ ശ്രദ്ധയോടും ആലോചനയോടുംകൂടി ചെയ്യേണ്ടതാണു്. ഓരോ ചുമതലയ്ക്കും പ്രത്യേക സാമർത്ഥ്യവും താല്പര്യവും വാസനയുമുള്ള ആളെ നോക്കി എടുക്കണം. തുല്യസഹോദരങ്ങളിൽ ജ്യേഷ്ഠന്മാരുടെ നിലയാണു് അവർക്കുള്ളതു്. ഓരോ സ്ഥാനവും ബഹുമതിയെക്കാൾ സേവനത്തിനുള്ള അവസരമായി കരുതി തൻെറ ഭാഗം ചുമതലാബോധത്തോടും സ്തുത്യർഹമായും നിറവേറുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടവരാണു് ഉദ്യോഗസ്ഥാംഗങ്ങൾ.

### പ്രസിഡൻറു്

"പ്രസിഡൻറു് ഏതുതരമോ അതുപോലെയിരിക്കും കോൺഫറൻസും" എന്നാണു അനുഭവത്തിൽനിന്നു അനുമാനിക്കപ്പെട്ടിരിക്കുന്നതു്. ഒരു കപ്പലിലെ കപ്പിത്താനു തുല്യമാണു് ഒരു കോൺഫറൻസിൻെറ പ്രസിഡൻറു്. ഒരു കുടുംബത്തിലെ പിതാവിൻെറ സ്ഥാനമാണു പ്രസിഡൻറിനു കോൺഫറൻസിലുള്ളതു്. പ്രഥമയോഗത്തിലെ അദ്ധ്യക്ഷനു പ്രസിഡൻറിനെ "നോമിനേററു" ചെയ്യാമെന്നു വ്യവസ്ഥയുണ്ടെങ്കിലും പൊതു അഭിപ്രായത്തോടുകൂടി നിശ്ചയിക്കുന്നതാണു ഇന്നത്തെ സാഹചര്യങ്ങൾക്കനുയോജ്യമായിട്ടുള്ളതു്. അംഗങ്ങളെ നയിക്കുവാനും നിയന്ത്രിക്കുവാനും തക്ക പ്രാപ്തിയും അതിനു സഹായിക്കുന്ന സ്വഭാവഗുണങ്ങളുമുള്ള ആളായിരിക്കണം പ്രസിഡൻറു്. പണ്ഡിതനും സമർത്ഥനുമായിരുന്ന ഈ സഖ്യത്തിൻെറ സ്ഥാപകൻ, ഫ്റെഡറിക്ക് ഓസ്സാനാം, അദ്ധ്യക്ഷസ്ഥാനമേറ്റെടുക്കാതെ ബെയിലി എന്ന വൃദ്ധനായ പത്രാധിപരെയാണു പ്രഥമയോഗത്തിൽ അദ്ധ്യക്ഷനായി സ്വീകരിച്ചതു്. അദ്ദേഹം പത്തു വർഷത്തോളം ആ സ്ഥാനം സ്തുത്യർഹമായി വഹിക്കുകയും ചെയ്തു. സഖ്യത്തിൽ ഈ പാരമ്പര്യം ഇന്നോളം അനുസ്യൂതം പാലിക്കപ്പെട്ടുവരുന്നു. അതുകൊണ്ടു് ഏതൊരു കോൺഫറൻസും പ്രാരംഭത്തിൽ അദ്ധ്യക്ഷനെ എടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. പ്രായം, വിദ്യാഭ്യാസം, സമുദായമദ്ധ്യത്തിലുള്ള സ്ഥാനം, സ്വഭാവഗുണം എന്നിത്യാദികാര്യങ്ങളിൽ എല്ലാവരുടേയും സന്തോഷബഹുമാനാദരവുകളെ ആർജ്ജിക്കുവാൻ പററിയ ആളായിരിക്കണം അദ്ധ്യക്ഷൻ. സർവ്വോപരി സാധുസന്ദർശനത്തിനുള്ള സന്നദ്ധതയും സൗകര്യവുമുള്ള ആളായിരിക്കണം. ധനസംബന്ധമായ സഹായങ്ങൾ പ്രതീക്ഷിച്ചും, ചിലപ്പോൾ സ്ഥാനമാനാദികളേയും പ്രാധാന്യത്തേയും പരിഗണിച്ചുംമററും അദ്ധ്യക്ഷനെ എടുക്കാറുണ്ടു്. ഈദൃശനടപടികളാണു പല കോൺഫറൻസുകളുടേയും അഭിവൃദ്ധിക്കു വിഘാതമായി നിൽക്കുന്നതു്. ഈദൃശ അദ്ധ്യക്ഷന്മാർ, അവർ എത്രതന്നെ ഭക്തിപ്രകടനക്കാരായാലും, സഖ്യത്തിൻെറ പ്രധാനപ്രവർത്തനമായ സാധുസന്ദർശനകാര്യത്തിൽ ശ്രദ്ധാലുക്കളായിരിക്കുകയില്ല. സാധുസന്ദർശനവിഷയത്തിൽ അദ്ധ്യക്ഷൻ എല്ലാവർക്കും മുന്നോടിയും മാർഗ്ഗദർശിയുമായിരിക്കണം. ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അംഗങ്ങൾ അലസരായിഭവിക്കും; കോൺഫറൻസ് അധഃപതിക്കുകയും ചെയ്യും.

### സിക്രട്ടറി

കോൺഫറൻസിൻെറ സിക്രട്ടറി അതിൻെറ ജീവനാണു്; ചുക്കാൻപിടിക്കുന്നവനാണു്. ഏതൊരു സംഘടനയുടേയും ഊർജ്ജിതമായ പ്രവർത്തനം അതിൻെറ സെക്രട്ടറിയെ ആശ്രയിച്ചിരിക്കും. രാജാവിനു മന്ത്രിയെന്നപോലെ പ്രസിഡൻറിനു ആലോചനക്കാരനും സഹായിയുമായി കോൺഫറൻസുകാര്യങ്ങൾ നടത്തുവാനുള്ള ആളാണു സിക്രട്ടറി. അംഗങ്ങൾക്കുണ്ടായിരിക്കേണ്ട സാമാന്യയോഗ്യതകൾക്കും ഗുണങ്ങൾക്കും പുറമേ കൃത്യനിഷ്ഠ, സേവനസന്നദ്ധത, ചുമതലാബോധം, വിവേകം, വിനയം, മര്യാദ, സർവ്വോപരി സാധുജനസന്ദർശനത്തിനുള്ള സൗകര്യം, സന്നദ്ധത, നന്മനസ്സു് എന്നീകാര്യങ്ങൾ മററാരേയും അപേക്ഷിച്ചു കൂടുതലായുള്ള ആളായിരിക്കണം സിക്രട്ടറി. പ്രസിഡൻറു എത്ര യോഗ്യനും സമർത്ഥനുമായിരുന്നാലും സിക്രട്ടറി യഥാർത്ഥയോഗ്യനല്ലെങ്കിൽ കോൺഫറൻസു വിജയിക്കുകയില്ല; അധഃപതിക്കുവാനാണെളുപ്പം. അത്യധികം ഉത്തരവാദിത്വമേറിയ ഈ ചുമതലയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന ആൾ ഏറാക്കുറെ എല്ലായോഗ്യതകളുമുള്ള ആളായിരിക്കണം. സാമാന്യമായിട്ടെങ്കിലും ഒരു പൊതുജനസമ്മതനുമായിരിക്കണം. റിക്കാർട്ടുകൾ ശരിയായി എഴുതി സൂക്ഷിക്കുവാൻ പ്രാപ്തിയും പരിചയവും എല്ലായോഗങ്ങളിലും കണിശമായി ഹാജരാകുവാൻ സൗകര്യവും സന്നദ്ധതയുമുള്ള ആളുമായിരിക്കണം. അംഗങ്ങളും പ്രത്യേകിച്ചും അന്നത്തെ യോഗാദ്ധ്യക്ഷനും പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട ആളും സിക്രട്ടറിയുടെ തിരഞ്ഞെടുപ്പിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.


നിങ്ങളുടെ സേവനത്തിൽ

**മർച്ചൻറ്സ് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം**

ഹെഡ് ആഫീസ്: എറണാകുളം

ബ്രാഞ്ചുകൾ: അയ്യമ്പിള്ളി, ചിററൂർ (കൊച്ചി), കൊച്ചി, തൃശ്ശൂർ

| | | |
|---|---|---|
| അധികൃതമൂലധനം | ക. | 1000000 |
| പുറപ്പെടുവിച്ച " | ക. | 500000 |
| അടഞ്ഞ " | ക. | 240495 |

സി. തോമസ് പോൾ,
ജനറൽ മാനേജർ


### മററു ഭാരവാഹികൾ

മററുദ്യോഗസ്ഥാംഗങ്ങളും മേൽപ്പറഞ്ഞ യോഗ്യതകളൊക്കെ സാമാന്യേന ഉള്ളവരായിരിക്കണം. ഓരോ ജോലിക്കും സൗകര്യവും സന്നദ്ധതയും വാസനയുമുള്ളവരായിരിക്കണം. ഖജാൻജി ധനപരമായ സാമാന്യം നിലയും മതിപ്പും ഉള്ള ആളും കണക്കുകൾ സൂക്ഷിക്കുവാൻ പ്രാപ്തനുമായിരിക്കണം.

ഇങ്ങനെ പ്രാരംഭാംഗങ്ങളെ എടുക്കുന്നതിലും ഉദ്യോഗസ്ഥാംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലും ഓരോരുത്തരും പ്രത്യേകം സൂക്ഷിക്കണം. മററു സംഘങ്ങളെപ്പോലെ ലോകബഹുമാനാദികൾക്കായി ചേരേണ്ട ഒന്നല്ല ഈ സഖ്യം. സാധാരണമായി ഏതിലും, വിശിഷ്യ ബ. വൈദികരുൾപ്പെട്ട നടത്തപ്പെടുന്ന ഏതിലും, മുമ്പന്മാരായി കയറി മിന്നുകെട്ടുന്ന ചില ഭക്താഭ്യാസികളും തിരുമുമ്പിൽ വേലക്കാരും മിക്കസ്ഥലങ്ങളിലും ഉണ്ടു്. ത്യാഗപൂർവ്വം ഒന്നും ചെയ്വാൻ ഒരുക്കമില്ലാത്തവരും എന്നാൽ തങ്ങളെക്കൂടാതെ എന്തെങ്കിലും നടക്കുന്നതു തങ്ങൾക്കു പോരായ്മയായി കരുതുന്നതുമൂലം ഏതിലും മുന്നിട്ടുകയറുന്നവരുമായ ചിലരും മിക്കസ്ഥലങ്ങളിലും ഉണ്ടാകാം. ഇങ്ങനെയുള്ളവർ സഖ്യത്തിൻെറ അഭിവൃദ്ധിക്കു എന്നും വിലങ്ങുതടിയായിരിക്കുമെന്നു മാത്രമല്ല ക്രമേണ നാശകാരണവുമായിത്തീരും. കാര്യമായ ഒന്നും ചെയ്വാൻ സന്നദ്ധതയില്ലാത്ത ഇത്തരക്കാർ പ്രവൃത്തിപരമായ മററുള്ളവരുടെ അഭിപ്രായങ്ങളെ എതിർക്കുന്നതു സഹജവും സാധാരണവുമാണു്. കാര്യമായ ഒന്നും ചെയ്യുകയില്ലാത്ത ഇക്കൂട്ടർ ഏതു ചുമതലയും സ്ഥാനവും കേറി ഏല്ക്കും. ഇവരുടെ ചുമതലാരാഹിത്യത്തെപ്പററി ആരെങ്കിലും പറഞ്ഞുപോയാൽ വാദകോലാഹലങ്ങൾക്കും മത്സരത്തിനുതന്നെയും ഇടയാകയും ചെയ്യും. ഇങ്ങനെ നാനാതരത്തിലും സഖ്യത്തിനു ഇത്തരക്കാർ ഒരു തീരാതടസ്സമായി ഭവിക്കും. "പട്ടി പുല്ലുതിന്നുകയുമില്ല, പശുവിനെ തീററുകയുമില്ല" എന്ന ഇത്തരക്കാർ ഒരിക്കലും സ്വയം പിന്മാറുകയില്ല. മാററാൻ പ്രയാസവും മാററിയാൽ വിഷമകാരണവുമായിത്തീരും. അതിനാൽ ഇത്തരക്കാർ ഒരു കോൺഫറൻസിൽ അംഗങ്ങളായിട്ടുപോലും കയറിപ്പററാതിരിക്കുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കരുതലോടുകൂടി ഇരിക്കേണ്ടതുമാകുന്നു.

പ്രാരംഭത്തിലും പിന്നീടും അംഗങ്ങളേയും ഉദ്യോഗസ്ഥരേയും എടുക്കുന്നതിലുള്ള ശ്രദ്ധക്കുറവാണു മിക്ക കോൺഫറൻസുകളുടേയും അഭിവൃദ്ധിക്കു വിഘാതമായിനില്ക്കുന്നതു്. സഖ്യത്തിനുവേണ്ടി ഏതൊരു ജോലിയും സസന്തോഷം നിർവ്വഹിക്കുവാനും സാധുക്കളോടു ഒന്നുചേർന്നു പെരുമാറുന്നതിനും സന്നദ്ധരായിട്ടുള്ളവർ മാത്രമേ ഇതിൽ അംഗങ്ങളായി ചേരുകയും അത്തരക്കാരെ മാത്രമേ ചേർക്കുകയും ചെയ്യാവൂ. അല്ലെങ്കിൽ സഖ്യത്തിനും അവരവർക്കും ഭാരവും നാശകാരണവുമായിരിക്കും. ഒരിക്കൽ ചേർന്നവർ, പിന്നീടു തൽസംബന്ധമായ ചുമതലകൾ നിർവ്വഹിക്കുന്നതു വിഷമമെന്നു കാണുമ്പോൾ സ്വയം പിൻവാങ്ങി പ്രോത്സാഹകാംഗങ്ങളായിരുന്നു സഖ്യത്തെ സഹായിക്കുകയാണു ചെയ്യേണ്ടതു്.

ഒരു ശാഖ ആരംഭിക്കുമ്പോൾ സമീപസ്ഥമായുള്ള ഏതെങ്കിലും ശാഖയിലെ പഴമ പരിചയമുള്ള ഒരംഗത്തെ വരുത്തി പ്രായോഗികനിർദ്ദേശങ്ങൾ—പ്രത്യേകമായും മിനിട്ട്സ്, സഹായരജിസ്റ്റർ, കണക്കുകൾ ആദിയായ റിക്കാർട്ടുകൾ എഴുതി സൂക്ഷിക്കേണ്ടവിധവും മററും—സ്വീകരിക്കുന്നതു ഉത്തമമായിരിക്കും. പ്രസിഡൻറും സിക്രട്ടറിയും, നന്നായി നടത്തപ്പെടുന്ന ഇതരകോൺഫറൻസുകളിൽ പോയി അവിടത്തെ നടപടികളും പ്രവർത്തനരീതികളുംമററും നേരിട്ടു മനസ്സിലാക്കേണ്ടതുമാണു്.

മേൽ വിവരിച്ചിട്ടുള്ള വിധത്തിൽ പ്രവർത്തനമാരംഭിക്കുന്ന ഒരു കോൺഫറൻസു് അഭിവൃദ്ധി പ്രാപിച്ചു വിജയിക്കാതിരിക്കുകയില്ല. കോൺഫറൻസുയോഗങ്ങളെ സംബന്ധിച്ചും മററും അടുത്തതിൽ പ്രസ്താവിച്ചുകൊള്ളാം.

---

## നിരോധിച്ചു

വത്തിക്കാൻ യുദ്ധം അവസാനിപ്പിക്കുന്നതിനുവേണ്ടി ചെയ്ത ശ്രമങ്ങളെ ആധാരമാക്കിയുള്ള "സമരത്തിനെതിരായി സമരം" എന്ന ചലച്ചിത്രം ആസ്ട്രിയായിലെ സോവ്യററു മേഖലയിൽ നിരോധിക്കപ്പെട്ടിരിക്കുന്നു.

വേദശാസ്ത്രപംക്തി

# പ. കുർബാന

## അപ്പസ്തോലന്മാരുടെ അനുഭവം

മിശിഹായുടെ വാക്കുകളെ അക്ഷരാത്ഥത്തിലാണ് അപ്പസ്തോലന്മാരും മനസ്സിലാക്കിയതെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എങ്ങനെയാണ് "മനുഷ്യപുത്രൻ" സ്വശരീരം തങ്ങൾക്കു ഭക്ഷണമായി തരാൻ പോകുന്നതെന്നു കഫർനാമിൽവെച്ചു ഗ്രഹിച്ചുകാണുകയില്ല. എന്നുവരികിലും ഏതെങ്കിലും വിധത്തിൽ അവിടുത്തെ ശരീരം ഭക്ഷണമായി ലഭിക്കുമെന്നു അവർ അന്നു ദൃഢമായി വിശ്വസിക്കതന്നെ ചെയ്തു. അതിനുള്ള മാർഗ്ഗം പ്രപഞ്ചശക്തികളെ നിയന്ത്രിക്കുന്നവനു സുഗമമെന്നവർക്കറിയാമായിരുന്നു. അതുകൊണ്ടാണ് "നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ" എന്നു ദിവ്യനാഥൻ ചോദിച്ചപ്പോൾ "എന്റെ കർത്താവേ, ഞങ്ങൾ ആരുടെപക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ട്" എന്നു വി. പത്രോസ് മറുപടിപറഞ്ഞതു്.

വി. മത്തായി, മർക്കോസ്, ലൂക്കാ എന്നീ മൂന്നു സുവിശേഷകന്മാർ പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തെപ്പററിയും വി. യോഹന്നാൻ അതിന്റെ വാഗ്ദാനത്തെക്കുറിച്ചും സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്നുണ്ടല്ലോ. രൂപകാത്ഥത്തിലാണ് അവർ പ്രസ്തുത വചനങ്ങളെ ഗ്രഹിച്ചതെങ്കിൽ അതു വിശുദ്ധ ലിഖിതങ്ങളിൽ സൂചിപ്പിക്കുകയും അപ്രകാരം പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ അങ്ങനെയുള്ള യാതൊരു പ്രസ്താവനയും നാം കണ്ടുമുട്ടുന്നില്ല. "നിങ്ങൾ ഈ ദേവാലയത്തെ നശിപ്പിക്കുക; എന്നാൽ മൂന്നു ദിവസംകൊണ്ടു് ഞാനതിനെ വീണ്ടും പണിചെയ്യും" എന്നു മിശിഹാ ഒരിക്കൽ പ്രസ്താവിക്കയുണ്ടായി. അതു ഓറശ്ലേം ദേവാലയമാണെന്നു് യഹൂദന്മാർ തെററായി ധരിച്ചു. പക്ഷേ, മിശിഹാ സ്വശരീരത്തെക്കുറിച്ചാണ് സംസാരിച്ചതെന്നു് അപ്പസ്തോലന്മാർ മനസ്സിലാക്കുകയും അപ്രകാരം സുവിശേഷങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം ദൃഷ്ടാന്തങ്ങൾ വേറെയും കാണാം. എന്നാൽ അവയെക്കാൾ ഗുരുതരമായ ഇക്കാര്യത്തെപ്പററി, "എന്റെ ശരീരത്തെ"പ്പററി ഏതാദൃശമായ ഒരു ഉപാഖ്യാനം ഒരിടത്തും കാണുന്നില്ലെന്നതു് ചിന്താർഹമായിരിക്കുന്നു. മാത്രമല്ല, കൂദാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും മിശിഹായുടെ ശരീരവും രക്തവും ആയിത്തീരുന്നുവെന്നാണ് അവർ പഠിപ്പിച്ചതെന്നു വി. പൗലോസിന്റെ സാക്ഷ്യവും സഭാപിതാക്കന്മാരുടെ കൃതികളും തെളിയിക്കയും ചെയ്യുന്നുമുണ്ട്.

പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുശേഷം ക്രിസ്തുമതസിദ്ധാന്തങ്ങൾ പ്രസിദ്ധങ്ങളായി. അപ്പസ്തോലന്മാർ നാനാഭാഗങ്ങളിലുംപോയി പ്രസംഗിക്കുകയും ആയിരക്കണക്കിനു ആളുകളെ മാമോദീസാമുക്കുകയും ചെയ്തു. അങ്ങനെ മാനസാന്തരപ്പെട്ടവരെ ഉദ്ദേശിച്ചു് ചില അപ്പസ്തോലന്മാർ ഏതാനും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അവ ക്രിസ്തുമതതത്വങ്ങളുടെ സമഗ്രമായ പ്രതിപാദനമല്ല. സന്ദർഭവും ആവശ്യവും അനുസരിച്ചുള്ള ഉപദേശങ്ങളാണ് അവയുടെ ഉള്ളടക്കം. വി. പൗലോസ് കൊറിന്ത്യയിലെ പുതുക്രിസ്ത്യാനികൾക്കയച്ച ഒന്നാം ലേഖനത്തിൽ പ്രസംഗവശാൽ രണ്ടു പ്രാവശ്യം പരിശുദ്ധ കുർബാനയെപ്പററി പ്രതിപാദിക്കുന്നുണ്ട്.

കൊറിന്ത്യയിലെ ക്രിസ്ത്യാനികൾ, അനാഗതരുടേയും വിഗ്രഹാരാധനക്കാരുടേയും മദ്ധ്യത്തിലാണ് ജീവിച്ചിരുന്നതു്. അവർ സ്നേഹിതന്മാരും ബന്ധുക്കളും ആയിരുന്നു. തന്നിമിത്തം ഒരുമിച്ചുള്ള ജീവിതം പല വിഷമപ്രശ്നങ്ങൾക്കും കാരണമായി. അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിരുന്നു വിഗ്രഹത്തിനു അപ്പിച്ച മാംസത്തിന്റെ കാര്യം. ശ്ലീഹാ ഈ വിഷയത്തെപ്പററി പ്രായോഗികമായ ചില നിർദ്ദേശങ്ങൾ എട്ടും പത്തും അദ്ധ്യായങ്ങളിൽ അവർക്കു നല്കി. കാവ്യരുടെ യാഗപരമായ സദ്യകളിൽ ക്രിസ്ത്യാനികൾ പങ്കുകൊണ്ടുകൂടാ. അതു വിഗ്രഹാരാധനയോടു സാദൃശ്യം വഹിക്കുന്നു. അവർ ദൈവത്തിനല്ല പിശാചുക്കൾക്കാണ് ബലി അപ്പിക്കുന്നതെന്നു വി. പൗലോസ് അവിടത്തെ ക്രിസ്ത്യാനികളെ മനസ്സിലാക്കിയിട്ടു് തീത്തുപറയുന്നു, മിശിഹായുടെ ശരീരത്തേയും രക്തത്തേയും അനുഭവിക്കുന്ന ക്രിസ്ത്യാനികൾക്കു് അവരുടെ ബലിവസ്തുക്കളിൽനിന്നു ഭക്ഷിക്കുക സാദ്ധ്യമല്ലെന്നു് (x,21). എന്തുകൊണ്ടെന്നാൽ "നാം ആശീർവദിക്കുന്ന ആ പാനപാത്രം മിശിഹായുടെ രക്തത്തിന്റെ പങ്കുകൊള്ളൽ അല്ലയോ? നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിന്റെ പങ്കുകൊള്ളൽ അല്ലയോ?" (x,16). ഈ പ്രസ്താവനയിൽനിന്നു് രണ്ടു കാര്യങ്ങൾ—അപ്പസ്തോലന്മാർ മിശിഹായുടെ കല്പനപ്രകാരം അപ്പം ആശീർവദിച്ചു് ഉൾക്കൊള്ളുന്ന പതിവിനു സഭയുടെ ആരംഭം മുതൽ ലഭിച്ച പ്രചാരവും അങ്ങനെ കൂദാശചെയ്യപ്പെടുന്ന അപ്പവും വീഞ്ഞും മിശിഹായുടെ മാംസരക്തങ്ങളായി മാറുമെന്ന അവരുടെ ഉറച്ച വിശ്വാസവും—വിശദമാകുന്നുണ്ട്. അതുകൊണ്ടാണല്ലോ അപ്പത്തിന്റേയും വീഞ്ഞിന്റേയും പങ്കുകൊള്ളൽ മിശിഹായുടെ ശരീരത്തിന്റേയും രക്തത്തിന്റേയും പങ്കുകൊള്ളലാണെന്നു ശ്ലീഹാ പറയുന്നതു്.

കൊറിന്തിയക്കാർ പരിശുദ്ധകുർബാനയിൽ പങ്കുകൊള്ളുന്നതിനായി ഒന്നിച്ചുചേരുന്ന അവസരങ്ങളിൽ ഉണ്ടായിട്ടുള്ള നടപടിപ്പിശകുകളെ ചൂണ്ടിക്കാണിക്കയിലാണ് വി. പൗലോസ് രണ്ടാമത്തെ പ്രാവശ്യം പ. കുർബാനയെപ്പററി സംസാരിക്കുന്നതു് (xi,18 മുതൽ 30 വരെ). ഈ കൂദാശ കൈക്കൊള്ളുന്ന അവസരത്തിൽ അവശ്യം വേണ്ടതായ ഭക്തിയെപ്പററിയും, അയോഗ്യമായി കൈക്കൊള്ളുന്നവർക്കു വരാനിരിക്കുന്ന ശിക്ഷയെപ്പററിയും ഊന്നിപ്പറയുന്നതിനു ഈ അവസരത്തെ അപ്പസ്തോലൻ ഉപയോഗിക്കുന്നു. പ. കുർബാനയിലെ യഥാർത്ഥസാന്നിദ്ധ്യം സമ്മതിക്കാത്തപക്ഷം വി. പൗലോസിന്റെ ഭാഷാശൈലി ഏററം ദുർഗ്രഹമായിരിക്കും. കുർബാനയുടെ സ്ഥാപനത്തെ അനുസ്മരിച്ചതിനുശേഷം അദ്ദേഹം തുടന്നുപറയുന്നു: "കർത്താവിന്റെ അപ്പത്തിൽനിന്നു ഭക്ഷിക്കയും അവിടുത്തെ പാനപാത്രത്തിൽ നിന്നു പാനം ചെയ്യുകയും അതിനു യോഗ്യനല്ലാതിരിക്കയും ചെയ്യുന്നവൻ കർത്താവിന്റെ രക്തത്തോടും അവിടുത്തെ ശരീരത്തോടും അപരാധിയായിരിക്കുന്നു. അതിനാൽ ഏതു മനുഷ്യനും തന്നെത്തന്നെ പരിശോധിക്കയും പിന്നെ ഈ അപ്പത്തിൽനിന്നു ഭക്ഷിക്കയും ഈ പാനപാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കയും പാനംചെയ്യുകയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു് തനിക്കുതന്നെയുള്ള ശിക്ഷാവിധിയാകുന്നു ഭക്ഷിക്കയും പാനംചെയ്യുകയും ചെയ്യുന്നതു്."

ആശീർവദിക്കപ്പെട്ട അപ്പവും മിശിഹായുടെ ശരീരവും ഒന്നുതന്നെയല്ലെങ്കിൽ എങ്ങനെ അവർ അപ്രകാരം അപരാധികളായിത്തീരും? മിശിഹായോടുള്ള അപരാധമെന്നല്ല, മിശിഹായുടെ ശരീരത്തോടും രക്തത്തോടും ഉള്ള അപരാധമെന്നാണല്ലോ ശ്ലീഹാ പറയുന്നതു്. അങ്ങനെ മിശിഹായുടെ ശരീരത്തേയും രക്തത്തേയും വേർതിരിച്ചു് എടുത്തുകാണിക്കാൻ കാരണമെന്തു്? അപ്പവും വീഞ്ഞും മിശിഹായുടെ ശരീരവും രക്തവും ആയി രൂപാന്തരം പ്രാപിക്കുന്നുണ്ടെന്നു സമ്മതിച്ചാലേ, ആ അപരാധാരോപണത്തിനു പ്രസക്തിയുള്ളു. മാത്രമല്ല, വിവേകമില്ലാതെ, യോഗ്യനല്ലാതെ, കൂദാശചെയ്യപ്പെട്ട അപ്പം അനുഭവിക്കുന്നവൻ ശിക്ഷാവിധിയിൽ ഉൾപ്പെടുന്നുവെന്നും ശ്ലീഹാ സാക്ഷ്യംവഹിക്കുന്നുണ്ടല്ലോ. അതു മിശിഹായുടെ യഥാർത്ഥശരീരമല്ലെങ്കിൽ എന്തിനു് ആത്മശോധന ചെയ്യണം? എന്തിനു യോഗ്യത പരിശോധിച്ചറിയണം? അയോഗ്യരായി സ്വീകരിക്കുന്നവർ എങ്ങനെ അയോഗ്യരായി? എന്തിനു ശിക്ഷിക്കപ്പെടും? പരിശുദ്ധ കുർബാന മിശിഹായുടെ ശരീരത്തിന്റേയും രക്തത്തിന്റേയും അടയാളം മാത്രമാകുന്നെങ്കിൽ വി. പൗലോസിന്റെ മേലുദ്ധരിച്ചിട്ടുള്ള പ്രബോധനം അടിസ്ഥാനരഹിതവും ആക്ഷേപാർഹവുമാകുന്നു. എന്നാൽ അദ്ദേഹം സ്വന്തം അഭിപ്രായങ്ങളല്ല അവിടെ രേഖപ്പെടുത്തിയിരിക്കുന്നതു്. "ഞാൻ നിങ്ങൾക്കു് ഏല്പിച്ചുതന്നിട്ടുള്ളതു് നമ്മുടെ കർത്താവിൽനിന്നു് എനിക്കു കിട്ടിയിട്ടുള്ളതാകുന്നു (വാക്യം 23) എന്നത്രെ അദ്ദേഹത്തിന്റെ അറിയിപ്പു്. അതേതുടന്നാണ് പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തേയും മററും പററി പ്രതിപാദിച്ചിട്ടുള്ളതു്.

ആകയാൽ അപ്പസ്തോലന്മാരും മിശിഹായുടെ വാക്കുകളെ അക്ഷരാത്ഥത്തിൽ ഗ്രഹിച്ചു. അപ്രകാരം മററുള്ളവരെ പഠിപ്പിക്കയുംചെയ്തു. അതിന്റെ ഫലമായിട്ടാണു് യഥാർത്ഥസാന്നിദ്ധ്യത്തിലുള്ള വിശ്വാസം അപ്പസ്തോലന്മാരിൽനിന്നു സഭയ്ക്കു ലഭിക്കുന്നതിനിടയായതു്.

### ഒരു തിരുത്തൽ

ലക്കം 37 ഈ പംക്തി രണ്ടാംഖണ്ഡികയിൽ "വി. യോഹന്നാൻ പറയുന്നതുപോലെ ആദ്യത്തെ അത്ഭുതം അവരുടെ വിശ്വാസത്തെ..." എന്നതു് "വി. മർക്കോസ് പറയുന്നതുപോലെ..." എന്നു തിരുത്തി വായിക്കേണ്ടതാണ്.

### ഒരു വിശദീകരണം

35-ാം ലക്കത്തിൽ, സ്ഥൈര്യലേപനത്തെപ്പററി പ്രതിപാദിക്കുകയിൽ, തലതൊടുന്നതിനു "പുരുഷനു പുരുഷനും സ്ത്രീക്കു സ്ത്രീയും" വേണമെന്നു പറഞ്ഞിരുന്നല്ലോ. പക്ഷേ തക്കതായ കാരണമുള്ളപ്പോൾ, കാർമ്മികനു (മെത്രാനു) പ്രസ്തുത വ്യവസ്ഥയിൽനിന്നു ഒഴിവുകൊടുക്കാവുന്നതും പുരുഷൻ സ്ത്രീയേയും സ്ത്രീ പുരുഷനേയും തലതൊടുന്നതിനു അനുവദിക്കാവുന്നതുമാണ്. എന്നാൽ തദ്ദശാവസരങ്ങളിൽപ്പോലും തലതൊടുന്ന ആൾ സ്ഥൈര്യലേപനം സ്വീകരിക്കുന്ന ആളിന്റെ പിതാവോ, മാതാവോ, ഭത്താവോ, ഭാര്യയോ ആയിക്കൂടാ. പൗരസ്ത്യരുടെ പുതിയ കാനൻനിയമമനുസരിച്ചു്, സ്ഥൈര്യലേപനം സ്വീകരിക്കുന്ന ആളും തലതൊടുന്ന ആളും തമ്മിൽ വിവാഹം നടത്തുന്നതിനു വിഘാതമായേക്കാവുന്നതരം ആദ്ധ്യാത്മികബന്ധം ഉളവാകുന്നില്ല.

T. K.

---

ആരോഗ്യപംക്തി

# ക്ഷയം

## ക്ഷയരോഗിയെ പരിചരിക്കേണ്ടവിധം

ക്ഷയരോഗം ബാധിച്ചാൽ സുഖപ്രാപ്തിയില്ലെന്നുള്ള ഒരു മിഥ്യാബോധം ഇന്നു പലരുടെയിടയിലുംകടന്നുകൂടിയിട്ടുണ്ട്. ആരംഭത്തിൽത്തന്നെ ചികിത്സ തുടങ്ങിയാൽ സുഖപ്രാപ്തി നിശ്ചയമാണ്. ഒരുവിധത്തിൽ പറഞ്ഞാൽ ഇതിനുള്ള പ്രധാനചികിത്സ പോഷകസാധനങ്ങളുംമററും ഉപയോഗിച്ചു് ശരീരശക്തി വർദ്ധിപ്പിക്കുകയാകുന്നു. എന്നാൽ ഇതു് ഒന്നോ രണ്ടോ ദിവസംകൊണ്ടു സാധിക്കുമെന്നു് ആരും വിചാരിക്കേണ്ട.

ശരീരശക്തി വർദ്ധിപ്പിക്കുന്നതിനു പ്രധാനമായി ചെയ്യേണ്ടതു്, ധാരാളം ശുദ്ധവായു ശ്വസിക്കുക, പോഷകാംശം ധാരാളമടങ്ങിയ ഭക്ഷ്യസാധനങ്ങൾ ഉപയോഗിക്കുക, തുറസ്സായ സ്ഥലത്തു വസിക്കുക, ശരീരത്തിനും മനസ്സിനും അദ്ധ്വാനമില്ലാതിരിക്കുക, മനസ്സിനു വിഷമകരമായ ചുററുപാടിൽ നിന്നൊഴിഞ്ഞിരിക്കുക എന്നിവകളാണ്.

ആധുനികകാലത്തു് ക്ഷയരോഗികൾക്കായി പല ആസ്പത്രികൾ, ഡിസ്പെൻസറികൾ, സുഖവാസഗേഹങ്ങൾ മുതലായവ പണി കഴിപ്പിച്ചിട്ടുണ്ട്. തന്നിമിത്തം രോഗബാധിതർ ഈ സ്ഥലങ്ങളിൽ പോയി ചികിത്സ നടത്തുന്നതു കൂടുതൽ ഉപകാരപ്രദമായിരിക്കും. എന്നാൽ ഈ സ്ഥലങ്ങളിൽ പോകാൻ സാധിക്കാത്തവർക്കും താഴെ പറയുന്ന പോംവഴികൾ അനുസരിച്ചു വീട്ടിൽവച്ചുതന്നെയും സുഖം പ്രാപിക്കാവുന്നതാണ്.

ശുദ്ധവായു ധാരാളം ലഭിക്കുന്ന തുറസ്സായ ഒരു മുറി രോഗിക്കായി തിരഞ്ഞെടുക്കുക. അതിന്റെ ജനലുകളും വാതിലുകളും രാപകൽ തുറന്നിട്ടിരിക്കയാണു നന്നു്. ഈ മുറിയിൽ രോഗിയെ പരിചരിക്കുന്നവരല്ലാതെ ആരും കയറരുതു്. പകൽ സമയം കഴിയുന്നതും, പുറത്തു വൃക്ഷങ്ങളുടെ തണലിലോ മററോ രോഗി കഴിച്ചുകൂട്ടുകയാണുത്തമം. മിനുസമുള്ളതും സുഖപ്രദമായതുമായ ഒരു കിടക്കയിൽ രോഗിയെ കിടത്തുക. ഉപയോഗിക്കുന്ന മുറിയുടെ തറയും ചുമരും, ഒരു ഗ്ലാസ് വെള്ളത്തിൽ ½ ഔൺസ് Carbolic acid വീതം ഒഴിച്ചു് തുണി മുക്കിപിഴിഞ്ഞു് തുടയ്ക്കുക. കിടക്ക, തലയിണ മുതലായവ ദിവസവും വെയിലത്തിടുക. മുട്ട, പാൽ, വെണ്ണ, സൂപ്പ്, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ ഇങ്ങനെ പോഷകാംശം ധാരാളമടങ്ങിയ ഭക്ഷണസാധനങ്ങൾ കൂടുതൽ ഉപയോഗിപ്പിക്കുക. ശരീരവും, പല്ലും, വസ്ത്രങ്ങളും വൃത്തിയായി സൂക്ഷിക്കുക. രോഗിക്കു് പനിയുണ്ടെങ്കിൽ ഒട്ടുംതന്നെ ദേഹാദ്ധ്വാനം ഉണ്ടാകരുതു്. ഉപയോഗിക്കുന്ന സാധനങ്ങൾ മററുള്ളവരുടേതുമായി കൂടികലരാൻ ഇടവരരുതു്. രോഗി കുട്ടികളെ ചുംബിക്കുന്നതിനും ഭക്ഷണസാധനങ്ങൾ കൈകൊണ്ടു് എടുത്തുകൊടുക്കുന്നതിനും അനുവദിക്കരുതു്. മരുന്നുകൾ വൈദ്യവിധിയനുസരിച്ചുമാത്രം ഉപയോഗിക്കുക. ആരോഗ്യസ്ഥിതി അനുവദിക്കുന്നതുപോലെ മീൻനെയ്യ് (Cod liver oil) കുടിക്കുന്നതു് നന്നാണ്. മലശോധനയുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധയുണ്ടായിരിക്കണം. രക്തം ഛർദ്ദിക്കുന്നുണ്ടെങ്കിൽ രോഗിയെ ശാന്തമായി കിടത്തിയശേഷം ഐസ് വെള്ളത്തിൽ തുണിനനച്ചു് നെഞ്ചിലിടുന്നതു് നന്നായിരിക്കും. രോഗം ഒരുവിധമെല്ലാം സുഖമായെന്നു തോന്നിയാൽത്തന്നെയും വീണ്ടും ഇതു വരാതിരിപ്പാനായി ദൈവസഹായം പ്രാത്ഥിച്ചുകൊണ്ടു് മുൻപറഞ്ഞ പത്ഥ്യം ആചരിക്കയാണു വേണ്ടതു്.

(S. D.)

# ഭത്താവും ഭാര്യയും സന്യാസസഭയിൽ

പിക്പസ് ഫാദേഴ്സ് എന്ന സന്യാസസഭയിലെ സുപ്പീരിയർ ജനറലായ ഫാദർ ജോൺ ഇപ്പോൾ ഹാവായി ദ്വീപുകൾ സന്ദർശിച്ചുവരികയാണ്. ഇദ്ദേഹം വിവാഹിതനായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തശേഷം സ്വരാജ്യമായ ബൽജിയത്തിലേക്കു തിരിച്ചുചെന്നപ്പോൾ, അദ്ദേഹവും ഭാര്യയും കൂടി നാശോന്മുഖമായിരിക്കുന്ന ലോകത്തിനു് ഏററവും വിശിഷ്ടമായ സേവനമനുഷ്ഠിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി പര്യാലോചിച്ചു. തൽഫലമായി ഇരുവരും സന്യാസവൃത്തി സ്വീകരിക്കുവാൻ തീരുമാനിക്കുകയാണു ചെയ്തതു്. പരിശുദ്ധ സിംഹാസനത്തിൽനിന്നു വേണ്ട അനുമതികൾ വാങ്ങിയശേഷം ഭാര്യ ലൂവേയിനിലെ കർമ്മലമഠത്തിൽ ചേന്നു. തൽസമയം ഭത്താവു് ആവൃതിവരെ അവരെ അനുഗമിക്കുകയും അവിടെവച്ചു പിരിയുകയും ചെയ്തു. അദ്ദേഹമാകട്ടെ, പിക്പസ് ഫാദേഴ്സ് എന്ന അപരനാമത്തിലറിയപ്പെടുന്ന "ഈശോയുടെ തിരുഹൃദയത്തിന്റേയും മറിയത്തിന്റേയും മിഷനറിസമൂഹം" എന്ന സഭയിൽ ചേന്നു. കുറേകൊല്ലങ്ങൾക്കുശേഷം പുരോഹിതാഭിഷേകത്തിനായി അദ്ദേഹം തിരഞ്ഞെടുത്തതു് സ്വപത്നി നിവസിച്ചിരുന്ന മഠത്തിന്റെ കപ്പേളയാണ്. അദ്ദേഹം കാർഡിനൽ മേഴ്സിയർ തിരുമേനിയാൽ പുരോഹിതസ്ഥാനത്തേക്കുയത്തപ്പെടുന്നതു് ആ സ്ത്രീരത്നം ആവൃതിക്കകത്തുനിന്നുകൊണ്ടു് ദശിക്കയുണ്ടായി. അദ്ദേഹം സ്വീകരിച്ച പുതിയ നാമമാണ് ഈശോയുടെ തിരുഹൃദയത്തിന്റെ ജോൺ എന്നതു്. അദ്ദേഹത്തിന്റെ ഭാര്യ ഈശോയുടെ തിരുഹൃദയത്തിന്റെ സിസ്റ്റർ ക്ലെയർ മരിയെ എന്ന പേരാൽ അറിയപ്പെടുന്നു. ഫാദർ ജോണിന്റെ രണ്ടു സഹോദരികൾ സിസ്റ്റർ ക്ലെയറിന്റെ സഹസന്യാസിനികളാണ്.

# രോഗശയ്യയിൽ

മാർപ്പാപ്പാ തിരുമേനിയുടെ സഹോദരി എലിസാ പച്ചേലിയുടെ ഭത്താവായ കൗണ്ടു് അർനാൾഡൊ മഗ്രിനി ബ്രോങ്കിയൽ ആസ്ത്മ പിടിപെട്ടു ശയ്യാവലംബിയായിരിക്കുന്നു.

# മിഷൻ ഫിലിം

ഇൻഡ്യയിലെ മിഷനറി ജീവിതത്തെ വിഷയമാക്കി "വിളവു വളരെ" എന്ന പേരിൽ ഒരു പുതിയ ചലച്ചിത്രം സ്പെയിനിൽ നിർമ്മിതമായിരിക്കുന്നു.

# Sathya Deepam

Vol 22 — Ernakulam June 8, 1949 — No. 40


## ഫാത്തിമാസന്ദേശം

(1-ാം പേജ് തുടർച്ച)

വാൻ നമുക്കു ഭാഗ്യം ലഭിക്കുമെങ്കിൽ നാം എത്രയോ അനുഗൃഹീതർ!

ഈ യുദ്ധത്തിൽ നിഷ്പക്ഷകക്ഷികളായി ആരുമുണ്ടായിരിക്കാൻ പാടില്ല എന്നു 1946-ൽ ഫാത്തിമാതീർത്ഥകരോടു പരിശുദ്ധ പിതാവു പറയുകയുണ്ടായി. "എന്നോടുകൂടിയല്ലാത്തവൻ എനിക്കെതിരാണെ"ന്നുള്ള ദിവ്യരക്ഷകൻെറ പ്രസ്താവനയുടെ ഒരു പ്രതിധ്വനിമാത്രമാണു പരിശുദ്ധ പിതാവിൻെറ ഈ ഉദ്ബോധനം. അനാസ്ഥരും അനിശ്ചിതരുമായി ആരുമുണ്ടായിരിക്കരുതെന്നു കരുതി ഉറങ്ങിക്കിടന്ന നമ്മെ വിളിച്ചുണർത്തി നമ്മുടെ കൈയിൽ ആയുധവുമേല്പിച്ചിട്ടു പരിശുദ്ധമറിയം സ്വർഗ്ഗത്തിൽനിന്നും നോക്കിപ്പാർക്കയാണു, നാം എത്ര വീറോടും വീര്യത്തോടുംകൂടിയാണു പടവെട്ടുന്നതെന്നു. നമ്മിൽ അലംഭാവവും അലസതയും കാണുന്നതിനാൽ നമ്മുടെ സ്വർഗ്ഗീയമാതാവു വീണ്ടും വീണ്ടും ഭൂമുഖത്തു പലേടങ്ങളിൽ പ്രത്യക്ഷപ്പെടുകയും തൻെറ ഫാത്തിമാസന്ദേശം ആവൎത്തിക്കയും ചെയ്യുന്നു.

1932-ലും 33-ലും ബെൽജിയത്തിലെ രണ്ടു നഗരങ്ങളിലും, 1937 മുതൽ 1940 വരെ ജൎമ്മനിയിൽ ഹീഡ് (Heede) എന്ന സ്ഥലത്തും 1944-ൽ ഇററലിയിൽ ബൊണേററ് (Bonate) എന്ന ദേശത്തും ഇക്കഴിഞ്ഞകൊല്ലം നമ്മുടെ ഏഷ്യാഭൂഖണ്ഡത്തിൽത്തന്നെ ഫിലിപ്പൈൻ ദ്വീപിലും പരിശുദ്ധമറിയം പലപ്രാവശ്യം പ്രത്യക്ഷപ്പെടുകയും ഫാത്തിമായിൽ വച്ചെന്നപോലെ പ്രാൎത്ഥന, പരിഹാരം, പരിത്യാഗം എന്നീ മൂന്നു കാൎയ്യങ്ങൾ വീണ്ടും വീണ്ടും ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഏതോ വലിയൊരാപത്തു അടുത്തിരിക്കുന്നു എന്നാണു ഈ കൂടെക്കൂടെയുള്ള അത്ഭുതദർശനങ്ങൾ ചൂണ്ടിക്കാണിക്കുന്നതു. ഈ ആപത്തിനെക്കുറിച്ചു മുന്നറിവുനൽകി അതിൽനിന്നും നമ്മെ പരിരക്ഷിക്കുന്നതിനാണു നമ്മുടെ സ്നേഹമാതാവു ഉൽക്കണ്ഠാകുലയായി നമ്മെ പലവുരു സന്ദർശിക്കുകയും ഫാത്തിമാസന്ദേശം ആവൎത്തിക്കുകയും ചെയ്യുന്നതു. എന്നാൽ ലോകം ഇനിയും ഫാത്തിമാനാഥയിൽ വേണ്ടത്ര വിശ്വസിച്ചിട്ടില്ല; ഫാത്തിമാസന്ദേശം ഇനിയും യഥാർത്ഥം സ്വീകരിക്കുകയോ അനുകരിക്കുകയോ ചെയ്തിട്ടില്ല. ലോകത്തിൻെറ ഈ അനാസ്ഥയെ ചൂണ്ടിക്കാണിക്കുന്നതിനും നമ്മെ ഗുണദോഷിക്കുന്നതിനുമായി ദിവ്യരക്ഷകൻതന്നെ ഈ അടുത്തകാലത്തു ജൎമ്മനിയിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ജൎമ്മനിയിൽ പരിശുദ്ധമറിയം നാലു പെൺകുട്ടികൾക്കു പ്രത്യക്ഷപ്പെടുകയും ഫാത്തിമായിലെ സന്ദേശം പുനരാവൎത്തിക്കയും ചെയ്തുവെന്നു മുകളിൽ പറഞ്ഞുവല്ലോ. നാലിൽപ്പരംപ്രാവശ്യം ദിവ്യനാഥ പ്രത്യക്ഷയായെങ്കിലും ലോകം അതത്ര വകവച്ചില്ല. അതുകൊണ്ടു 1945 അവസാനത്തിൽ ഈശോനാഥൻ തന്നെ ജൎമ്മനിയിൽ ഹീഡ് (Heede) എന്ന സ്ഥലത്തു ഒരു പെൺകുട്ടിക്കു പ്രത്യക്ഷപ്പെടുകയും ഏററം ശ്രദ്ധേയങ്ങളായ ചില കാൎയ്യങ്ങൾ അറിയിക്കുകയും ചെയ്തിരിക്കുന്നു. ദിവ്യരക്ഷകൻെറ സ്വന്തം വചനങ്ങൾതന്നെ ഉദ്ധരിക്കാം: "എൻെറ ഏററം പരിശുദ്ധമാതാവു ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു പരിഹാരം ചെയ്യണമെന്നുപദേശിച്ചിട്ടു മനുഷ്യർ അതു ഗൗനിച്ചില്ല. ഇപ്പോൾ അവസാനവിനാഴികയിൽ മനുഷ്യരെ ഉപദേശിക്കുന്നതിനും അവൎക്കു മുന്നറിവു കൊടുക്കുന്നതിനും ഞാൻതന്നെ വന്നിരിക്കുന്നു. കാലം അതീവഗൗരവാവഹമായിരിക്കുന്നു. മനുഷ്യർ പരിഹാരം ചെയ്യുകയും തങ്ങളുടെ പാപങ്ങളിൽനിന്നു പിൻതിരിയുകയും പ്രാൎത്ഥിക്കയുംവേണം. ദൈവത്തിൻെറ കോപത്തെ ശമിപ്പിക്കുന്നതിനു വളരെയധികം പ്രാൎത്ഥിക്കണം. വിശേഷിച്ചു കൂടെക്കൂടെ ജപമാല ചൊല്ലണം. ജപമാല ദൈവസന്നിധിയിൽ വളരെ സ്വാധീനശക്തിയുള്ളതാണു. ലൗകികസന്തോഷങ്ങളും വിനോദങ്ങളും വളരെ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ഹീഡ് മാതൃകാരോഗ്യമായ ഒരിടവകയായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇടവകക്കാർ തീർത്ഥകൎക്കു സന്മാതൃകകളായി വൎത്തിക്കണം."

പ്രിയ മക്കളേ, നമ്മുടെ ദിവ്യരക്ഷകൻെറ തിരുവചനങ്ങളിൽനിന്നും ഫാത്തിമാസന്ദേശത്തിൻെറ ഗംഭീരമായ ഗൗരവവും അതിൻെറ അടിയന്തിരസ്വഭാവവും മനസ്സിലാകുന്നുണ്ടല്ലോ. അതിനാൽ ആ സന്ദേശത്തെ നടപ്പിൽവരുത്തുന്നതിനു നാം ഇനി ഒട്ടും താമസിക്കരുതു. അതിനാൽ നമ്മുടെ വത്സലമക്കളെ ഏവരേയും ഫാത്തിമാമാതാവിൻെറ സമീക്ഷയിൽ പ്രാൎത്ഥനയുടെയും പരിഹാരത്തിൻെറയും പരിത്യാഗത്തിൻെറയും ഒരു സമരത്തിനായി നാം സസ്നേഹം ആഹ്വാനം ചെയ്തുകൊള്ളുന്നു. അടുത്ത കൊല്ലം തിരുസഭ കൊണ്ടാടുന്ന വിശുദ്ധവത്സരവും ഇങ്ങനെ ഒരു സമരത്തിനു നമ്മെ ക്ഷണിക്കുന്നുണ്ടു. വിശുദ്ധവത്സരം പശ്ചാത്താപത്തിനും പരിഹാരത്തിനും പാപവിമോചനത്തിനുമുള്ള ഒരു സുവൎണ്ണാവസരമാണല്ലോ. ഈ അവസരത്തെ നാം ഫലപ്രദമായി വിനിയോഗിക്കുന്നതിനു ഫാത്തിമാസന്ദേശത്തിൻെറ പ്രചാരണം പ്രയോജകീഭവിക്കാതിരിക്കയില്ലെന്നു നാം പ്രത്യാശിക്കുന്നു.

മറെറാരു സംഗതിയും നമ്മെ പരിഹാരത്തിനായും പ്രാൎത്ഥനയ്ക്കായും ക്ഷണിക്കുന്നുണ്ടു. അതു മറെറാന്നുമല്ല, നമ്മുടെ ഫാത്തിമാനാഥയുടെ തിരുസ്വരൂപം പോർട്ടുഗലിൽനിന്നു നമ്മെ സന്ദർശിക്കുവാൻ ഇന്ത്യയിലേക്കു, കൊല്ലം രൂപതയിലേക്കു, വരുന്നു എന്ന സന്തോഷപ്രദമായ വാൎത്തയാണു. നമ്മുടെ സ്വർഗ്ഗീയമാതാവിനെ സ്വീകരിക്കുന്നതിനു നാം യഥായോഗ്യം ഒരുങ്ങുകതന്നെ വേണം. ഫാത്തിമാമാതാവിൻെറ അതിമനോഹരമായ രൂപം അഞ്ചുഭൂഖണ്ഡങ്ങളിൽക്കൂടി തീർത്ഥാടനംചെയ്യുന്നതിനു ഫാത്തിമായിൽനിന്നും പുറപ്പെട്ടിരിക്കയാണു. ഈ രൂപം പ്രാൎത്ഥനയുടേയും പരിഹാരത്തിൻേറയും സന്ദേശംവഹിച്ചുകൊണ്ടു ഭൂപ്രദക്ഷിണം ചെയ്തു അവസാനം കത്തോലിക്കാലോകത്തിൻെറ കേന്ദ്രമായ റോമാപുരിയിൽ തീൎത്ഥയാത്ര അവസാനിപ്പിക്കണമെന്നും, നമ്മുടെ സ്വർഗ്ഗീയനാഥയുടെ രൂപം ഒരുപഹാരമായി പരിശുദ്ധപിതാവിനു സമ്മാനിക്കയും തദ്വാരാ അഖിലകത്തോലിക്കാലോകത്തിൻേറയും സുസ്ഥിരമായ ഐകമത്യത്തെ ദ്യോതിപ്പിക്കയും വേണമെന്നുമാണു നിശ്ചയിച്ചിട്ടുള്ളതു. എന്നാൽ ഈ തീൎത്ഥയാത്രയുടെ പരമമായ ഉദ്ദേശം ജനങ്ങളെ പ്രാൎത്ഥനയ്ക്കും പരിഹാരത്തിനുമായി ഉത്തേജിപ്പിക്കുകയെന്നുള്ളതാണു. അതിനായി നമ്മുടെ സ്വർഗ്ഗീയനാഥതന്നെ നമ്മുടെ പക്കലേക്കു എഴുന്നള്ളുന്നു എന്നാണു നാം കരുതേണ്ടതു. അടുത്ത നവംബർമാസത്തിൽ ഫാത്തിമാനാഥയുടെ രൂപം ഗോവായിൽ എത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. നമ്മുടെ രൂപതയിലും ആ തിരുസ്വരൂപം കൊണ്ടുവരുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടു. നമ്മുടെ അമ്മയെ നമ്മുടെ രൂപതയിൽ സ്വാഗതം ചെയ്തു സ്വീകരിക്കുന്നതിനുള്ള മഹാഭാഗ്യം എന്നായിരിക്കുമെന്നും, രൂപതയിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ എല്ലാവൎക്കും സൗകൎയ്യപ്രദമായവിധം സ്വീകരണം നടത്തേണ്ടതാണെന്നും മററുമുള്ള വിവരങ്ങൾ പിന്നാലെ അറിയിച്ചുകൊള്ളാം. നിശ്ചയമായും ഗംഭീരവും രാജോചിതവുമായ ഒരു സ്വീകരണമാണു നാം നമ്മുടെ സ്വർഗ്ഗീയരാജ്ഞിക്കു നൽകേണ്ടതു. അതിൻെറ വിശദപരിപാടികളും യഥാസമയം നിങ്ങളെ അറിയിക്കുന്നതാണു.

എന്നാൽ ഈ സ്വീകരണത്തിനായി കാലേക്കൂട്ടി ആദ്ധ്യാത്മികമായ വിധത്തിൽ നാം ഒരുങ്ങേണ്ടിയിരിക്കുന്നു. നിങ്ങളെ അതിനായി ഒരുക്കുക എന്നുള്ളതാണു ഈ ലേഖനത്തിൻെറ പ്രധാനമായ ഉദ്ദേശം. ആദ്ധ്യാത്മികമായ എന്തൊരുക്കമാണു നാമേവരും ചെയ്യേണ്ടതു? ഈ ഒരുക്കം മറെറാന്നുമല്ല, നമ്മുടെ അമ്മയുടെ ഫാത്തിമാസന്ദേശനിൎവ്വഹണം മാത്രമാണു. ആ സന്ദേശത്തിൻെറ താൽപര്യപ്രകാരം ഏതാനും സംഗതികൾ നാം ഇവിടെ നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശങ്ങളനുസരിച്ചു പ്രവൎത്തിക്കുന്നുവെങ്കിൽ നാം നമ്മുടെ അമ്മയെ സ്വീകരിക്കുന്നതിനു യോഗ്യരും ഒരുക്കമുള്ളവരുമായിരിക്കുന്നതാണു.

1 പ്രതിദിനം എല്ലാഭവനങ്ങളിലും ഭക്തിപൂൎവ്വം ജപമാല പ്രാൎത്ഥിക്കുക. കൊന്തയുടെ ഓരോ ദശകത്തിനും (പത്തു നന്മനിറഞ്ഞമറിയത്തിനും തിത്വസ്തുതിക്കും) ശേഷം "എൻെറ ഈശോ എൻെറ പാപങ്ങൾ പൊറുക്കേണമെ. നരകാഗ്നിയിൽനിന്നും എന്നെ കാത്തുകൊള്ളേണമെ. നിർഭാഗ്യരായ സകലാത്മാക്കളേയും സ്വർഗ്ഗത്തിലേക്കാനയിക്കേണമെ. വിശേഷിച്ചു അങ്ങേ കാരുണ്യം ഏററം ആവശ്യമായിരിക്കുന്നവരെ സഹായിക്കുകയും ചെയ്യേണമെ" എന്ന പ്രാൎത്ഥന ചൊല്ലണം.

2 നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനും പാപികളുടെ മാനസാന്തരത്തിനുമായി കൂടുതൽ പ്രാൎത്ഥിക്കുകയും സഹനങ്ങളും ത്യാഗങ്ങളും അനുഷ്ഠിക്കുകയും ചെയ്യുക.

3 പരിശുദ്ധമറിയത്തിൻെറ വിമലഹൃദയത്തോടുള്ള ഭക്തി നമ്മിൽ ജനിപ്പിക്കുന്നതിനും വളൎത്തുന്നതിനുമായി മാസാദ്യശനിയാഴ്ചകളെ ആചരിക്കുക. ഇതിനാവശ്യമായിരിക്കുന്നതു കുമ്പസാരം, ദിവ്യകാരുണ്യസ്വീകരണം, ജപമാല, ജപമാലരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം എന്നിവയാണു.

4 ഫാത്തിമാസന്ദേശം പ്രാവൎത്തികമാക്കുന്നതിനു നമുക്കു വളരെ സഹായകമായിരിക്കുന്ന "വിമലഹൃദയത്തിൻെറ പരിഹാരസഖ്യത" എന്ന സംഘത്തിൽ ചേൎന്നു അതിലെ ചുമതലകളെ നിറവേററുക.

5 കൊമ്പ്രിയസഖ്യത, പ്രേഷിതസഖ്യത, തിരുഹൃദയസഖ്യത, സൊഡാലിററി, ദിവ്യകാരുണ്യബാലസൈന്യം ആദിയായ ഭക്തസഖ്യതകളുടെ അംഗങ്ങൾ ഫാത്തിമാസന്ദേശം മനസ്സിലാക്കി അതു അക്ഷരംപ്രതി നിറവേററുന്നതിൽ മററുള്ളവൎക്കു സന്മാതൃകകളും, ഓരോ അംഗവും ഈ സന്ദേശത്തെ പ്രചരിപ്പിക്കുന്നതിനായിദൃഢപ്രതിജ്ഞ ചെയ്തിട്ടുള്ള അപ്പസ്തോലനുമായിരിക്കണമെന്നും നാം ആഗ്രഹിക്കുന്നു.

6 ബഹു. ഇടവകയച്ചന്മാർ വേണ്ട ഉപദേശങ്ങളാലും വിശദീകരണങ്ങളാലും മററു സഹായസഹകരണങ്ങളാലും ഈ നിർദ്ദേശങ്ങൾ വിശ്വാസികൾ അനുസരിക്കുന്നതിനു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കണമെന്നും നാം പ്രത്യേകം നിർദ്ദേശിച്ചുകൊള്ളുന്നു... ...

ഫാത്തിമാമാതാവു നിങ്ങളെ ഏവരേയും അനുഗ്രഹിക്കട്ടെ! എല്ലാവൎക്കും നമ്മുടെ പൈതൃകമായ ആശീൎവ്വാദം.

## GLEANINGS

### Mother of a Priest

Eight children bore she, seven for the world—
And one returned to God. Now tear-dimmed sight
Follows this son's first Mass, watches him move
Before her on the altar, robed in white.
"I am not worthy, Lord," her humble thought.
"Is this the little boy whose hurt I kissed?
Is this the child, who, heedless of my law,
Swam in March creeks, and evening prayer-time missed?"
"My John is Father John. How strong and sure
His hands upon the chalice. Now I see
That he was never mine—except to guide
Along the path—this priest You meant to be."
—Nor does she know the blessings of this Mass
Showered on her, as dew on worthy grass.

*—Alma Roberts Giordan*

### For Bankers

"The influence of banks is enormous. They are channels of credit. They provide capital for commerce, agriculture and industry. They have as a result great social influence. The economic system as it functions today cannot exist without bank credit. Banks control the flow of money. It is, therefore, essential that they avoid harmful practices which violate equity, and endanger the well-being of the people; that they promote a sound economy and a healthy social order. This demands on the part of the directors and employees of banks a knowledge of economic problems, a social sense, an exact conscience and good faith".—Pope Pius XII to a delegation of officials and employees of the Bank of Naples, June 22, '48

### It Can Be Sinful

For citizens not to exercise the right to vote can be sinful. Suffrage is more than a cherished privilege accorded free men living under a democratic government. It is a civic duty that binds all qualified citizens ..................................The American system of electing nation, depend upon the intelligent, honest participation of all qualified citizens in government processes. The American system of electing public officials is a vital form of civic activity. The selection of our governing officials from the ward alderman to the post of Chief Executive of the nation warrants gravest consideration and forthright action on the part of every voter. Almost every year at election time, locally and nationally, issues that effect the very foundations of Christian and democratic society are brought to the fore. It is not fulfilling the duties of citizenship to "let others think about these things".

Serious consideration must be given to the merits, character and qualifications of candidates for public office. To govern the destinies of people a man must possess integrity of character, a private life free from grave scandal, as well as ability that fits him for his particular task. Citizens must also study the issues that are submitted for voting consideration. These must be measured in accordance with the norms of God's Laws and against the background of national traditions and convictions. To preserve the right of voting, all must equip themselves to intelligently exercise the franchise.

Failure in this regard can result in injury to the common good. It is a neglect of duty. It can be sinful.

(*Evangelist*)


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam